# കരയോഗ സൗഹൃദം

*സത്യം പരം ധീമഹി*

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 | ലക്കം - 2 | മകരം - 1194 | ഫെബ്രുവരി 2019







ശ്രീ.കെ.ആർ.നമ്പ്യാരുടെ നേതൃത്വത്തിൽ കരയോഗത്തിൽ നടത്തിവരുന്ന വേദാന്ത പഠനക്ലാസ്സിന്റെ അഞ്ചാമത് വാർഷികം ജസ്റ്റിസ് എം.രാമചന്ദ്രൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. കെ.പി.കെ. മേനോൻ, ശ്രീ. കെ.ആർ.നമ്പ്യാർ, ശ്രീ. രാജേന്ദ്രൻ, ഇൻകം ടാക്സ് ചീഫ് കമ്മീഷണർ (റിട്ട.) തുടങ്ങിയവർ സമീപം.


## എറണാകുളം കരയോഗം നവതി സ്മാരക ഗുരുവായൂർ ഗസ്റ്റ് ഹൗസ്

കാരക്കാട്ട് റോഡ്, തെക്കേ നട, ഗുരുവായൂർ-680 101



*നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു....*

**പ്രിവിലേജ് കാർഡ് സ്കീം.**

**ആദ്യം അപേക്ഷിക്കുന്ന 750 പേർക്ക് മാത്രം**

***കൂടുതൽ വിവരങ്ങൾക്ക്***
*എറണാകുളം കരയോഗം,*
*ഫോൺ: +91-484-2361160, 2369589*
*E-mail:ekmkgm@gmail.com,*
*www.ernakulamkarayogam.com*
*Mob App : Ernakulam Karayogam*

## ഗുരുവായൂർ ഗസ്റ്റ് ഹൗസ് ബോണ്ട് സ്കീം

**കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്**



**എറണാകുളം കരയോഗം ഗുരുവായൂരിൽ നിർമ്മിക്കുന്ന നവതി സ്മാരക ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ ജോലികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തോടനുബന്ധിച്ച് ധനസമാഹരണത്തിനായി എറണാകുളം കരയോഗം ആകർഷണീയമായ ബോണ്ട് സ്കീം അംഗങ്ങൾക്കായി ആവിഷ്ക്കരിച്ചിരിക്കുന്നു. പ്രസ്തുത സ്കീമിൽ 77,000 രൂപ 42 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,01,000 രൂപയും 66 മാസത്തേക്ക് നിക്ഷേപിക്കുന്നവർക്ക് 1,21,000 രൂപയും യഥാക്രമം ലഭിക്കുന്നതാണ്.**

For Details: TDM Hall Complex, D H Road, Kochi-682 016, Ph: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com




എഡിറ്റോറിയൽ

# കേന്ദ്രസർക്കാരിന് അഭിനന്ദനങ്ങൾ

സാമൂഹ്യ നീതിക്കായി വർഷങ്ങളായി കാത്തിരുന്ന ഒരു ജനവിഭാഗത്തിന് സർക്കാർ ജോലിയിലും വിദ്യാഭ്യാസമേഖലയിലും 10% സാമ്പത്തിക സംവരണം നൽകി അല്പം ആശ്വാസം പകർന്ന കേന്ദ്ര സർക്കാരിന് അഭിനന്ദനങ്ങൾ അർപ്പിച്ചു കൊണ്ട് വിഷയത്തിലേക്കു കടക്കട്ടെ.

സർക്കാർ ജോലികളിലും വിദ്യാഭ്യാസ മേഖലകളിലുമെന്നല്ല ജീവിതത്തിന്റെ സമസ്ഥമേഖലകളിലും പൊതുധാരയിൽ നിന്ന് അശാസ്ത്രീയമായ ജാതി സംവരണം മൂലം ഏറെ പിന്തള്ളപ്പെട്ടു പോയ ഒരു വലിയ സമൂഹമുണ്ട് നമ്മുടെ ഈ ഭാരതത്തിൽ. എല്ലാവർക്കും തുല്യനീതിയും തുല്യ അവസരവും ലഭ്യമാവണമെന്ന് ഉത്ഘോഷിക്കുന്ന ഭരണഘടന അനുസരിച്ച് ഭരണം നടക്കുന്ന ഒരു ജനാധിപത്യ മതേതര രാജ്യത്താണ് ഈ കടുത്ത അനീതി നിലനിൽക്കുന്നത് എന്ന സത്യം നാം ഓർക്കണം.

ആറര പതിറ്റാണ്ടിലേറെകാലമായി സമൂഹത്തിൽ ഏറെ അസുന്തലിതാവസ്ഥ സൃഷ്ടിച്ച ഈ നിയമം നടപ്പിലാക്കിയിട്ട്. വെറും 10 വർഷത്തേക്കു മാത്രം എന്നു പറഞ്ഞു കൊണ്ട് തുടങ്ങിവച്ച പക്ഷപാതപരമായ ഈ സംവരണ സമ്പ്രദായം പിന്നീട് വോട്ട്ബാങ്ക് പ്രീണനത്തിനായി നീട്ടി നീട്ടി ഇത്രയും കാലം കഴിഞ്ഞു – ഇന്നും തുടരുന്നു. ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിൽ ജനങ്ങളെ വിഭജിച്ച് , തരം തിരിച്ച് വിദ്യാഭ്യാസവസരങ്ങളും സർക്കാർ ജോലിയുമെന്നുവേണ്ട മറ്റു ആനുകൂല്യങ്ങൾ പോലും നൽകുന്ന അതിനീചമായ അവസ്ഥയാണ് ഇതിലൂടെ സംജാതമായത് – ഇന്നും നിലനിൽക്കുന്നതും ഈ സംവരണ സമ്പ്രദായം തുടങ്ങിയിട്ട് ആറര പതിറ്റാണ്ട് കഴിഞ്ഞിരിക്കുന്നു. ഓരോ പത്തു വർഷം കഴിയുമ്പോഴും സംവരാണാനുകൂല്യം ലഭിക്കുന്നവരുടെ സാമൂഹ്യ വിദ്യാഭ്യാസ സാമ്പത്തിക സ്ഥിതി

# ഉള്ളടക്കം


വാല്യം 12 | ലക്കം 2 | ഫെബ്രുവരി 2019



എഡിറ്റോറിയൽ 3
ജനറൽ സെക്രട്ടറിയുടെ പംക്തി 6
എറണാകുളം കരയോഗം പ്രതിമാസ പരിപാടി 7
ബാലലോകം 8
രാഗപരിചയം 9
വാസ്തു 10
ഭാരതത്തിലെ ഋഷികവികൾ 11
ക്ഷേത്രങ്ങളിലൂടെ 14
മഹാഭാരത കഥ 18
ഹരിസുധാലഹരി 22
പാതഞ്ജലയോഗ ദർശനം 23
ഉത്തര രാമായണത്തിലൂടെ 25
ആദരാഞ്ജലികൾ 31
തപസ്സ് 32
ഭാരതീയ സനാതനധർമ്മത്തിന്റെ
അതുല്യ സവിശേഷത 35
ചെവിയുടെ ബാലൻസ് തെറ്റുമ്പോൾ 37
രാസോല്ലാസം 38
കുഞ്ഞുണ്ണിക്കവിത 39
ക്ഷേത്രവും തന്ത്രിയും 42
സ്വപ്നങ്ങൾ സ്വർഗ്ഗകുമാരികൾ 44
ജഗദ് ഗുരു ശ്രീ ശങ്കരാചാര്യർ 46
മഴമേഘങ്ങൾ 48
നമ്മുടെ ഗതാഗതം 51
എറണാകുളം കരയോഗം
പി.എസ്. ഗോപിനാഥൻ നായർ അവാർഡ്-2019 53
മാസഫലം 56
മാട്രിമോണിയൽ 57-66


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

അവലോകനം ചെയ്യപ്പെടേണ്ടതാണ്. ജാതിമതാടിസ്ഥാനത്തിലാണല്ലോ ഇന്ന് ഇവയെല്ലാം പരിഗണിക്കപ്പെടുന്നത്. അതല്ല വേണ്ടതെങ്കിൽ കൂടി, ഇന്ന് നടപ്പാക്കിയിരിക്കുന്ന സമ്പ്രദായമെന്ന നിലയ്ക്ക് ഏറെക്കാലമായി സംവരണാനുകൂല്യങ്ങൾ അനുഭവിച്ചിട്ടുള്ള സമുദായങ്ങളുടെ ഇന്നത്തെ അവസ്ഥ വിലയിരുത്തപ്പെടേണ്ടതാണ്. ഓരോ സമുദായത്തിന്റെയും സാമൂഹ്യ പുരോഗതിയും അതിലൂടെ നേടിയിട്ടുള്ള സാമ്പത്തിക വളർച്ചയും വിദ്യാഭ്യാസ നിലവാരവും എല്ലാം പുനപരിശോധനയ്ക്ക് വിധേയമാക്കണം. ഏറ്റവും പ്രധാനമായി ഓരോ വിഭാഗങ്ങളുടെയും അധീനതയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് മെഡിക്കൽ, എഞ്ചിനിയറിംങ് തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രത്യേക പരിഗണനന നൽകി വേണം സാമൂഹ്യ വിദ്യാഭ്യാസ മാറ്റം വിലയിരുത്തേണ്ടത്. അതുപോലെ വ്യവസായ സ്ഥാപനങ്ങൾ, വാഹനങ്ങൾ എല്ലാം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. പുനപരിശോധനയിൽ നിലമെച്ചപ്പെട്ടിട്ടുള്ള സമുദായങ്ങളെ സംവരണസമുദായ പട്ടികയിൽ നിന്ന് നീക്കം ചെയ്യുകയും വേണം. ഒരിക്കൽ ആനൂകൂല്യം ലഭിച്ചവർക്ക് അത് അനന്തമായി നീട്ടിക്കൊടുക്കുകയും ലഭിക്കാതെ പുറംതള്ളപ്പെട്ടു പോയവരെ എന്നും സർക്കാർ ആനൂകൂല്യങ്ങളിൽ നിന്നും പുറത്ത് നിർത്തുന്നതും ഒരു ജനാധിപത്യ മര്യാദ അല്ലല്ലോ? ഇനി പത്തു വർഷം കൊണ്ട് പ്രയോജനപ്പെടുത്തേണ്ട ഈ സമ്പ്രദായം ഇത്രയും കാലം തുടർന്ന് നൽകിയിട്ടും ഇതുവരെയും ഇതിന്റെ ഗുണഭോക്താക്കൾ ഉദ്ധരിക്കപ്പെട്ടിട്ടില്ലെങ്കിൽ തീർച്ചയായും ഈ സമ്പ്രദായം അശാസ്ത്രീയമാണ്, ആർക്കും ഗുണം ചെയ്യുന്നതുമല്ല. അതുകൊണ്ട് അടിയന്തിരമായി ഈ സമ്പ്രദായത്തെതന്നെ പുനർവിചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. ഇതു മൂലം സംവരണ വിഭാഗത്തിൽപ്പെട്ട ചില ഉന്നതന്മാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമാണ് പ്രയോജനം ലഭിക്കുന്നത്. സമൂഹത്തിൽ സ്ഥാനമാനങ്ങളുള്ള, സ്വാധീനമുള്ള ചുരുക്കം ചിലർ ഇതുകൊണ്ട് കൂടുതൽ കൂടുതൽ സമ്പന്നരായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സംവരണം കൊണ്ട് ഉദ്ദേശിച്ച ഫലം കിട്ടണമെങ്കിൽ അത് പാവപ്പെട്ടവർക്കു മാത്രമായി നിജപ്പെടുത്തുക, ജാതി മത വിഭാഗീയ ചിന്തകൾക്ക് അതീതമായി എല്ലാ പാവപ്പെട്ടവർക്കും സംവരണാനുകൂല്യം നൽകുക എങ്കിലെ അത് ഗുണപ്രദമാകൂ, ലക്ഷ്യം കാണൂ.

ഇങ്ങനെ ജനങ്ങളെ സർക്കാർ തന്നെ ജാതി മതാടിസ്ഥാനത്തിൽ വിഭജിച്ച് ആനുകൂല്യങ്ങൾ നൽകുന്നതുകൊണ്ടാണ് അവരും ജാതീയമായും മതപരമായും ഒക്കെ സംഘടിച്ച്, പല പല ജാതി മത തുരുത്തുകൾ സൃഷ്ടിച്ച് സമൂഹത്തിൽ വിള്ളലുണ്ടാക്കുന്നത്. രാജ്യഭരണം ഏറ്റെടുക്കേണ്ട ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിൽ വരെ ജാതി മത സ്വാധീനം ഏറെയുണ്ട് എന്ന അപകടകരമായ അവസ്ഥയും നാം വിസ്മരിച്ചു കൂടാ. ഭരണഘടനയിൽ സാമൂഹ്യമായും, വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്നവർ എന്നു പറഞ്ഞിരിക്കുന്നതിൽ , സാമൂഹ്യമായി എന്നുള്ളതിനെ ജാതീയമായി എന്ന് വ്യാഖ്യാനിച്ച്, ജാതി അടിസ്ഥാനത്തിൽ സംവരണ സമ്പ്രദായം തുടങ്ങിവെച്ച അന്നത്തെ സർക്കാരാണ് ഈ കാണുന്ന വിഭാഗീയതകൾക്കും, ചേരിതിരുവിനും പരസ്പര മാത്സര്യങ്ങൾക്കും ഇടയാക്കിയത്. ഇന്നും അത് നടപ്പാക്കിയവർ അതേ നിലപാടിൽ തന്നെ നിൽക്കുന്നു എന്നുള്ളതാണ് ഖേദകരം. ഒരു ജനത എന്ന നിലയിൽ, ഒന്നിച്ച് നിന്ന് തോളോട് തോൾ ചേർന്ന് രാഷ്ട്ര പുരോഗതിക്കുവേണ്ടി പ്രയത്നിക്കേണ്ട ഈ നാട്ടിലെ പൗരന്മാരെ പല തട്ടുകളിലാക്കി വിഭജിച്ചതും, ഈ ജാതി സംവരണം തന്നെ.

സംവരണേതരർ എന്ന് എല്ലാവരാലും അവഗണിക്കപ്പെട്ടു കിടന്ന, ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്ന, അത്താഴ പട്ടിണിക്കാരായ, പരമദരിദ്രരായ യഥാർത്ഥ പിന്നോക്കക്കാരെ, ചില പ്രത്യേക ജാതികളിൽ ജനിച്ചു പോയി എന്ന ഒറ്റകാരണം കൊണ്ട് മുന്നോക്കക്കാരെന്ന മുദ്രകുത്തി സമൂഹപ്രയാണത്തിന്റെ പൊതുധാരയിൽ നിന്നും ഏറെ അകറ്റിനിർത്തി, പിന്തള്ളപ്പെടുന്ന കാഴ്ചയായിരുന്നു ഇതപര്യന്തം നമ്മൾ കണ്ടുകൊണ്ടിരുന്നത്. മുന്നോക്കകാരെന്നു വിളിച്ച് ആക്ഷേപിക്കുന്ന ഈ പാവങ്ങൾ ഒരു സംഘടിത വോട്ടുബാങ്ക് അല്ല എന്നുള്ളതാണ് രാഷ്ട്രീയക്കാരാലും ഇവർ അവഗണിക്കപ്പെടാൻ കാരണം. കോടീശ്വരന്മാരുടെ മക്കൾ ജാതിയുടേയും മതത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ആനുകൂല്യങ്ങൾ നേടിയെടുക്കുമ്പോൾ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാതെ ഈ പാവങ്ങളുടെ മക്കൾ ഈശ്വരാ എന്നു വിളിച്ചുകൊണ്ട് നെഞ്ചുരുകി കരയുന്ന കാഴ്ചയാണ് ഇത്രനാളും നാം കണ്ടിരുന്നത്. എന്നാൽ ഇന്നിതാ, ദാരിദ്ര്യത്തിന് 'ജാതിയും, മതുവുമില്ല' എന്ന പരമമായ സത്യത്തെ ഉൾക്കൊണ്ടുകൊണ്ട് ദാരിദ്ര്യത്തിന്റെ തീവ്രത അറിഞ്ഞനുഭവിച്ചിട്ടുള്ള, വളരെ താണനിലയിൽ നിന്നും ഔന്നൃത്തിന്റെ പടവുകൾ ഒന്നൊന്നായി ചവിട്ടി കയ





റി, ഭാരതത്തിന്റെ പ്രധാനമന്ത്രിപദം വരെ എത്തിയ യഥാർത്ഥ മനുഷ്യ സ്നേഹിയും കർമ്മധീരനുമായ നരേന്ദ്ര ദാമോദർ ദാസ് മോഡി എന്ന നമ്മുടെ പ്രധാനമന്ത്രി, എല്ലാവരാലും അവഗണിക്കപ്പെട്ടു കിടന്നിരുന്ന സംവരണേതരരുടെ കണ്ണീരൊപ്പുവാൻ തയ്യാറായി വേണ്ട നിയമനിർമ്മാണം നടത്തിയിരിക്കുന്നു. ഭരണഘടയുടെ 124 –ാം ഭേദഗതിയിലൂടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംവരണേതര വിഭാഗത്തിൽപെട്ടവർക്ക് വിദ്യാഭ്യാസത്തിലും, സർക്കാർ ജോലിയിലും 10% സംവരണം ഏർപ്പെടുത്തിക്കൊണ്ട് ഭരണഘടന ഭേദഗതി ചെയ്ത്, ലോകസഭയുടെയും. രാജ്യസഭയുടേയും അംഗീകാരം നേടി നിയമമാക്കിയിരിക്കുന്നു. രാഷ്ടീയാഭിപ്രായവ്യത്യാസം ഉള്ളവർപോലും ഇക്കാര്യത്തിൽ അനുകൂലിച്ച് വോട്ടു ചെയ്തുവെന്നത് സന്തോഷത്തിന് വക നൽകുന്നുണ്ട്. പ്രശ്നത്തിന്റെ രൂക്ഷതയെത്രയെന്ന് എല്ലാവരും മനസ്സിലാക്കിയിരിക്കുന്നു. എന്നാൽ വളരെ ഖേദകരമെന്നു പറയട്ടെ ന്യൂനപക്ഷാനുകൂല്യങ്ങളും OBC ആനുകൂല്യങ്ങളും ഒന്നിച്ചനുഭവിക്കുന്ന മൂന്ന് എം. പി മാർ എതിർത്ത് വോട്ടു ചെയ്തു. മുന്നോക്കക്കാർ എന്നു വിളിക്കുന്ന ഈ പാവങ്ങളുടെ വോട്ടു കൂടി ലഭിച്ചതു കൊണ്ടാണ് നിങ്ങൾ ഇന്ന് എം. പി മാരായതെന്നുള്ളത് വിസ്മരിക്കരുതെന്ന് മാത്രമെ ഇത്തരുണത്തിൽ അവരോട് പറയുവാനുള്ളൂ. ഇനിയും ഇലക്ഷൻ വരുമെന്ന ഒരു മുന്നറിയിപ്പും. എന്തുതന്നെയായാലും ജാതി മത ശക്തികളുടെ എല്ലാ പ്രതിലോമ പ്രവർത്തനങ്ങളേയും അതിജീവിച്ച്, ധീരമായ നടപടി കൈക്കൊണ്ട്, ഭരണഘടനാ ഭേദഗതിയുടെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10% സംവരണം ഏർപ്പെടുത്തിയ കേന്ദ്രസർക്കാരിനും അതിന് മുൻകയ്യെടുത്ത പ്രധാനമന്ത്രിക്കും ഞങ്ങളുടെ അകമഴിഞ്ഞ, ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

മറ്റാരുടേയും സംവരണതോതിൽ യാതൊരു കുറവും വരുത്താതെ ജനറൽ ക്വോട്ടയിൽ നിന്നും 10% സാമ്പത്തിക സംവരണത്തിന് നീക്കി വെയ്ക്കുകയായിരുന്നു സർക്കാർ ചെയ്തത്. എന്നിട്ടും ഓന്തിനെപ്പോലെ നിറം മാറുകയും അറുപത് നാഴികക്കുള്ളിൽ അറുപത്തഞ്ച് പ്രാവശ്യം അഭിപ്രായം മാറ്റി പറയുകയും ചെയ്യുന്ന, അസൂയയുടെയും, അഴിമതിയുടെയും ആൾരൂപമായ ഒരു സമുദായ നേതാവ് കേന്ദ്രസർക്കാർ ചെയ്ത ഈ സത്പ്രവർത്തിയെ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കുന്നതായും കണ്ടു. എല്ലാം തങ്ങൾക്കു മാത്രമായി വേണം മറ്റുള്ളവർക്കാർക്കും ഒന്നും പാടില്ല എന്ന അത്യാർത്തിയും ദുഷ്ചിന്തയുമുള്ളവർക്ക് മാത്രമേ നിരുപദ്രവകരമായ ഈ നിയമത്തെ എതിർക്കാൻ കഴിയൂ. ജാതി മത ചിന്തകൾക്കതീതമായി, മാനവീകതയ്ക്ക് പ്രാമുഖ്യം നല്കി മുന്നേറേണ്ട ഒരു സംഘടന ഈ ദുർമ്മദന്റെ ദുഷ്ചെയ്തികൾ കൊണ്ട് അവമതിക്കപ്പെട്ടു പോകുന്നല്ലോ എന്നുള്ള ദു:ഖമാണ് സഹോദരസംഘടനകൾക്കുള്ളത്. മറ്റെന്നെത്തെക്കാളുമുപരി , ഹിന്ദു ഐക്യം കാലത്തിന്റെ ആവശ്യമായി മാറിയിരിക്കുന്ന ഈ അത്യാവശ്യഘട്ടത്തിൽ പോലും അതിനെയും പിന്നിൽ നിന്നു കുത്തി പാര പണിയുന്നതും ദുഷ്ടനായ ഈ 'ചന്തു'തന്നെയെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. കാലം എല്ലാം ശരിയാക്കും. അധർമ്മികൾക്ക് അധികകാലം പിടിച്ചു നിൽക്കാൻ കഴിയില്ലല്ലോ?.

കഴിഞ്ഞ 60 ൽ പരം വർഷങ്ങളായി സാമ്പത്തിക സംവരണം എന്ന തികച്ചും ന്യായമായ ആവശ്യം നേടിയെടുക്കാനായി അക്ഷീണപരിശ്രമം നടത്തിയ നായർ സർവ്വീസ് സൊസൈറ്റിയുടെ എല്ലാ നേതാക്കൾക്കും അഭിനന്ദനങ്ങൾ അർപ്പിക്കുന്നു. ഇതു മാത്രമല്ല, കഴിഞ്ഞ ആറേഴു പതിറ്റാണ്ടുകളായി ദുരിതത്തിന്റെ കയ്പുനീർ കുടിച്ച് വീർപ്പുമുട്ടി കഴിഞ്ഞിരുന്ന പല മേഖലകളിലുമുള്ള കോടികണക്കിന് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും കഴിഞ്ഞ നാലര വർഷം കൊണ്ട് ഉചിതമായ നിയമനിർമ്മാണങ്ങളിലൂടെ ഏറെ ആശ്വാസം പകർന്ന കേന്ദ്രസർക്കാരിന് അനുമോദനത്തിന്റെ പൂച്ചെണ്ടുകളും എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

## വേദാന്ത പഠനക്ലാസ്സ്

**എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ**
**ശ്രീ.കെ.ആർ നമ്പ്യാരുടെ നേതൃത്വത്തിൽ വേദാന്ത പഠനക്ലാസ്സ്**
**എല്ലാ ശനിയാഴ്ചയും രാവിലെ 10.00ന് ഉണ്ടായിരിക്കുന്നതാണ്.**

# ജനറൽ സെക്രട്ടറിയുടെ പംക്തി

എറണാകുളം കരയോഗം നവതി സ്മാരകമായി ഗുരുവായൂരിൽ നിർമ്മിക്കുന്ന അതിഥി മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. അടുത്ത വർഷം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് സേവനം നല്കുവാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു.

2017 ഡിസംബർ 14ന് തറക്കല്ലിട്ട്, 2018 മാർച്ച് 20ന് നിർമ്മാണം ആരംഭിച്ച കെട്ടിടത്തിന്റെ സിവിൽ ജോലികൾ 90% പൂർത്തിയായി കഴിഞ്ഞു. അടുത്ത 7-8 മാസത്തിനുള്ളിൽ പണി പൂർത്തിയാവും. 20 കോടി രൂപ മുതൽമുടക്കുള്ള ഈ സ്വപ്ന പദ്ധതി എറണാകുളം കരയോഗത്തിലെ ഓരോ അംഗത്തിനും അഭിമാനിക്കുവാനും അവിടുത്തെ സേവനങ്ങൾ മിതമായ നിരക്കിൽ ഉപയോഗപ്പെടുത്തുവാനും കഴിയുന്നതാണ്. അതിലേക്കായി കരയോഗാംഗങ്ങളുടെ എല്ലാവിധ സഹായവും ഉണ്ടാവണം. ഈ പദ്ധതിക്കായി 10 കൊല്ലത്തേയ്ക്ക് വാടക കൂടാതെ മാസത്തിൽ ഒരു ദിവസവും അല്ലെങ്കിൽ കൊല്ലത്തിൽ 12 ദിവസവും താമസിക്കുന്നതിന് 1 ലക്ഷം രൂപ മുൻകൂറായി നല്കുന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കരയോഗാംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഈ അവസരം ഉപയോഗപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം, 2019 മാർച്ച് 31 വരെ മാത്രമാണ് ഈ പദ്ധതിയുടെ കാലാവധി നിശ്ചയിച്ചിരിക്കുന്നതെന്നും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

കൂടാതെ കരയോഗാംഗങ്ങൾക്ക് അവരുടെ നിക്ഷേപത്തിന് നല്ല പലിശ നല്കുന്ന ബോണ്ട് സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ട്. 77,000/- രൂപ മൂന്നര കൊല്ലത്തെയ്ക്ക് നിക്ഷേപിച്ചാൽ 1,01,000/- രൂപയും അഞ്ചര കൊല്ലത്തെയ്ക്ക് നിക്ഷേപിച്ചാൽ 1,21,000/- രൂപയും തിരികെ നല്കുന്ന നിക്ഷേപ ധനസമാഹരണത്തിലും അംഗങ്ങൾക്ക് പങ്കാളികളാകാവുന്നതും ഈ സേവന മേഖലയിൽ നിങ്ങളുടേതായ പങ്കുവഹിക്കുവാനുള്ള അവസരവുമുണ്ട് എന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു. മേൽപറഞ്ഞ രണ്ടു കാര്യങ്ങളുടെയും വിശദവിവരങ്ങൾ ലഘുലേഖയായി, നിബന്ധനകൾക്ക് വിധേയമായി കരയോഗം ഓഫീസിൽ നിന്ന് ലഭിക്കുന്നതായിരിക്കും. പ്രസ്തുത പദ്ധതിയുടെ വിജയത്തിനായി നിങ്ങളുടെ ഏവരുടെയും എല്ലാവിധ സഹകരണവും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ഫെബ്രുവരി മാസം 9-ാം തീയതി കരയോഗം കഥകളി ക്ലബ്ബിന്റെ 61-ാം വാർഷികവും 24-ാമത് കളഹംസം,തൗര്യത്രികം അവാർഡുകളും വിതരണം ചെയ്യപ്പെടുകയുണ്ടായ വിവരം സസന്തോഷം അറിയിട്ടുകൊള്ളട്ടെ. ഇതു സംബന്ധിച്ച് അറിയിപ്പുകൾ മുൻലക്കത്തിൽ അംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കളഹംസം വേഷത്തിൽ കലാനിലയം ഗോപിയും തൗര്യത്രികം കഥകളി സംഗീതത്തിന് പത്തിയൂർ ശങ്കരൻകുട്ടിയും ചെണ്ടയിൽ കലാഭാരതി ഉണ്ണിക്കൃഷ്ണനും മദ്ദളത്തിൽ കോട്ടക്കൽ രാധാകൃഷ്ണനും ചുട്ടിക്ക് കലാമണ്ഡലം രാജു ജോണും ചമയത്തിൽ എരൂർ ശശിയും അവാർഡിനർഹരായി. ഫെബ്രുവരി 9 ന് വാർഷികദിനത്തിൽ നടന്ന സാംസ്കാരിക സമ്മേളനത്തിൽവെച്ച് കഥകളി ആചാര്യനായ പത്മശ്രീ ഡോ.കലാമണ്ഡലം ഗോപിയാശാനെ ആദരിക്കുകയും ഒപ്പം പ്രശസ്ത കലാകാരൻമാർ അണിനിരന്ന കഥകളീ അവതരണവും നടത്തപ്പെട്ടു. ശ്രീ. പ്രസാദ് പണിക്കർ, എക്സിക്യൂട്ടിവ് ഡയറക്ടർ, ബിപിസിഎൽ, കൊച്ചി റിഫൈനറി, ശ്രീ.ബിമൽ രാജ്, മുൻപ്രസിഡന്റ്, പത്തനംതിട്ട കഥകളിക്ലബ്ബ് എന്നീ വിശിഷ്ട വ്യക്തികളുടെ സാന്നിദ്ധ്യം പരിപാടിക്ക് ഏറെ മിഴിവേകി.

എറണാകുളം കരയോഗത്തിന്റെ 32-ാമത് ശ്രീമദ് ഭാഗവത സപ്താഹയജ്ഞം ഫെബ്രുവരി 17 മുതൽ 24 വരെ ബ്രഹ്മശ്രീ ആയടം കേശവൻ നമ്പൂതിരി ആചാര്യനായും ശ്രീ.എം.രാമസ്വാമി (രമണി), ശ്രീ.രാജേഷ് നമ്പൂതിരി കുറുമശ്ശേരി എന്നിവർ സഹ ആചാര്യന്മാരായും നടത്തപ്പെടുന്നു. 17 ന് രാവിലെ 8 മണിക്ക് നാരായണീയ പാരായണവും സർവ്വൈശ്വര്യ പൂജയും ഉണ്ടായിരിക്കും. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ ഈ ലക്കം സൗഹൃദത്തിൽ നല്കിയിട്ടുണ്ട്.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 16ന് വൈകുന്നേരം





5.00 മണിക്ക് 'അമോർ' സിനിമാപ്രദർശനം ടിഡിഎം ഹാൾ നർമ്മദയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ അശ്വതി നായർ&ശ്രീകാന്ത് അവതരിപ്പിക്കുന്ന 'ഭരതനാട്യം' ഫെബ്രുവരി 22ന് വെള്ളിയാഴ്ച വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

*ജനറൽ സെക്രട്ടറി*

## എറണാകുളം കരയോഗം
## 16.02.2019 മുതൽ 15.03.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.2.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് - സിനിമ - അമോർ |
| 17.2.2019 | ഞായർ | 8.00 a.m. | : നാരായണീയ സർവൈശ്വര്യ പൂജ |
| | | 3.30 p.m. | ശ്രീമദ് ഭാഗവത സപ്താഹം സമാരംഭം |
| 22.2.2019 | വെള്ളി | 6.30 p.m. | : ബീം പ്രതിമാസ പരിപാടി--ഭരതനാട്യം- അശ്വതി നായർ&ശ്രീകാന്ത് |
| 23.2.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 24.2.2019 | ഞായർ | 1.00 p.m. | : ശ്രീമദ് ഭാഗവത സപ്താഹം സമാപനം |
| 27.2.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വിമൻസ് ഫോറം യോഗം |
| 28.2.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 2.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 6.3.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 7.3.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 9.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 10.03.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| 13.3.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 14.3.2019 | വ്യാഴം | 4.00 p.m. | : എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 15.3.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

പുതുവർഷത്തിലെ ഓരോ ദിവസവും നമുക്ക് വിലപ്പെട്ടതാണ്. കഴിഞ്ഞുപോയ വർഷങ്ങളോ, മാസങ്ങളോ, ദിവസങ്ങളോ, സമയമോ ഒന്നും തന്നെ വീണ്ടും തിരിച്ചു വരില്ല എന്ന് കൂട്ടുകാർക്കറിയാമല്ലോ? അതുകൊണ്ടു തന്നെ ഓരോ നിമിഷവും ധന്യമാക്കാൻ കൂട്ടുകാർ എപ്പോഴും ശ്രദ്ധിക്കണേ. ചെലവാക്കുന്ന സമയം ആരുടെ കൂടെ ആയാലും അവരിൽ നിന്ന് എന്തെങ്കിലും നല്ല കാര്യങ്ങൾ ഉൾക്കൊള്ളണം കേട്ടോ. ഇന്ന് നിങ്ങൾക്ക് ഏറ്റവും താല്പര്യമുള്ള ഉപകരണങ്ങളാണ് സ്മാർട് ഫോണുകൾ. അതിൽ നിന്ന് അറിയാൻ പറ്റാത്ത ഒരു കാര്യവും ഇല്ല. പക്ഷെ ദീർഘനേരം ഇതിൽ നോക്കിയിരുന്നാൽ നിങ്ങളുടെ ആരോഗ്യത്തെ ഇത് സാരമായി ബാധിക്കുമെന്ന് ഡോക്ടർമാർ മുന്നറിയിപ്പ് നൽകുന്നു. മാത്രമല്ല ശ്രദ്ധ മറ്റൊന്നിലും ഇല്ലാതാവുന്നു. ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും പഠിക്കുമ്പോഴും ഇത് കൈയ്യിൽ വെച്ച് പ്രവർത്തിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ഉത്സാഹം തോന്നും. കഴിക്കുന്ന ഭക്ഷണം എന്താണെന്നുപോലും ചിലപ്പോൾ അറിയാതെ പോവുന്നു. പ്രാർത്ഥനയുടെ നിറവിൽ ഓരോ ഉരുള ചോറുണ്ണുമ്പോഴും ഉണ്ടാവുന്ന സംതൃപ്തി ഒരിക്കലും നിങ്ങൾക്ക് ഇതിൽ നിന്ന് കിട്ടില്ല. അമിതമായാൽ അമൃതും വിഷം എന്ന് കൂട്ടുകാർ കേട്ടിട്ടില്ലേ ?

**നിങ്ങൾക്കറിയാമോ**

1. ഭാരതത്തിലെ ഏറ്റവും പ്രസിദ്ധനായ കവി
   മഹാകവി കാളിദാസൻ

2. കാളിദാസന്റെ പ്രധാന ഏഴ് കൃതികൾ മാളവികാഗ്നിമിത്രം, വിക്രമോർവശീയം, അഭിജ്ഞാനശാകുന്തളം എന്നീ നാടകങ്ങൾ, രഘുവംശം, കുമാരസംഭവം, എന്നീ മഹാകാവ്യങ്ങൾ, മേഘസന്ദേശം, ഋതുസംഹാരം എന്നീ ലഘു കാവ്യങ്ങൾ.

**കൂട്ടുകാർക്ക് ചൊല്ലിപ്പഠിക്കാൻ ഒരു കവിത**

കവിത്രയത്തിൽപെട്ട മഹാകവി കുമാരനാശാന്റെ മിന്നാമിനുങ്ങ് എന്ന കവിതയിലെ ഏതാനും വരികൾ

ഇതെന്തൊരാനന്ദമിതെന്തു കൗതുകം
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ പറ-
ന്നിതാ തൊടുംമുൻപിതു വിണ്ണിലായിതെ
ഉടൻ മടങ്ങുന്നിത പൂത്തിരുട്ടിലായ്-
കിടന്ന വേലിച്ചെടി തന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറു തീയതൊന്നുമേ!
കെടുന്നുമില്ലേ മഴയാത്തതുപോലുമേ
ഇരിക്കൊലാ പൊങ്ങുക വിണ്ണിലോമനേ,
ചരിക്കനീ മിന്നി മിനുങ്ങിയങ്ങിനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോൽ
ഇരുട്ട് കീറുന്നൊരു വജ്ര സൂചിപോൽ
സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരക്ക മിന്നൽ പിണരിൻ സ്പുലിംഗമോ ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ
-ഞ്ഞുരഞ്ഞു പാറും, പൊടിയോ നിലാവതോ
പുളച്ചിടും എന്മനതാരഹോ ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചു കേളാത്ത വിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള നിനക്ക് വയ്യെടോ
മുറിക്കകത്തായിതു! ഹാ ! പ്രകാശമേ,
കരത്തിൽ വാ, കേറുക പുസ്തകങ്ങളിൽ,
ഉറക്കറക്കുള്ള കെടാവിളക്കുപോൽ
ഇരിക്കവന്നീയണി മേശമേലുമേ.

സ്വാമി വിവേകാനന്ദന്റെ ഒരു പ്രധാന സന്ദേശം കൂട്ടുകാർ കേട്ടോളൂ.

മനസ്സു എപ്പോഴും സന്തോഷവും ശാന്തവുമായിരിക്കേണ്ടത് ഏതു വ്യക്തിക്കും അത്യാവശ്യമായ ഒരു കാര്യമാണ്.

ഒരു ഉദാഹരണം പറയാം.

ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അയാളുടെ കടയിൽ സാധനം വാങ്ങാൻ വരുന്നവർ കടക്കാരനോട് പല സാധനങ്ങളുടെയും വില അന്വേഷിക്കുമ്പോൾ അയാൾക്ക് അത് ഇഷ്ടപ്പെടാറില്ല. സമയം കളയാൻ ഓരോരുത്തർ വരും. എല്ലാവരോടും അയാൾ പറയുന്നതിതാണ്. താല്പര്യമുണ്ടെങ്കിൽ വാങ്ങുക, ഇല്ലെങ്കിൽ പൊയ്ക്കൊള്ളുക. ഇവിടെ എന്താണ് സംഭവിക്കുന്നത്? അയാൾക്ക് ഒരു ഉപഭോക്താവിനെ നഷ്ടപ്പെടുന്നു. മാത്രമല്ല കോപം ഉള്ളിൽ ഉറയുമ്പോൾ അയാളുടെ മന:ശ്ശാന്തി നഷ്ടപ്പെടുന്നു അല്ലെ? താത്കാലികമായ കോപം അതാണ് ഇതിനു കാരണം. അതുകൊണ്ടാണ് ഒരു വാക്കിലൂടെയോ നോട്ടത്തിലൂടെയോ, പെരുമാറ്റത്തിലൂടെയോ ആരെയും വേദനിപ്പിക്കരുത് എന്നു പറയുന്നത്. താൻ ഇരിക്കുന്ന മരക്കൊമ്പ് താൻ തന്നെ വെട്ടിയാൽ എങ്ങിനെയിരിക്കും? ജീവിതത്തിൽ നേട്ടം കൈവരിക്കാൻ ഏറെ ശാന്തതയും മാനസികക്ഷമതയും ആവശ്യമാണെന്നാണ് സ്വാമി വിവേകാനന്ദൻ നമ്മെ ഉദ്ബോധിപ്പിക്കുന്നത്.





രാഗപരിചയം

# ധന്ന്യാസി

ഡോ. ജയലക്ഷ്മി നന്ദകുമാർ

8-ാമത്തെ മേളകർത്താ രാഗമായ തോടിയുടെ ജന്യരാഗമാണ് ധന്ന്യാസി.

ആരോഹണം : സ ഗ മ പ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധ രിഷഭം, സാധാരണ ഗാന്ധാരം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ശുദ്ധ ധൈവതം, കൈശികി നിഷാദം.

ഇതൊരു മംഗളകരമായ രാഗമാണ്. ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ഏഴും സ്വരങ്ങൾ വരുന്നതിനാൽ ഔഡവ - സമ്പൂർണ്ണ രാഗമാണ്. സ്വന്തം മേളകർത്താ രാഗമായ തോടിയിൽ ഉള്ള സ്വരങ്ങൾ മാത്രമേ ധന്ന്യാസിയിൽ വരുന്നുള്ളൂ. അതിനാൽ ഇതൊരു ഉപാംഗ രാഗം കൂടിയാണ്.

പല പുരാതന സംഗീത ലക്ഷണഗ്രന്ഥങ്ങളിലും ധന്ന്യാസി എന്ന പേര് കാണാവുന്നതാണ്. സംഗീത മകരന്ദം, സംഗീതരത്നാകരം, സംഗീത സമയസാരം എന്നിവയിലെല്ലാം ധന്ന്യാസി രാഗത്തെക്കുറിച്ച് പരാമർശം ഉണ്ട്.

ദീക്ഷിതർ സമ്പ്രദായത്തിൽ ധന്ന്യാസി രാഗം നഠഭൈരവി രാഗത്തിന്റെ (20-ാം മേളകർത്താരാഗം) ജന്യമായി കണക്കാക്കുന്നുവെങ്കിലും പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്നത് തോടിയുടെ ജന്യരാഗമായിട്ടു തന്നെയാണ്. സംഗീത ത്രിമൂർത്തികളായ ത്യാഗരാജസ്വാമി, മുത്തുസ്വാമി ദീക്ഷിതർ, ശ്യാമാശാസ്ത്രികൾ എന്നിവരുടെ കൃതികളിലൂടെ പ്രചാരം സിദ്ധിച്ച ഒരു രാഗം കൂടിയാണ് ധന്ന്യാസി.

ഭക്തിയാണ് ഈ രാഗത്തിന്റെ ഭാവം. പ്രഭാതത്തിൽ ആലപിക്കുന്നതാണ് കൂടുതൽ അഭികാമ്യം. മൂന്നു സ്ഥായികളിലും സഞ്ചാരസാദ്ധ്യതയും മനോധർമ്മം പാടാനുള്ള സാദ്ധ്യതയും ഉള്ള രാഗമാണ്. ശ്ലോകം, പദം, വിരുത്തം എന്നിവയ്ക്കു അനുയോജ്യം. രാഗവിബോധം എന്ന ലക്ഷണഗ്രന്ഥത്തിൽ 'ധന്യാസിക' എന്ന പേരാണ് ധന്ന്യാസിക്കുള്ളത്.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | | |
|---|---|---|---|---|
| 1. സംഗീതജ്ഞാനമു | - | ആദി | - | ത്യാഗരാജസ്വാമി |
| 2. പരദേവതേ | - | ആദി | - | മുത്തുസ്വാമി ദീക്ഷിതർ |
| 3. മീനലോചനി | - | ആദി | - | ശ്യാമാശാസ്ത്രി |
| 4. കലയാമി ശ്രീരാമം | - | ചാപ്പ് | - | സ്വാതിതിരുനാൾ |
| 5. കനകസഭാപതി | - | ആദി | - | ഗോപാലകൃഷ്ണഭാരതി |
| 6. മരിയാദൈ താനോ | - | ആദി | - | പാപനാശം ശിവൻ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. ഹാ മോഹനം ഈ യൗവ്വനം | - | സ്ത്രീ |
| 2. പാർവ്വതീ സ്വയംവരം (മഞ്ഞിലും മഴയിലും എന്നു തുടങ്ങുന്ന ഭാഗം) | - | രാഗം താനം പല്ലവി |
| 3. അമ്പിളിക്കല ചൂടും (തുടക്കം) | - | രാജശില്പി |
| 4. കണ്ണനെ തേടുന്നു രാധ | - | വാർ ആൻഡ് ലവ് |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ഫെബ്രുവരി മാസം 10-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണിമുതൽ 1 മണി വരെ ഇകെഎൻഎം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

**ജനറൽ സെക്രട്ടറി**

വാസ്തു

# വാസ്തുശാസ്ത്രം

ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ (ഫോൺ: 9447032434)

പലരും വിചാരിക്കുന്നത് വാസ്തുശാസ്ത്രം എന്ന പറഞ്ഞാൽ മുറിയുടെ അളവ് ശരിയാക്കുക എന്നതാണ്. എല്ലാവരും, എപ്പോഴും പറയുന്ന വാക്കാണ് വീട് പണിയുമ്പോൾ എല്ലാം നല്ല കണക്ക് പ്രകാരം ആയിരിക്കണമെന്ന്. എവിടെ നിന്നാണ് കണക്കുകൾ വന്നത് എന്ന് അറിയുന്നില്ല. മനുഷ്യശരീരത്തിൽ തല, ഉടൽ, കാലുകൾ എന്നിവ എല്ലാം ആനുപാതികമായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അതുപോലെ വീടുകളുടെ കാര്യത്തിലും, പുറമെനിന്നും നോക്കിയാലും, അകത്തു കടന്നാലും ആനുപാതികമായിട്ടാണെങ്കിൽ മാത്രമെ ഭംഗി തോന്നുകയുള്ളു. ഒരു കണ്ണ് അല്ലെങ്കിൽ, ചെവി, ചെറിയ വ്യത്യാസമുണ്ടെങ്കിൽ മറ്റുള്ളവർ പെട്ടെന്ന് തിരിച്ചറിയുന്നു. ചില വീടുകൾ കണ്ടാലും ഇങ്ങിനെ കാഴ്ചയിൽ ചില അപാകതകൾ തോന്നാം. വീട് പണിയിൽ ഓരോ മുറികളും ആനുപാതികം ആയിരിക്കണമെന്ന് മാത്രമെ പഴമക്കാർ കരുതിയിട്ടുള്ളൂ. നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതിയ ഗ്രന്ഥങ്ങളിൽ പോലും അളവുകളെക്കുറിച്ച് പ്രതിപാദിക്കുന്നില്ല. പക്ഷെ സ്ഥാനങ്ങളെക്കുറിച്ച് മാത്രമാണ് പറയുന്നത്. ഇത്രയും പറയാൻ കാരണം  ഒരു വീട്ടിൽ ചെന്നപ്പോൾ അടുക്കളയിലും, കിടപ്പുമുറിയിലും ഓരോ വരി ഇഷ്ടിക കെട്ടി അളവുകൾ ശരിയാക്കി കണ്ടു. എന്നിട്ടും പ്രത്യേക ഗുണം കിട്ടാത്തതുകൊണ്ടാണ് ഞാൻ അവിടെ പോകാനിടയായത്. ആ വീടിന്റെ മുഖം തെക്കോട്ടാണ്. തെക്ക് മദ്ധ്യത്തിലാണ് ഗേറ്റ്. തെക്കു പടിഞ്ഞാറു ഭാഗത്ത് കാർപോർച്ചും വരാന്തയും, പ്രധാന വാതിൽ വരുന്നത് തെക്കു പടിഞ്ഞാറെ വരാന്തയിൽ നിന്നാണ്. കൂടാതെ വീടിന്റെ വടക്കു ഭാഗത്ത് രണ്ടു മീറ്റർ മാറി ഏതോ വാസ്തു നോട്ടക്കാരന്റെ അഭിപ്രായത്തിൽ ചെറിയ മതിൽ കെട്ടിയിട്ടുണ്ട്.

താഴെ പറയുന്ന കാര്യങ്ങൾ അവിടെ ചെയ്തിരിക്കുന്നത് വാസ്തുശാസ്ത്രപ്രകാരം തെറ്റായ കാര്യങ്ങളാണ്. കാർപോർച്ച് തെക്കു പടിഞ്ഞാറെ ഭാഗത്തു വരുമ്പോൾ ആ ഭാഗം താഴ്ന്ന് കിടക്കുന്നു. വരാന്ത തെക്കുപടിഞ്ഞാറ് വരുമ്പോൾ പ്രധാന വാതിൽ പടിഞ്ഞാറ് – തെക്ക് ഭാഗത്തായി വരുന്നു. വടക്കു ഭാഗത്ത് കുട്ടിമതിൽ കെട്ടി പറമ്പ് തിരിച്ചപ്പോൾ വീടിന്റെ വടക്ക് ഭാഗത്ത്  മുറ്റം കുറയുകയും, തെക്കുഭാഗം കൂടുകയും ചെയ്യുന്നു.

തെക്കു റോഡാണെങ്കിൽ പ്രധാന വാതിൽ തെക്കുഭാഗത്ത് തന്നെ വേണം. വീടിന്റെ കിഴക്ക് പടിഞ്ഞാറു നീളത്തിന്റെ മദ്ധ്യത്തിന്റെ കിഴക്കായിരിക്കണം വാതിൽ. ഒരിക്കലും, പടിഞ്ഞാറ് തെക്കു ഭാഗത്ത് പ്രധാന വാതിൽ പാടില്ല. എന്നാൽ പടിഞ്ഞാറ് – വടക്ക് ആകാം. തെക്ക് പടിഞ്ഞാറ് താഴ്ന്ന കാർപോർച്ച്, നികത്തി സിറ്റൗട്ട് ആയോ, മുറിയായോ, ഉപയോഗിക്കാം.

വടക്കു ഭാഗത്തുള്ള കുട്ടി മതിൽ പൊളിച്ചു കളയണം. എപ്പോഴും, തെക്കു ഭാഗത്തേക്കാൾ കൂടുതൽ സ്ഥലം, വടക്കു ഭാഗത്ത് ഉണ്ടാകണം. കണക്കുകൾ ശരിയാക്കാനായി മുറിയുടെ അകത്ത് കെട്ടിയതായ ചുമരുകൾ പൊളിച്ചു മാറ്റണം.

പ്രത്യേകം ശ്രദ്ധിക്കേണ്ടത് കണക്കിനേക്കാൾ പ്രാധാന്യം സ്ഥാനത്തിനാണ്.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക്  രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ  വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും.  അദ്ദേഹത്തെ കാണുന്നതിന്  മുൻ കൂർ പേർ രജിസ്റ്റർ ചെയ്തിരിക്കണം.**

## നായർ സ്ത്രീസമാജം 2019 ഫെബ്രുവരി മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 19.02.2019 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 pm |





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**ചണ്ഡിദാസ്**

മദ്ധ്യകാലഘട്ടത്തിലെ വൈഷ്ണവസിദ്ധാന്തങ്ങൾ വലിയ തോതിലുള്ള സാമൂഹ്യാവബോധത്തിനു വഴിവെച്ചു. ഇവയുടെ സ്വാധീനത്തിൽ പ്രബുദ്ധരായ പലരും തങ്ങളുടെ വൈജ്ഞാനീയ അന്ത:ക്ഷോഭങ്ങൾക്കു കവിത, സംഗീതം തുടങ്ങിയ മാദ്ധ്യമങ്ങളിലൂടെ ഭാവം പകർന്നു. ജയദേവകവിയുടെ സംസ്കൃതകാവ്യങ്ങളും വിദ്യാപതിയുടെ മൈഥിലീരചനകളും ചണ്ഡിദാസിന്റെ  ബംഗാളികൃതികളും ചൈതന്യക്ക് ഒരുപോലെ ആസ്വാദ്യകരമായി അനുഭവപ്പെട്ടു.  ഇവർ ചൈതന്യയുടെ മുൻഗാമികളായിരുന്നോ സമകാലികരായിരുന്നോ എന്ന കാര്യത്തിൽ കൃത്യമായ നിഗമനങ്ങൾ യാതൊന്നുമില്ല.  ഉന്നതശ്രേണിയിൽപ്പെട്ട കവിയായിരുന്നു ചണ്ഡിദാസ്. ചൈതന്യ മഹാപ്രഭുവിനെപ്പോലെ ഒരാസ്വാദകനുണ്ടായിരുന്നില്ലെങ്കിൽ ഒരുപക്ഷെ അദ്ദേഹം വിസ്മരിക്കപ്പെട്ടുപോകുമായിരുന്നു.ചണ്ഡിദാസിന്റെ ജീവിതകാലം പതിനാലാം നൂറ്റാണ്ടായിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. ബ്രാഹ്മണമേധാവിത്തം നിലനിന്നിരുന്ന സമൂഹത്തിൽ ഒരു ബ്രാഹ്മണ കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്.  ഗംഗയുടെ വടക്കൻ തീരത്ത് രാംകലി എന്നറിയപ്പെട്ടിരുന്ന ഗ്രാമത്തിലെ രാധ എന്ന പ്രദേശത്തായിരുന്നു ഈ കുടുംബം താമസിച്ചിരുന്നത്. കൃഷ്ണഭക്തരായ ഗ്രാമീണർ ഭഗവാന്റെ ജീവിതത്തെ ആസ്പദമാക്കിയുള്ള  പാവക്കൂത്തും, നാടകവും, സംഗീതക്കച്ചേരികളുമെല്ലാം  സംഘടിപ്പിച്ചിരുന്നു. ക്ഷേത്രങ്ങളിലും, പൊതുസ്ഥലങ്ങളിലും ഭഗവാൻ കൃഷ്ണന്റെ ലീലകൾ ആലേഖനം ചെയ്യുന്ന ചുമർചിത്രങ്ങൾ സുലഭമായിരുന്നു. അലൗകികപ്രഭാവം തികഞ്ഞ ഈ അന്തരീക്ഷം ബാലനായ ചണ്ഡിദാസിന്റെ കവിഹൃദയത്തെ തൊട്ടുണർത്തി. സംഗീതാത്മകമായ ഒട്ടേറെ കീർത്തനങ്ങളും നാടകാവതരണത്തിനനുയോജ്യമായ പദങ്ങളും അദ്ദേഹത്തിന്റെ തൂലികയിലൂടെ പിറന്നു വീണു.  സംഗീതമാലപിക്കാനും നാടകങ്ങൾ സംവിധാനം ചെയ്യാനും അദ്ദേഹം മുൻപന്തിയിൽ നിന്നു.  പലപ്പോഴും അദ്ദേഹം ഗായകനായി; അഭിനേതാവുമായി.  അദ്ദേഹത്തിന്റെ യുവകോമളരൂപം കാണികളെ ആകർഷിച്ചു. മഹാപണ്ഡിതനായ  ചണ്ഡിദാസിന്  അനുദിനം ആരാധകർ ഏറിയേറിവന്നു. ഇതിനിടെ അദ്ദേഹം വിഷയാസക്തനായിത്തീർന്നു. സുന്ദരികളായ സ്ത്രീകൾ അദ്ദേഹത്തിന്റെ ദൗർബല്യമായി.  ചണ്ഡിദാസിന്റെ പ്രണയ ചാപല്യങ്ങളെ വെളിപ്പെടുത്തുന്ന ചില  കഥകളിങ്ങനെ.

ഒരിക്കൽ താര എന്നൊരു അലക്കുകാരിപ്പെൺകൊടിയിൽ ചണ്ഡിദാസ് അനുരക്തനായി. രഹസ്യസമാഗമങ്ങളിലൂടെ ആ ബന്ധം വളർന്നു.  മാസങ്ങൾ കടന്നുപോയി.  താരക്ക് മറ്റൊരു കാമുകനെ കിട്ടിയതോടെ അവൾ ചണ്ഡിദാസിനെ ഉപേക്ഷിച്ചു. ഹൃദയം തകർന്ന ചണ്ഡിദാസ് പാടിപ്പാടി അലഞ്ഞു നടന്നു. ഒരിക്കൽപ്പോലും അദ്ദേഹം താരയെ കുറ്റപ്പെടുത്തിയില്ല.  ശൂദ്രജാതിയിൽപ്പെട്ട രാമി (രാജകിനി) എന്ന യുവവിധവയെ കണ്ടുമുട്ടിയതോടെ ചണ്ഡിദാസിന്റെ മനസുണർന്നു. നദീതീരങ്ങളിൽ സമ്മേളിക്കാൻ അവർ സമയം കണ്ടെത്തി. അതിമനോഹരമായി പാടുമായിരുന്ന രാമി ചണ്ഡിദാസിലെ ഗായകന് ആശ്വാസം പകർന്നു. ബിജോയ് നാരായണൻ എന്ന ജമീന്ദാർക്ക് രാമിയിൽ നോട്ടമുണ്ടായിരുന്നു. ചണ്ഡിദാസും രാമിയും തമ്മിലുള്ള ബന്ധത്തിൽ ഈർഷ്യ പൂണ്ട അയാൾ ഗ്രാമസഭയിൽ ആക്ഷേപമുന്നയിച്ചു.! ‘ശൂദ്രസ്ത്രീയുമായി ബന്ധം പുലർത്തിയതിനാൽ ക്ഷേത്രനടയിൽ വിളിച്ചുചൊല്ലി പ്രായശ്ചിത്തം ചെയ്യുക !’ ബ്രാഹ്മണ പുരോഹിതർ കൽപ്പിച്ചു. പുരോഹിതനിയമങ്ങളുടെയും ബ്രാഹ്മണാചാരങ്ങളുടെയും ബന്ധനങ്ങൾ എന്നെന്നേക്കുമായി

അറുത്തെറിഞ്ഞുകൊണ്ട് ചണ്ഡിദാസ് രാമിയുമൊത്ത് ഗ്രാമം വിട്ടുപോയി.

രാധാകൃഷ്ണ പ്രണയത്തെ ആധാരമാക്കിയും ജാതിചിന്തയുടെ അർത്ഥശൂന്യതയെ വെളിപ്പെടുത്തിയും ചണ്ഡിദാസ് രചിച്ച കൃതികൾ തലമുറകളായി ബംഗാളി ജനതയെ ആകർഷിച്ചുപോരുന്നു. ചൈതന്യമഹാപ്രഭു ചണ്ഡിദാസിന്റെ ആരാധകനായിരുന്നു. ചൈതന്യയുടെ സ്വർഗാരോഹണത്തിനു തൊട്ടുപിന്നാലെ വൃന്ദാവൻദാസ് മഹാപ്രഭുവിന്റെ ജീവചരിത്രം രചിച്ചു. അതിൽ വിദ്യാപതി, ജയ ദേവർ,കാളിദാസൻ എന്നിവരെ ഉന്നതശ്രേണിയിൽപ്പെട്ട കവികളായി വാഴ്ത്തുന്നു. എന്നാൽ ചണ്ഡിദാസിനെ ഉത്തമകവികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നുമില്ല.പൊതുവെ അക്കാലത്ത് ചണ്ഡിദാസിന്റെ ജീവിതരീതികൾ അംഗീകരിക്കാൻ ബ്രാഹ്മണർ പ്രകടിപ്പിച്ച വിമുഖതയാവാം ഈ അവഗണനക്കു കാരണം. ഒരുപക്ഷെ ബ്രാഹ്മണവിരോധം ഭയന്ന് വൃന്ദാവൻദാസ് ചണ്ഡിദാസിനെ തമസ്കരിച്ചതാവാനും സാധ്യതയുണ്ട്. എന്തായാലും ബംഗാളികളെ സംബന്ധിച്ചിടത്തോളം ഇന്നും ഭാവഗായകൻ എന്ന പദവി ചണ്ഡിദാസിനു മാത്രമുള്ളതാണ്.

**വിദ്യാപതി**

'മൈഥിലി കവികോകിലം' എന്ന അപരനാമധേയത്തിൽ പ്രസിദ്ധനായ വിദ്യാപതി എ.ഡി. 1322 ൽ മധുബനി ജില്ലയിലെ ബിസ്‌വി ഗ്രാമത്തിൽ ജനിച്ചു. 1448 ലാണ് അദ്ദേഹം ഭൂജാതനായത് എന്ന് ചില ഗവേഷകർ തീർത്തുപറയുന്നു. എ.ഡി. 1350 ൽ ജനിച്ച് 1460 ൽ തൊണ്ണൂറാം വയസ്സിലാണ് മൈഥിലി ഗാനകോകിലമായ വിദ്യാപതി നിര്യാതനായത് എന്നും ഒരു ശ്രുതിയുണ്ട്. ഇന്ത്യയിലും നേപ്പാളിലെ ജനക്പൂരിലുമായി വ്യാപിച്ചുകിടക്കുന്ന മിഥില പ്രവിശ്യയുടെ ഒരു ഭാഗമാണ് മധുബനി. വടക്കു കിഴക്കൻ ബീഹാറിനും ബംഗാളിനുമിടക്കുള്ള ഒരതിർത്തിഗ്രാമമാണ് മധുബനി എന്നു ചില ചരിത്ര ഗവേഷകർ കരുതുന്നുണ്ട്. ഭക്തിസാഹിത്യരംഗത്ത് ഗീതഗോവിന്ദ കർത്താവായ ജയദേവകവിക്കൊപ്പം പ്രതിഭാശാലിയായ വിദ്യാപതിക്കും സ്ഥാനമുണ്ട്. ശിവഭക്തനായിരുന്നു വിദ്യാപതി. അദ്ദേഹം രചിച്ച ശിവസ്തുതികൾ ഇന്നും മിഥിലാപ്രദേശത്ത് അലകളുയർത്തുന്നു. ഇദ്ദേഹത്തിന്റെ സ്തുതിഗീതങ്ങളിൽ സംപ്രീതനായ ഭഗവാൻ ഭക്തനെ നേരിട്ടുകണ്ട് അനുഗ്രഹിച്ചതായ ഒരൈതിഹ്യകഥ ചുവടെ കുറിക്കാം. വിദ്യാപതി പത്നിയായ സുശീലയുമൊത്ത് കുടുംബജീവിതം നയിച്ചുപോന്ന കാലം ! ഒരുനാൾ ഉഗ്ണൻ എന്നു പേരുള്ള ഒരനാഥബാലൻ കവിയുടെ ഗൃഹത്തിൽ അഭയം തേടിച്ചെന്നു. ബാലനിൽ കൗതുകം തോന്നിയ വിദ്യാപതി അവനെ പശുപാലകനായി നിയമിച്ചു. ഏതാനും ദിവസങ്ങൾ കൊണ്ട് ഉഗ്ണൻ ഏവരുടെയും പ്രീതി സമ്പാദിച്ചു. വർഷങ്ങൾ കടന്നുപോയി. ഉഗ്ണൻ കൗമാരം കടന്നു. ഒരുനാൾ മിഥിലയിലെ ശിവസിംഹമഹാരാജാവിന്റെ ക്ഷണം കിട്ടിയതനുസരിച്ച് വിദ്യാപതി തലസ്ഥാനത്തേക്കു പുറപ്പെട്ടു. തുണക്ക് ഉഗ്ണനെയും കൂട്ടി. യാത്രാമദ്ധ്യേ ഒരു മരുഭൂമിയിലെത്തിയപ്പോൾ വിദ്യാപതിക്കു ദാഹം കലശലായി ചുറ്റുവട്ടത്തെങ്ങും ഒരു തുള്ളി വെള്ളം കണ്ടില്ല. ചൂടും ദാഹവും സഹിക്കവയ്യാതെ അദ്ദേഹം തളർന്നു വീണു. ഉഗ്ണൻ മറ്റൊന്നുമാലോചിച്ചില്ല. തന്റെ ജടയിൽ വസിക്കുന്ന ഗംഗയോടു ഒരു പാത്രം വെള്ളം മേടിച്ച് സ്വാമിയുടെ ദാഹം തീർത്തു. അത്ഭുതസ്തബ്ധനായ വിദ്യാപതി ഉഗ്ണനോടു വാസ്തവമാരാഞ്ഞു. ഉഗ്ണൻ ശിവരൂപത്തിൽ പ്രത്യക്ഷനായി. വിദ്യാപതി ഭഗവൽപാദത്തിൽ സാഷ്ടാംഗം പ്രണമിച്ചു. താനാരെന്ന യാഥാർത്ഥ്യം പരമരഹസ്യമായിരിക്കണമെന്നും അതു വെളിപ്പെടുന്ന നിമിഷം താൻ സ്വാമിയെ ഉപേക്ഷിച്ചു പോകുമെന്നും ഉഗ്ണൻ മുന്നറിയിപ്പു നൽകി. ഈ രഹസ്യം താനാരോടും പറയില്ലെന്ന് വിദ്യാപതി വാക്കു നൽകി. രാജാവിനെ സന്ദർശിച്ചശേഷം അദ്ദേഹം നാട്ടിലേക്കു മടങ്ങുകയും ചെയ്തു. തുടർന്ന് ശിവനെ പ്രകീർത്തിക്കുന്ന 'നചാരി'കളും 'മഹേശ്ബാണികളും', രചിച്ച് ഭഗവാനെ പ്രസാദിപ്പിച്ചു. പല സന്ദർഭങ്ങളിലും ഉഗ്ണരൂപിയായ ഭഗവാൻ വിദ്യാപതിയെ പല അപകടങ്ങളിൽ നിന്നും രക്ഷിച്ചതായ ഐതിഹ്യങ്ങൾ ഇന്നും പ്രചാരത്തിലുണ്ട്. ഒരിക്കൽ ദില്ലി ചക്രവർത്തിയായ അലാവുദ്ദീൻ ഖിൽജി ശിവസിംഹമഹാരാജാവിനെ ബന്ധനസ്ഥനാക്കി തടവറയിൽ പാർപ്പിച്ചു. വിദ്യാപതി ഉഗ്ണനോടൊപ്പം ദില്ലിക്കു കുതിച്ചു. 'നമ്മുടെ ആസ്ഥാനകവിയുമായി ഒരു മത്സരത്തിലേർപ്പെടുക; ജയിച്ചാൽ നിങ്ങളുടെ രാജാവിനെ വിട്ടയക്കാം. പക്ഷെ പെഴ്സ്യൻ ഭാഷയിലോ സങ്കരഭാഷയിലോ വേണം ആശയവിനിമയം!' ഖിൽജി നിബന്ധനവെച്ചു. ഉഗ്രരൂപിയായ ശിവന്റെ പ്രസാദത്താൽ വിദ്യാപതി മത്സരത്തിൽ ജയിച്ചു. ഖിൽജി വാക്കു പാലിച്ചു. ജയിൽ മോചിതനായ ശിവസിംഹരാജാവിനെയും കൂട്ടി വിദ്യാപതി മിഥിലയിലേക്കു മടങ്ങി. ഉഗ്ണൻ വിദ്യാപതിയുടെ ഗൃഹത്തിൽ പശുപാലകനായി തുടർന്നുപോന്നു. ഒരിക്കൽ ഉഗ്ണനിൽ അപ്രീതി തോന്നിയ സുശീല അദ്ദേഹത്തെ ചൂലുകൊണ്ടു പ്രഹരിക്കാൻ തുടങ്ങി. ഇതുകണ്ട് സഹികെട്ട വിദ്യാപതി ഉഗ്ണൻ ആരെന്ന രഹസ്യം വിളിച്ചു പറഞ്ഞു. അടുത്ത നിമിഷം ഉഗ്ണൻ അപ്രത്യക്ഷനായി. പശ്ചാത്താപവിവശനായ വിദ്യാപതി വീടുവിട്ടിറങ്ങി. ഉഗ്ണനെത്തേടി കാടും മലയും കയറിയിറങ്ങി. ക്ഷേത്രങ്ങളായ ക്ഷേത്രങ്ങളിൽ തിരഞ്ഞു. ഒടുവിൽ നന്ദനവനത്തിൽവെച്ച് ഉഗ്ണനെ കണ്ടുമുട്ടി.

'നാമിനി അങ്ങയുടെ ഗൃഹത്തിലേക്കില്ല! പക്ഷെ ആവശ്യമുള്ളപ്പോഴെല്ലാം അങ്ങക്ക് നമ്മുടെ സഹായം ലഭിച്ചിരിക്കും,' എന്നനുഗ്രഹിച്ചശേഷം ഭഗവാൻ അപ്രത്യക്ഷനായി. വിദ്യാപതിക്കു ഭഗവദ്ദർശനം ലഭിച്ച സ്ഥലം ഉഗ്ണസ്ഥാൻ എന്നറിയപ്പെട്ടു. പിൽക്കാലത്ത് തദ്ദേശവാസികൾ അവിടെ ഒരു ക്ഷേത്രം പണിത് ലിംഗരൂപിയായ ശിവനെ പ്രതിഷ്ഠിച്ചു. (ഈ ക്ഷേത്രത്തിൽ ഇന്നും വിദ്യാപതിയുടെ ശിവസ്തുതികൾ സോപാനസംഗീതമായി ആലപിക്കപ്പെട്ടുപോരുന്നു. ഭക്തജനങ്ങളുടെ സംഗീതാരാധനയിലും വിദ്യാപതിയുടെ കൃതികൾക്കാണ് പ്രാധാന്യം).

അതിനിടെ വൈഷ്ണവഭക്തിയുടെ പ്രഭാവം വിദ്യാപതിയെയും ആകർഷിച്ചു. വൈഷ്ണവ ഭക്തിയുടെ ഗോസ്വാമി മതം, സഹജമതം എന്നിങ്ങനെ രണ്ടു ശാഖകളാണ് അന്നു പ്രബലമായുണ്ടായിരുന്നത്. ഇതിൽ ഗോസ്വാമികൾ വൃന്ദാവനത്തിലും (ഇന്നത്തെ ഉത്തരപ്രദേശം) സഹജർ കിഴക്കൻ ബിഹാർ, പടിഞ്ഞാറൻ ബംഗാൾ എന്നിവിടങ്ങളിലുമായി തങ്ങളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി.

വൈഷ്ണവഭക്തിയിൽനിന്നൂർജമുൾക്കൊണ്ട വിദ്യാപതി രാധാകൃഷ്ണ പ്രണയത്തെ വിഷയമാക്കി 'ഗീതഗോവിന്ദം' മാതൃകയിൽ കൃതികൾ രചിച്ചു. സഹജർ വിദ്യാപതിയെ തങ്ങളിൽ ഒരാളായി അംഗീകരിച്ചു.

വിദ്യാപതി ഒരു സ്ത്രീലമ്പടനായിരുന്നു എന്ന കിംവദന്തികളുമുണ്ട്. താനുമായി ഇടപഴകിയ സ്ത്രീകളിൽ നിന്നുൾക്കൊണ്ട പ്രചോദനമായിരുന്നവത്രേ വിദ്യാപതിയുടെ തൂലികയുടെ ശക്തി! ശിവസിംഹമഹാരാജാവിന്റെ പട്ടമഹിഷിയായ ലഖിമയോട് വിദ്യാപതിക്ക് നിശബ്ദമായ ആരാധനയും അനുരാഗവുമുണ്ടായിരുന്നു. രാജ്ഞിയുടെ സാന്നിദ്ധ്യത്തിലാണ് അദ്ദേഹത്തിന്റെ പ്രതിഭ ഉണർന്നു പ്രവർത്തിച്ചിരുന്നതത്രേ!

അന്ത്യകാലത്ത് ഭഗവാൻ പരമേശ്വരൻ ഗംഗാസമേതനായി വിദ്യാപതിക്കു ദർശനം നൽകി. ഉപാസനാമൂർത്തിയെ കണ്ടു മനംകുളിർത്ത സായൂജ്യത്തോടെ വിദ്യാപതി സ്വർഗം പൂകി.

**ജ്ഞാനദാസ്**

ചൈതന്യയുഗത്തിനു ശേഷം ബംഗാൾ കണ്ട വൈഷ്ണവകവിശ്രേഷ്ഠരിൽ പ്രമുഖനാണ് ജ്ഞാനദാസ്. ബർദ്വാൻ ജില്ലയിലെ കതോവർകന്ദ്ര എന്ന ഗ്രാമത്തിൽ ഒരു ബ്രാഹ്മണകുടുംബത്തിലാണ് ജ്ഞാനദാസ് ജനിച്ചത്. മംഗൾഠാക്കൂർ, ശ്രീമംഗൽ, മദൻമംഗൾ തുടങ്ങിയ പേരുകളിൽ അദ്ദേഹം അറിയപ്പെട്ടു. നിത്യാനന്ദയുടെ ശിഷ്യനായിരുന്ന അദ്ദേഹത്തിന്റെ പത്നി ജാഹ്നബീദേവിയുടെ അനുയായിയായിരുന്നു. ജ്ഞാനദാസ് വൃന്ദാവനത്തിൽച്ചെന്ന് ശ്രീജീവഗോസ്വാമി, രഘുനാഥ്ദാസ്, ഗോപാൽഭട്ട, കൃഷ്ണദാസ് കവിരാജ് തുടങ്ങിയ വൈഷ്ണവ പണ്ഡിതന്മാരുമായി സമ്പർക്കം പുലർത്തി.ശ്രീകൃഷ്ണന്റെ കേശാദിപാദം വർണ്ണിച്ചുകൊണ്ട് ആദ്യമായി ഒരു കൃതി രചിച്ചത് ജ്ഞാനദാസാണ്. രാധാകൃഷ്ണ പ്രണയത്തെ ആധാരമാക്കി ബംഗാളിയിലും വ്രജഭാഷയിലുമായി അദ്ദേഹം ഇരുന്നൂറോളം കൃതികൾ രചിച്ചു. മഥുർ, മുരളീശിക്ഷ എന്നീ പേരുകളിൽ ഇദ്ദേഹത്തിന്റെ വൈഷ്ണവകൃതികൾ സംഗ്രഹിക്കപ്പെട്ടു.ഗായകൻ, വാഗ്ഗേയകാരൻ എന്നീ നിലകളിലും അദ്ദേഹം അംഗീകാരം നേടി. കീർത്തനാലാപനത്തിൽ നൂതനമായ രീതികൾ ആവിഷ്ക്കരിച്ചുകൊണ്ട് അദ്ദേഹം സാധാരണക്കാരുടെ ഹൃദയങ്ങൾ കീഴടക്കി. വിദ്യാപതിയുടെയും ചണ്ഡിദാസിന്റെയും കൃതികളിൽ നിന്നുൾക്കൊണ്ട ഊർജ്ജമാണ് ജ്ഞാനദാസിന്റെ കാവ്യപ്രതിഭയെ വളർത്തിയത്. പ്രേമത്തിന്റെയും സൗന്ദര്യത്തിന്റെയും ആത്മീയതയുടെയും സംയുക്ത ഭാവങ്ങൾ ഇദ്ദേഹത്തിന്റെ കൃതികളെ വേറിട്ടു നിർത്തി.പതിനാറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു എന്നല്ലാതെ ജ്ഞാനദാസിന്റെ ജനനത്തീയതിയെക്കുറിച്ചോ ജന്മസ്ഥാനത്തെക്കുറിച്ചോ കുടുംബപശ്ചാത്തലത്തെക്കുറിച്ചോ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

(തുടരും)

ക്ഷേത്രങ്ങളിലൂടെ

# മലനട ദുര്യോധനക്ഷേത്രം

ഇന്ദിരാഭായി (ഫോൺ: 80785 52892)

ഭാരതീയ സംസ്കാരത്തിന്റെ പ്രതിഫലനമെന്നും അഞ്ചാം വേദമെന്നും അറിയപ്പെടുന്ന ഇതിഹാസ കാവ്യമാണ് മഹാഭാരതം. വേദവ്യാസമഹർഷിയുടെ ഭാവനാവിലാസങ്ങൾ ഗണപതി ഭഗവാന്റെ തൂലികത്തുമ്പിലൂടെ ഭൂമിയിലേക്കൊഴുകിയെത്തിയ അമൂല്യനിധിയാണ് മഹാഭാരതം. ആയിരക്കണക്കിന് അദ്ധ്യായങ്ങളടങ്ങിയതും വീരസാഹസികതയുടെയും ധർമ്മാധർമ്മങ്ങളുടേയും ത്യാഗോജ്വലമായ വ്യക്തിപ്രഭാവങ്ങളുടെയും മാറ്റുരയ്ക്കുന്നതും അവയൊക്കെ നമുക്ക് അടുത്തറിയുവാൻ സഹായിക്കുന്നതുമായ ഒരു മഹാകാവ്യം. ഈ ഇതിഹാസകാവ്യത്തിലെ ഒരു പ്രധാന കഥാപാത്രമായ ദുര്യോധനന്റെ പേരിലറിയപ്പെടുന്ന ഒരു ക്ഷേത്രമാണ് മലനടക്ഷേത്രം. ഭാരതത്തിൽ ദുര്യോധനന്റെ പേരിലറിയപ്പെടുന്ന രണ്ടു ക്ഷേത്രങ്ങളിലൊന്നാണിത്. മറ്റൊരുക്ഷേത്രം ഉത്തരാഖണ്ഡിലാണുള്ളത്. അവിടെ നിത്യപൂജകളോ വിളക്കുവയ്ക്കലോ,മറ്റു ചടങ്ങുകളോ ഒന്നും തന്നെ ഇല്ല എന്നാണറിവ്. ദുര്യേധനന്റെ പേരിലുള്ള കേരളത്തിലെ ഏക ക്ഷേത്രമാണ് പോരുവഴി പെരുവിരുത്തി മലനട ദുര്യോധനക്ഷേത്രം. പ്രത്യേകപൂജകളും ഉത്സവാഘോഷങ്ങളും കൊണ്ടു പ്രസിദ്ധിയാർജ്ജിച്ച ഒരു ക്ഷേത്രമാണിത് . കൊല്ലം ജില്ലയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.

ദുര്യോധനൻ എന്ന ദുഷ്ടകഥാപാത്രത്തിനു ക്ഷേത്രമോ എന്നു സംശയിക്കുന്നവരുണ്ടാകാം. ദുര്യോധനനു മാത്രമല്ല, ശകുനിക്കും കർണ്ണനും, ദ്രോണാചാര്യർക്കും കൗരവസഹോദരങ്ങൾക്കെല്ലാവർക്കും ഈ ദുര്യോധനക്ഷേത്രസമീപപ്രദേശങ്ങളിൽ ചെറിയ ചെറിയ കാവുകളായി സ്ഥാനങ്ങളുണ്ട്. ദുര്യോധനനെ പിൻതുടർന്ന് ഇവരെല്ലാവരും ഈ സ്ഥലത്തെത്തിയിരുന്നു എന്നു വിശ്വസിക്കുന്നു. പാണ്ഡവരുടെ വനവാസക്കാലത്ത് അവർ കേരളത്തിൽ പല സ്ഥലങ്ങളിലും വസിച്ചിരുന്നു. പഞ്ചപാണ്ഡവന്മാരാൽ പ്രതിഷ്ഠിതമായ അഞ്ചമ്പലങ്ങൾ എന്നറിയപ്പെടുന്ന മഹാവിഷ്ണുക്ഷേത്രങ്ങൾ പാണ്ഡവരുടെ കേരളവാസത്തെ ശരിവെയ്ക്കുന്നു. കേരളത്തിൽ പാഞ്ചാലിയുടെ പേരിലറിയപ്പെടുന്ന ഭൂപ്രദേശമാണ് പാഞ്ചാലിമേട്. അജ്ഞാതവാസക്കാലത്തിനു തൊട്ടുമുൻപ് അവർ പാഞ്ചാലിമേട്ടിൽ കഴിഞ്ഞിരുന്നതിന്റെ പല വ്യക്തമായ തെളിവുകളും കാണുന്നുമുണ്ട്. പണ്ട് ഈ പ്രദേശങ്ങളെല്ലാം നിബിഡവനപ്രദേശമായിരുന്നു. ഗിരിവർഗ്ഗക്കാരായ ആളുകളാണ് അക്കാലത്ത് ഇവിടെ വസിച്ചിരുന്നത്. കൂടു വിട്ടു കൂടുമാറ്റം, നിഴൽക്കൂത്ത് തുടങ്ങിയ വിദ്യകളിൽ പ്രഗത്ഭരായ മാന്ത്രികരായിരുന്നു ഇവർ. ഈ മാന്ത്രികരുടെ സഹായത്താൽ അജ്ഞാതവാസക്കാലത്ത് പാണ്ഡവരെ കണ്ടു പിടിക്കാം എന്നു കരുതിയാണ് ദുര്യോധനനും കൂട്ടരും ഇവിടെയെത്തിയത്.

ദുര്യോധനന്റെ ജനനം തന്നെ വൈരാഗ്യവും വിദ്വേഷവും ശത്രുതയും വെറുപ്പും കൂടെക്കൂട്ടിക്കൊണ്ടായിരുന്നു. കുന്തീദേവിക്ക് പുത്രൻ ജനിച്ചു എന്നറിഞ്ഞ്, ഗർഭിണിയായിരുന്ന ഗാന്ധാരി കുന്തീപുത്രന് രാജ്യാധികാരം കിട്ടുമല്ലോ തന്റെ മകന് രാജ്യാധികാരം നഷ്ടപ്പെടുമല്ലോ എന്നിങ്ങനെ ചിന്തിച്ച്, അസൂയയും ദ്വേഷവുംമൂലം ഗാന്ധാരി തന്റെ വയറിനുമേൽ അമർത്തുകയും ഒരു മാംസപിണ്ഡത്തെ പ്രസവിക്കുകയും ചെയ്തു. ഈ മാംസപിണ്ഡത്തെ ഔഷധങ്ങൾ നിറച്ച 101 കുടങ്ങളിലായി സംരക്ഷിച്ച് 101 കുട്ടികൾ ജനിച്ചു. മകന് രാജ്യാധികാരം നഷ്ടപ്പെടുമല്ലോ എന്നു ദു:ഖിച്ച ഗാന്ധാരിയുടെ പുത്രൻ രാജ്യാധികാരത്തിനു വേണ്ടി ദുഷ്പ്രവൃത്തികളിലൂടെ ദുഷ്ടകഥാപാത്രമായി തീരുകയും ചെയ്തു. ഗർഭിണിയായ സ്ത്രീയുടെ മാനസീക ചിന്താഗതികൾ ഗർഭാവസ്ഥയിലിരിക്കുന്ന ശിശുവിനെ എത്രമാത്രം സ്വാധീനിക്കുന്നു എന്നതിനുള്ള ഉത്തമമായ ഉദാഹരണമാണ് ഗാന്ധാരിപുത്രനായ ദുര്യോധനൻ. ഭൂമിയിൽ പിറക്കും മുമ്പേ അധികാരമോഹവും ശത്രുതയും അസൂയയും അമ്മയിലൂടെ ലഭിച്ച ദുര്യോധനൻ ആജീവാനന്തം ആ ദുർഗുണങ്ങൾ തന്റെ സ്വഭാവത്തിൽ പ്രതിഫലിപ്പിക്കുകയും ചെയ്തു. അഭിമാനിയും പ്രതാപിയും ശക്തിമാനുമായിരുന്നു ദുര്യോധനൻ. സഹോദരങ്ങളെല്ലാം അദ്ദേഹത്തിന്റെ വാക്കുകളെ മാനിച്ചിരുന്നു. നല്ല യോദ്ധാവ് എന്നർത്ഥം വരുന്ന സുയോധനൻ എന്നായിരുന്നു





ദുര്യോധനന്റെ പേര്. ആയോധനകലയിൽ ആർക്കും കീഴ്പ്പെടുത്താൻ കഴിയാത്ത യോദ്ധാവ് എന്നർത്ഥം വരുന്ന ദുര്യോധനൻ എന്ന പേര് മതി തനിക്കെന്ന് ദുര്യോധനൻ തന്നെ തീരുമാനിച്ച് സ്വയം ആ പേരു സ്വീകരിച്ചു. ഗാന്ധാരീപുത്രനായ സുയോധനൻ അങ്ങനെ ദുര്യോധനൻ ആയി. ദുര്യോധനിൽ സദ്ഗുണങ്ങളും ധാരാളം ഉണ്ടായിരുന്നു. ശക്തിയുടെ രാജാവെന്നും ആത്മബലത്തിന്റെ രാജാവെന്നും ദുര്യോധനനെ വിശേഷിപ്പിച്ചിരുന്നു. കൊടുക്കും തോറും വർദ്ധിക്കും എന്നൊരു അനുഗ്രഹം ദുര്യോധനനു ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് ദുര്യോധനൻ അറിഞ്ഞിരുന്നില്ല. ദുര്യോധനൻ തികഞ്ഞ ഒരു ശിവഭക്തനായിരുന്നു. ദുര്യോധനൻ ഏകപത്നീവ്രതം പാലിച്ചിരുന്നു. ധർമ്മമോ അധർമ്മമോ എന്നു ചിന്തിക്കാതെ ദുര്യോധനൻ തനിക്കു ശരിയെന്നു തോന്നിയത് ആത്മവിശ്വാസത്തോടെ ചെയ്ത് ആജീവനാന്തം രാജാവായി ജീവിച്ചു. യുദ്ധത്തിൽ പരാജയം മുന്നിൽ കണ്ടിട്ടും ധർമ്മം കൈവെടിയാത്ത യോദ്ധാവായിരുന്നു ദുര്യോധനൻ. പോരുവഴി പെരുവിരുത്തി നിവാസികൾക്ക് ദുര്യോധനൻ ദുഷ്ടനല്ല. മലനടയെന്ന ക്ഷേത്രസ്ഥാനത്ത് കുടികൊള്ളുന്ന ചൈതന്യത്തെ അവർ അപ്പൂപ്പൻ എന്നാണ് വിളിക്കുന്നത്. മലനട അപ്പൂപ്പൻ അവർക്ക് ബന്ധുവും മിത്രവും രക്ഷിതാവും സർവ്വ ഐശ്വര്യങ്ങളും നൽകുന്ന കൺകണ്ട ദൈവവുമാണ്. അപ്പൂപ്പനിലൂടെ അവർ ദൈവത്തെ കാണുന്നു. അപ്പൂപ്പനോടു പ്രാർത്ഥിച്ചാൽ തങ്ങളുടെ എല്ലാ സങ്കടങ്ങൾക്കും പരിഹാരമുണ്ടാകുമെന്നും ഐശ്വര്യം വർദ്ധിക്കുമെന്നും അവർ ഉറച്ചു വിശ്വസിക്കുന്നു. വിശ്വാസം രക്ഷിക്കും എന്ന അവരുടെ വിശ്വാസത്തെ നമുക്കും വിശ്വസിക്കാം.

അജ്ഞാത വാസക്കാലത്ത് പാണ്ഡവരെ കണ്ടു പിടിക്കുവാൻ മന്ത്രവാദികളുടെ സഹായം തേടിയെത്തിയ ദുര്യോധനൻ നിബിഡവനമായിരുന്ന ഈ പ്രദേശത്തെത്തി. യാത്രാക്ഷീണവും വിശപ്പും ദാഹവും മൂലം ക്ഷീണിതനായ ദുര്യോധനൻ അവിടെ കണ്ട കൊട്ടാരസദൃശമായ ഒരു വീട്ടിലെത്തി. ഗിരിവർഗ്ഗക്കാരായ ആളുകളായിരുന്നു അക്കാലത്ത് ഇവിടെ വസിച്ചിരുന്നത്. അവരുടെ രാജാവിന്റെ കൊട്ടാരത്തിലാണ് ദുര്യോധനൻ ചെന്നെത്തിയത്. ഈ കൊട്ടാരം കടുത്താശ്ശേരി കൊട്ടാരം എന്നാണ് അറിയപ്പെടുന്നത്. അവിടെ കണ്ട ഒരു സ്ത്രീയോട് താൻ വിശപ്പും ദാഹവും മൂലം ക്ഷീണിതനാണ് എന്നറിയിക്കുന്നു. ആ സ്ത്രീ അദ്ദേഹത്തിന് ഭക്ഷണവും കള്ളും നൽകി . കൂടാതെ നാലുംകൂട്ടി മുറുക്കുവാൻ വേണ്ട സാധനങ്ങളും നൽകി. അകത്തേയ്ക്കു മടങ്ങിയ ആ സ്ത്രീയുടെ താലി പിന്നിലേക്ക് കിടക്കുന്നതു കണ്ട ദുര്യോധനന് തന്നെ സൽക്കരിച്ചത് താഴ്ന്ന ജാതിയിൽ പെട്ട സ്ത്രീയാണെന്ന് ബോദ്ധ്യമായി. താൻ സൽക്കരിച്ചത് ഏതോ വിശിഷ്ട വ്യക്തിയെയാണ് എന്ന് ആ സ്ത്രീക്കും മനസ്സിലായി. അവരുടെ ആതിഥ്യം സ്വീകരിച്ച ദുര്യോധനൻ അവരെ അനുഗ്രഹിച്ചു. തന്നെ സ്മരിച്ചാൽ നിശ്ചയമായും കാര്യസാദ്ധ്യം ഉണ്ടാകുമെന്നും അറിയിച്ചു. ദുര്യോധനൻ അവർക്ക് 150 ഏക്കർ സ്ഥലം ദാനം നൽകിയെന്നും പറയപ്പെടുന്നു. അവിടെ നിന്നും ഇറങ്ങി ദുര്യോധനൻ ഒരു സ്ഥലത്ത് പ്രാർത്ഥനാനിരതനായി ഇരുന്നു. ആ സ്ഥലമാണ് ഇന്നു കാണുന്ന ദുര്യോധന ക്ഷേത്രസ്ഥാനം എന്നാണ് വിശ്വസിക്കുന്നത്. ദുര്യോധനൻ എത്തിയ കുറവസമുദായത്തിൽ പെട്ട ഗിരിവർഗ്ഗരാജാവിന്റെ കുടുംബത്തിലുള്ളവരാണ് ദുര്യോധനക്ഷേത്രത്തിൽ ഇന്നും പൂജകൾ നടത്തുന്നത്. ഇവരെ ഊരാളികൾ എന്നാണ് അറിയപ്പെടുന്നത്. ഊരാളിയെന്നാൽ ഊരിന്റെ അധിപൻ എന്ന് അർത്ഥം കല്പിക്കുന്നു. ഇവിടെ സാധാരണ ക്ഷേത്രങ്ങളിലേതുപോലെ ശ്രീകോവിലോ ഗർഭഗ്രഹമോ വിഗ്രഹമോ പ്രതിഷ്ഠകളോ ഒന്നുമില്ല. സാമാന്യം വലിപ്പമുള്ള ഒരു തറ മാത്രമാണ് കാണുന്നത്. ഈ തറയുടെ മുന്നിലായി സോപാന സമാനമായ ഒരു ഭാഗം കാണാം. അവിടെ രണ്ടു വശത്തായി രണ്ടു കാളകളുടെ രൂപവും കാണാം. ശിവഭക്തനായ ദുര്യോധനൻ പരമശിവനെ പ്രാർത്ഥിച്ചിരുന്ന സ്ഥാനമെന്നതിനാലാകാം നന്ദികേശരൂപങ്ങൾ കാണുന്നത്. യുദ്ധവീര്യത്തെ സൂചിപ്പിക്കുന്ന കൊടി അടയാളവും വലിയ ഗദയുടെ രൂപങ്ങളും കാണാം. ഇവയാണ് ദേവസങ്കല്പസ്ഥാനത്തിനു മുന്നിലായി കാണുന്നത്. വെറ്റില, അടയ്ക്ക, പുകയില എന്നിവ നടയിൽ വയ്ക്കുന്നതാണ് ഇവിടുത്തെ പ്രധാന വഴിപാട്. ഇത് അടുക്ക് എന്നാണ് അറിയപ്പെടുന്നത്. കോഴിയെ നടയിൽ സമർപ്പിക്കുന്നതും പ്രധാനമാണ്. കറുപ്പോ, ചുവപ്പോ നിറമുള്ള പട്ട്, കള്ള് എന്നിവയും സമർപ്പിക്കാറുണ്ട്. ക്ഷേത്രാഘോഷ വേളകളിൽ ഇവിടെ കഥകളി നടത്താറുണ്ട്. എന്നാൽ ദുര്യോധനവധം കഥ ഇവിടെ ആടാൻ പാടില്ല. അടവി പൂജ ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു പൂജയാണ്. ചുട്ടെടുത്ത ഏത്തപ്പഴവും ചുട്ട കാച്ചിലും കലശത്തിൽ കള്ളും അർപ്പിച്ചു നടത്തുന്ന ചടങ്ങാണ് ഇത്. കുംഭമാസത്തിലെ ആദ്യത്തെ ചൊവ്വാഴ്ച അവിലും കള്ളും നിവേദിക്കുന്നു. പൊങ്കാല സമർപ്പണവും ഇവിടെ അതിവിശേഷമായി കരുതുന്നു. ദുര്യോധനസങ്കല്പസ്ഥാനത്തിനു സമീപങ്ങളിലായി കർണ്ണൻ, ദ്രോ

ണാചാര്യർ ദുശ്ശളയുടെ മകൻ എന്നിവരെ സങ്കല്പിക്കുന്ന സ്ഥാനങ്ങളുണ്ട്. ദുര്യോധന ക്ഷേത്രത്തിനു കുറച്ചകലെയായി ശകുനിക്കും ക്ഷേത്രസ്ഥാനമുണ്ട്.

ജന്മംകൊണ്ട് കുന്തീപുത്രനായിരുന്നെങ്കിലും രാധേയനെന്നും സൂതപുത്രനെന്നും അറിയപ്പെട്ടിരുന്ന കർണ്ണൻ ദുര്യോധനന്റെ ആത്മമിത്രമായിരുന്നു. സത്ഗുണസമ്പന്നനും ആയോധനകലകളിൽ അഗ്രഗണ്യനുമായിരുന്നിട്ടും പലരുടേയും പരിഹാസങ്ങളുടേയും അവജ്ഞയുടേയും കയ്പ്പറിഞ്ഞു ജീവിക്കേണ്ടി വന്ന ഒരു വ്യക്തിയായിരുന്നു കർണ്ണൻ. ജീവിതകാലത്ത് സ്വന്തം കുലമഹിമപോലും ലഭിച്ചിട്ടില്ലാത്ത കർണ്ണന് അല്പമെങ്കിലും ആശ്വാസത്തിന്റെ കുളിരേകിയത് ദുര്യോധനനായിരുന്നു. പാണ്ഡവരോട് എതിരിടാനുള്ള കർണ്ണന്റെ യോഗ്യതയെ ചോദ്യം ചെയ്യപ്പെട്ട് കുലമഹിമ കുറഞ്ഞവനെന്നു പറഞ്ഞ് കർണ്ണനെ മാറ്റി നിർത്തിയപ്പോൾ, ഋഷിമാരും തത്വചിന്തകരും യോദ്ധാക്കളും കുലമഹിമക്കൊണ്ടല്ല, അവരുടെ കഴിവുകൾകൊണ്ടാണ് അംഗീകരിക്കപ്പെടുന്നത് എന്നു പറഞ്ഞ ദുര്യോധനൻ രാജ്യം പകുത്തു നൽകി കർണ്ണനെ അംഗരാജാവാക്കി വാഴിച്ചു. തന്റെ ആദർശങ്ങളിൽ നിന്നും അണുവിട വ്യതിചലിക്കാത്ത കർണ്ണൻ ദുര്യോധനോടുള്ള കടപ്പാടും സ്നേഹവും സത്യസന്ധതയും ജീവിതാന്ത്യംവരേയും ഒരു പിഴവും കൂടാതെ പാലിച്ചു. സ്വന്തം സഹോദരങ്ങളുടെ വേർപാടിനെക്കാൾ ദുര്യോധനനെ ദു:ഖിതനാക്കിയത് കർണ്ണന്റെ വിയോഗമായിരുന്നു. ദുര്യോധന ക്ഷേത്രത്തിന്റെ തെക്കുവശത്തായി ഒരു കാവുണ്ട്. ഇത് തെക്കേപ്പുറത്തു തമ്പുരാൻ കാവ് എന്നറിയപ്പെടുന്നു. തെക്കേപ്പുറത്തു കാവിലെ സാന്നിദ്ധ്യം കർണ്ണന്റേതാണ്. ഈ കർണ്ണസാന്നിദ്ധ്യത്തെ വ്യാധി തമ്പുരാൻ എന്നാണറിയപ്പെടുന്നത്. ഉദരവ്യാധികൾക്ക് വ്യാധിത്തമ്പുരാനെ പ്രാർത്ഥിച്ചാൽ ഭേദമാകുമെന്നാണ് വിശ്വാസം. ഒരു സിദ്ധൻ ഇവിടെ ഇരുന്നു പ്രാർത്ഥിച്ചിരുന്നു. അദ്ദേഹം എത്ര കടുത്ത ഉദരവ്യാധികളും ഭേദമാക്കിയായിരുന്നു എന്നും ആ സിദ്ധൻ കർണ്ണനായിരുന്നു എന്നും വിശ്വസിക്കുന്നു. മലനടയിലെ തെക്കുപ്പുറത്തു കാവിൽ കർണ്ണൻ വ്യാധിത്തമ്പുരാനായി കുടിക്കൊള്ളുന്നു.

അടുത്തത് ചെമ്പിട്ട കൊട്ടാരമാണ്. ഒരു പ്രത്യേക തരത്തിൽ ചെമ്പുമേഞ്ഞിട്ടുള്ള കൊട്ടാരമാതൃകയിലുള്ള ചെറിയ വീട് , അതാണ് ചെമ്പിട്ട കൊട്ടാരം. ഇവിടെയും ഒരു സിദ്ധൻ പാർത്തിരുന്നു എന്നാണ് വിശ്വാസം. ഈ സിദ്ധൻ മാനസിക വിഭ്രാന്തിയുള്ളവരെ അസുഖത്തിൽ നിന്നും രക്ഷപ്പെടുത്തിയിരുന്നു എന്നു വിശ്വസിക്കുന്നു. അശ്വദ്ധാമാവിന്റെ പിതാവും കൗരവരുടെയും പാണ്ഡവരുടെയും ഗുരുവുമായിരുന്ന ദ്രോണാചാര്യരാണ് ചെമ്പിട്ട കൊട്ടാരത്തിലെ ഗുരുഭാവവും സിദ്ധഭാവവും ഒത്തുചേർന്ന ആ അപ്പൂപ്പൻ. ദുര്യോധന ക്ഷേത്രത്തിലും ഉപക്ഷേത്രങ്ങളിലും ഊരാളിമാർ പൂജകൾ നടത്തുമ്പോൾ ചെമ്പിട്ട കൊട്ടാരത്തിൽ മാത്രം ബ്രാഹ്മണരാണ് പൂജകൾ നടത്തുന്നത്. അകത്ത് രണ്ട് അറകളാണ് ചെമ്പിട്ട കൊട്ടാരത്തിനുള്ളത്. ഇവിടെ അറയ്ക്കു മുന്നിൽ നിത്യം വിളക്കു വെയ്ക്കാറുണ്ട്. വർഷത്തിൽ രണ്ടു തവണ മാത്രമേ ഈ കൊട്ടാരം തുറക്കാറുള്ളൂ. വൃശ്ചികം ഒന്നിനും ദുര്യോധനക്ഷേത്രത്തിലെ ഉത്സവ കൊടിയേറ്റു ദിവസവും മാത്രം. ചെമ്പിട്ട കൊട്ടാരത്തിനടുത്തു തന്നെ പൂഴിശ്ശേരി കൊട്ടാരവും കാവും കാണാം. ഇത് അമ്മൂമ്മക്കാവ് എന്നാണറിയപ്പെടുന്നത്. മലനടയുടെ ഐശ്വര്യത്തിന്റെ മൂലകേന്ദ്രം എന്നാണ് പൂഴിശ്ശേരി കൊട്ടാരത്തെ വിശേഷിപ്പിക്കുന്നത്. ഇവിടെയും അറയ്ക്കു മുന്നിൽ വിളക്കു വെച്ചിട്ടുണ്ട്. കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരും കന്നുകാലികളെക്കൊണ്ടു ജീവിക്കുന്നവരും അവരുടെ ശ്രേയസ്സിനും അഭിവൃദ്ധിക്കും ഫലഭൂയിഷ്ടതയ്ക്കും വേണ്ടി അമ്മൂമ്മയുടെ നടയിൽ പ്രാർത്ഥിക്കുന്നു. ഇത് ദുശ്ശളയുടെ സാന്നിദ്ധ്യമാണെന്നും കരുതുന്നു. കാളകളുടെ രൂപവും മണിയും നടയിൽ വയ്ക്കുന്നത് ഇവിടെ പ്രധാനമാണ്. പൂഴിശ്ശേരി കൊട്ടാരത്തിലെ ദേവീസാന്നിദ്ധ്യത്തെ ഇവിടെ അമ്മൂമ്മയായി, മലനടയുടെ ഐശ്വര്യദേവതയായി ആരാധിക്കുന്നു.

മലനട ക്ഷേത്രത്തിലെ ഉപദേവസ്ഥാനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന സ്ഥാനമാണ് കിഴക്കേപ്പുറത്ത് അപ്പൂപ്പൻകാവ്. ഇവിടെയും പ്രതിഷ്ഠകളില്ല. ദുര്യോധനസ്ഥാനസമാനമായ ഒരു ചെറിയ തറയും കാവുമാണുള്ളത്. അപ്പൂപ്പൻകാവെന്നാണിതറിയപ്പെടുന്നത് . ദുര്യോധനക്ഷേത്രത്തിലെ അതേ വഴിപാടുകളാണ് ഇവിടെയും പ്രധാനം. ദുര്യോധന ക്ഷേത്രത്തിലെത്തുന്നവർ ഇവിടെയും തൊഴുതാൽ മാത്രമേ പൂർണ്ണഫലം ലഭിക്കുകയുള്ളൂ എന്നു വിശ്വസിക്കുന്നു. ഇവിടെ ദുര്യോധനന്റെ സഹോദരി ദുശ്ശളയുടെ പുത്രന്റെ സാന്നിദ്ധ്യമാണ്. ദുര്യോധനന്റെ സന്തതസഹചാരിയും കാര്യസ്ഥനുമായിരുന്ന ഈ അനന്തിരവനെയാണ് മലനടയുടെ കാര്യങ്ങളെല്ലാം ദുര്യോധനൻ ചുമതലപ്പെടുത്തിയിരുന്നത്. മലനടയിൽ നിന്നാണ് ദുര്യോധനൻ കുരുക്ഷേത്ര യുദ്ധത്തിനു പുറപ്പെട്ടത് എന്നു വിശ്വസിക്കുന്നു. ഞാൻ പോയി വരുമ്പോഴേക്കും മലനടയിലെ കാര്യങ്ങളെല്ലാം ഭംഗിയായി നോക്കണം. അതിഗംഭീരമായ ആഘോഷങ്ങൾക്കുള്ള ഒരുക്കങ്ങൾ നടത്തണമെന്നും കൃത്യദിവസം ഞാൻ തിരികെയെത്തിയില്ലായെങ്കിൽ കല്ലുവെട്ടിക്കൂട്ടി അതിനു മുകളിൽ കരിക്കു വെട്ടി സമർപ്പിക്കണമെന്നും അനന്തിരവനോട് പറഞ്ഞേൽപ്പിച്ചിട്ടാണ് ദുര്യോധനൻ യുദ്ധത്തിനായി പുറപ്പെട്ടത്. യുദ്ധത്തിൽ വിജയിച്ചു വരുമ്പോൾ ആഘോഷിക്കണമെന്നും വന്നില്ല എങ്കിൽ മരിച്ചതായി കരുതി അന്ത്യകർമ്മങ്ങൾ നടത്തണം എന്നും പറഞ്ഞേല്പിച്ചു എന്നുമാണ് വിശ്വാസം.

ദുര്യോധനക്ഷേത്രത്തിന്റെ മൂലസ്ഥാനമാണ് കടുത്താശ്ശേരി കൊട്ടാരം. ഗിരിവർഗ്ഗരാജാവും മന്ത്രവാദിപ്രമുഖനുമായിരുന്ന ഭാരതമലയന്റെ കൊട്ടാരമായിരുന്നു ഇത്. മന്ത്രവാദി പ്രമുഖനെ അന്വേഷിച്ച് വനപ്രദേശത്തെത്തിയ ദുര്യോധൻ വിശപ്പും ദാഹവും മൂലം ക്ഷീണിതനായി ദാഹജലം തേടിയെത്തിയ വീടാണിത്. മന്ത്രവാദിയുടെ വീടാണെന്നറിയാതെയാണ് അദ്ദേഹം അവിടെയെത്തിയത്. പിന്നീടാണ് ദുര്യോധനൻ ഇന്നു കാണുന്ന ക്ഷേത്രസ്ഥാനത്തു ധ്യാനനിരതനായി ഇരുന്നത് എന്നാണ് വിശ്വാസം. ഒരു പ്രത്യേക സമുദായത്തിൽ പെട്ട കടുത്താശ്ശേരി തറവാട്ടിലെ പിൻഗാമികളാണ് മലനടക്ഷേത്രത്തിലെ പൂജാരിമാർ. ഇവരെ ഊരാളിയെന്നറിയപ്പെടുന്നു. മലനടക്ഷേത്ര ഉത്സവകൊടിയേറ്റിനുള്ള കൊടി കടുത്താശ്ശേരി കൊട്ടാരത്തിൽ നിന്നാണ് എഴുന്നള്ളിച്ചു കൊണ്ടു വരുന്നത്. മീനമാസത്തിലെ ആദ്യവെള്ളിയാഴ്ചയാണ് കൊടിയേറ്റ് നടത്തുന്നത്. കൊടിയേറ്റുന്ന അന്നു മുതൽ ഊരാളി കടുത്താശ്ശേരി കൊട്ടാരത്തിൽ വ്രതാനുഷ്ഠാനത്തോടെ കഴിയുന്നു. രണ്ടാമത്തെ വെള്ളിയാഴ്ച നടക്കുന്ന മനക്കുട മഹോത്സവത്തിന് നൂറുകണക്കിന് കെട്ടുകാഴ്ചകൾ ക്ഷേത്രമൈതാനത്തെത്തും. ഇത്രയും കെട്ടുക്കാഴ്ചകൾ ഒന്നിച്ചണിനിരക്കുന്ന മറ്റൊരു ക്ഷേത്രം കേരളത്തിൽ ഉണ്ടാവില്ല. അന്ന് കടുത്താശ്ശേരി കൊട്ടാരത്തിൽ നിന്നും ഊരാളി കുടയും ചൂടി വാദ്യമേളങ്ങളുടെ അകമ്പടിയോടെ ക്ഷേത്രമൈതാനത്തെത്തുന്ന കെട്ടുക്കാഴ്ചകൾക്കിടയിലേക്കെഴുന്നള്ളി അവരെ അനുഗ്രഹിച്ചതിനു ശ്ശേഷം ക്ഷേത്രത്തിലേക്കു മടങ്ങുന്നു. പിന്നാലെ ഭക്തർ കെട്ടുകാഴ്ചകളുമായി ക്ഷേത്രനടയിലെത്തി തൊഴുതു മടങ്ങുന്നു. ദുര്യോധനൻ പറഞ്ഞിരുന്നതുപോലെ ആഘോഷങ്ങളെല്ലാം ഒരുക്കിയെങ്കിലും ദുര്യോധനൻ എത്താതിരുന്നതിനാൽ ഉത്സവം കഴിഞ്ഞാലും ഇവിടെ കൊടി ഇറക്കാറില്ല. അടുത്ത ഒരാഴ്ച കൂടി ദുര്യോധനന്റെ വരവും കാത്തിരിക്കുന്നു. ഒരാഴ്ച കൂടി കാത്തിരുന്ന ശേഷം മൂന്നാം വെള്ളിയാഴ്ച കൊടിയിറക്കുന്നു. അതിനു ശ്ശേഷം രാത്രി 12.30 ന് മരണാനന്തര പൂജകൾ നടത്തുന്നു. ക്ഷേത്രത്തിനു പുറത്ത് ആൽത്തറയിൽ വച്ചു നടത്തപ്പെടുന്ന ഈ കർമ്മം വായ്ക്കരി പൂജ എന്നറിയപ്പെടുന്നു.

പ്രത്യേക സമുദായക്കാരാണ് പൂജകൾ നടത്തുന്നത്. എങ്കിലും ശാസ്താംകോട്ട പഞ്ചായത്തിലെ പനപ്പെട്ടിക്കര, അമ്പലത്തുംഭാഗം , ഇടക്കാട് തെക്ക്, ഇടക്കാട് വടക്ക്, എന്നീ സ്ഥലങ്ങൾക്കു പുറമേ വടക്കേമുറി, നടുവിലേമുറി, പള്ളിമുറി എന്നീ ഏഴു കരകളിലെ എല്ലാ ഹൈന്ദവ സമുദായങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 25 അംഗഭരണസമിതിയാണ് ക്ഷേത്രഭരണ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. ജാതിഭേദമില്ലാതെ ക്ഷേത്രവിശ്വാസികൾ ക്ഷേത്രഭരണം നടത്തുന്നതിന്റെയും ഹിന്ദുഐക്യത്തിന്റെ ഒരുത്തമ ഉദാഹരണമാണിത്. കേരളത്തിൽ തൃശൂർ പൂരം കഴിഞ്ഞാൽ ഏറ്റവും വലിയ വെടിക്കെട്ട് മത്സരം നടക്കുന്നതും ഇവിടെയാണ്. ഇത് മലനടകമ്പം എന്ന് അറിയപ്പെടുന്നു.

ശക്തിയുടെയും ആത്മബലത്തിന്റെയും രാജാവെന്നു വിശേഷിപ്പിക്കുന്ന ദുര്യോധന സങ്കല്പം മലനട വാസികളുടെ ആത്മബലവും ആരാധനാപാത്രവുമാണ്. അതിവിശാലമായി കാണപ്പെടുന്ന മലനടക്ഷേത്രഭൂമിയുടെ ഉടമസ്ഥൻ ദുര്യോധനനാണ്. ഇന്നും ദുര്യോധനന്റെ പേരിലാണ് ഈ ക്ഷേത്രഭൂമിയുടെ കരം അടയ്ക്കുന്നത്. ഒരു ഗ്രാമം ഒന്നടങ്കം ഈ ക്ഷേത്രമില്ലാ ക്ഷേത്രസ്ഥാനത്തിന് എത്രമാത്രം പവിത്രത കല്പിക്കുന്നു എന്നത് പറഞ്ഞറിയിക്കുക പ്രയാസമാണ്. മലനട ഗ്രാമവാസികൾ അവരുടെ ദേശാധിപനായും ഗോത്രാധിപനായും മിത്രമായും സംരക്ഷകനായും കുലാധിപനായും ബന്ധുവായും പിതൃതുല്യനായും കൺകണ്ട ദൈവമായും വിശ്വസിച്ചാരാധിക്കുന്ന ഈ ക്ഷേത്രസ്ഥാനചൈതന്യത്തെ നമുക്കും ശിരസ്സാ നമിക്കാം.


ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

# മഹാഭാരത കഥ പ്രാധാന്യം, വിവരിച്ച സന്ദർഭം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

## യയാതി (തുടർച്ച)

യയാതിയും ദേവയാനിയും സന്തോഷകരമായ ദിനങ്ങൾ ആഘോഷിച്ചു. ദേവയാനിക്ക് ഒരു പുത്രൻ ജനിച്ചു. എന്നാൽ ശർമ്മിഷ്ഠയാകട്ടെ തന്റെ യൗവ്വനം വൃഥാ നശിച്ചുപോകുന്നതിൽ പരിതപിച്ചു കൊണ്ടു കാലം കഴിച്ചുകൂട്ടി. എങ്ങനെയാണ് തന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുക എന്നാലോചിച്ചു വിഷമിച്ചു. ദേവയാനി തിരഞ്ഞെടുത്ത ആളെ തന്നെ താനും ഭർത്താവായി സ്വീകരിച്ചാലോ എന്നാലോചിച്ചു. എന്തായാലും ഈ രാജാവിൽനിന്നും തനിക്കൊരു പുത്രനുണ്ടാവണം എന്നു തീരുമാനിച്ചുറച്ചു. ഒരു ദിവസം രാജാവ് ശർമ്മിഷ്ഠയെ അവരുടെ അശോകവനത്തിൽവെച്ചു കണ്ടു. രാജാവിനെ ഒറ്റക്കവിടെ കണ്ട ശർമ്മിഷ്ഠ പുഞ്ചിരിച്ചുകൊണ്ട് കൈകൂപ്പി അഭിവാദ്യം ചെയ്തു. അദ്ദേഹത്തോട് തന്റെ യൗവനത്തെ ഉപയോഗശൂന്യമാക്കരുതെന്നപേക്ഷിച്ചു. രാജാവു പറഞ്ഞു, ശർമ്മിഷ്ഠയുടെ കുലീനതയേക്കുറിച്ചോ സൗന്ദര്യത്തേക്കുറിച്ചോ യാതൊരു സംശയവുമില്ല.. പക്ഷെ ഞാൻ ദേവയാനിയുടെ കരംഗ്രഹിച്ച സമയത്ത് ശുക്രാചാര്യർ പറഞ്ഞിരുന്നു, ശർമ്മിഷ്ഠയെ തന്റെ കിടപ്പുമുറിയിലേക്ക് ക്ഷണിക്കരുതെന്ന്.

രാജാ പ്രമാണം ഭൂതാനാം സ നശ്യേത മൃഷാ വദൻ
അർധകൃഛ്യമപി പ്രാപ്യ ന മിഥ്യാ കർതുമുത്സഹേ

ജനങ്ങളുടെ മുൻപിൽ രാജാവു തന്റെ പ്രതിഛായ കാത്തുസൂക്ഷിക്കണം. ഏതു രാജാവാണോ കള്ളം പറയുന്നത് അവരതിന്റെ ഭവിഷ്യത്ത് അനുഭവിക്കും. അതുകൊണ്ട് അത്തരം ഒരു അസത്യത്തിലേക്ക് ഞാൻ പോകില്ലയെന്നു പറഞ്ഞ് യയാതി പിൻതിരിയാൻ ശ്രമിച്ചു. തന്നോട് ആരെന്തെങ്കിലും ചോദിച്ചാൽ താനതു കൊടുക്കും, എന്തു വേണമെന്നു ചോദിച്ച യയാതിയോട് മാതൃത്വം എന്ന ദിവ്യമായ ആവശ്യമാണ് തനിക്കു വേണ്ടതെന്ന് ശർമ്മിഷ്ഠ പറഞ്ഞു.

ത്രയ എവാധനാ രാജൻ ഭാര്യാ ദാസസ്തധാ സുതഃ
യത് തേ സമധിഗഛന്തി യസ്യൈതേ തസ്യ തദ് ധനം

അല്ലയോ രാജാവേ, മൂന്നു വ്യക്തികൾക്ക് സ്വന്തമായി ധനസമ്പാദ്യം സാധ്യമല്ല. ഒന്ന് ഭാര്യ, രണ്ട് അടിമ, മൂന്ന് പുത്രൻ. ഇതു കൂടാതെ ശർമ്മിഷ്ഠ വീണ്ടും പറഞ്ഞു, ഞാൻ ദേവയാനിയുടെ അടിമയാണ്. അങ്ങ് ദേവയാനിയുടെ ഉടമസ്ഥനും. അങ്ങനെവരുമ്പോൾ അങ്ങ് എന്റെ ഉടമസ്ഥനാണ്. അതുകൊണ്ട് എന്റെ ആഗ്രഹപൂർത്തീകരണച്ചുമതല അങ്ങെയ്ക്കാണ്. ഇവിടെ വൈശമ്പായൻ പറയുന്നത്, ശർമ്മിഷ്ഠയുടെ വാദഗതി യയാതിക്ക് അനുസരിക്കേണ്ടിവന്നുവെന്നാണ്. അങ്ങനെ അവർക്ക് താമസിയാതെ ഒരു പുത്രനുണ്ടായി. വിവരമറിഞ്ഞ ദേവയാനിയുടെ ചോദ്യങ്ങൾക്കു മുൻപിൽ ശർമ്മിഷ്ഠ തന്റെ കുട്ടി ഒരു ഋഷിപുത്രനാണെന്നു പറഞ്ഞു. ദേവയാനിക്കു സംശയം തോന്നാത്ത വിധത്തിൽ ശർമ്മിഷ്ഠ കാര്യങ്ങൾ ഗ്രഹിപ്പിച്ചു.

ദേവയാനിക്ക് യദു, തുർവസു എന്ന് രണ്ടു പുത്രന്മാരുണ്ടായി. ഇതിൽ യദുവിന്റെ വംശമാണ് യദുവംശം (ശ്രീകൃഷ്ണന്റെ വഠശം) . ഇവർ യാദവർ എന്നറിയപ്പെട്ടു.

കാലക്രമേണ ശർമ്മിഷ്ഠക്ക് മൂന്നു പുത്രന്മാർ ജനിച്ചു. ദ്രുഹു, അനുദ്രുഹു, പുരു. ഒരു ദിവസം ദേവയാനി ഈ മൂന്നുപേരേയും കാണുവാനിടയായി. ഈ കുട്ടികളാരെന്ന് രാജാവിനോടും, നിങ്ങളുടെ പിതാവാരെന്നു കുട്ടികളോടും ചോദിച്ചു.കുട്ടികൾ യയാതിയെ ചൂണ്ടിക്കാട്ടി. അടുത്തേക്കോടിവന്ന കുട്ടികളെ യയാതി ഗൗനിച്ചില്ല. പക്ഷെ ദേവയാനിക്കു കാര്യം മനസിലായി. ശർമ്മിഷ്ഠയോടു ദേഷ്യപ്പെട്ട ദേവയാനി ശർമ്മിഷ്ഠ അസുരസ്വഭാവം കാണിച്ചുവെന്നും മറ്റും പറഞ്ഞു. എന്നാൽ ശർമ്മിഷ്ഠ പഴയതുപോലെയല്ല പെരുമാറിയത്. ധൈര്യത്തോട് ദേവയാനിയെ എതിരിട്ടു. ദേവയാനി എങ്ങനെ ഭർത്താവിനെ തെരഞ്ഞെടുത്തു, അതുപോലെതന്നെ താനും തെരഞ്ഞെടുത്തുവെന്നും നിങ്ങൾ ബ്രാഹ്മണപുത്രിയായതുകൊണ്ട് എനിക്കു ബഹുമാനമുണ്ട്. എന്നാൽ ഈ രാജർഷി എന്റെ അന്തസാണ് എന്നും മറ്റും പറഞ്ഞു ദേവയാനിയെ ചൊടിപ്പിച്ചു. ദേവയാനി കരഞ്ഞുകൊണ്ട് ശുക്രാചാര്യരെ സമീപിച്ചു. ധർമ്മത്തിൽ നിന്നും അധർമ്മത്തിന്റെ പാതയിലേക്ക് യയാതി ചലിച്ചുവെന്നും മറ്റും പറഞ്ഞു കരഞ്ഞു.

യയാതി തന്റെ വാദമുഖങ്ങൾ ഒന്നൊന്നായി നിരത്തി.ദാനവരാജാവിന്റെ പുത്രി അവളുടെ യൗവ്വനം മാതൃത്വം കൊണ്ട് അനുഗ്രഹിക്കണമെന്ന ആവശ്യത്തിനു താൻ വഴങ്ങിയതാണെന്നും ഇതനുവദിച്ചില്ലെങ്കിൽ വേദത്തിൽ തന്നെ പറയുന്നത് ഗർഭപാത്രത്തിൽ വച്ചുതന്നെ ഭ്രൂണത്തെ കൊല്ലുന്നതിനു തുല്യമായ പാപമാണെന്നുഠ , ജ്ഞാനികൾ പറയുന്നത് ഭ്രൂണഹത്യാപാപത്തിന് ഇത്തരം കാര്യങ്ങൾ നിഷേധിക്കുന്നവർ ഇരയാകുമെന്നുമാണ്. ശുക്രാചാര്യർക്ക് കോപഠ അടക്കാനായില്ല. അവസാനം അസത്യനായ, ധർമ്മം പാലിക്കാത്ത യയാതിക്ക് വാർദ്ധക്യം ബാധിക്കട്ടെയെന്ന് ശപിച്ചു. യയാതിയുടെ അഭ്യർത്ഥന കൂടിയപ്പോൾ നിനക്ക് ഇതാരിലേക്കു വേണമെങ്കിലും മാറ്റാമെന്നു ശുക്രാചാര്യർ പറഞ്ഞു. അതായത് പുത്രന്മാരാരെങ്കിലും ഈ വാർദ്ധക്യം സ്വീകരിക്കുകയാണങ്കിൽ പഴയതുപോലെ ആകാൻ സാധിക്കും. ഇവിടെ വൈശമ്പായൻ പറയുന്നത് ജരാനര ബാധിച്ച യയാതി രാജകൊട്ടാരത്തിലെത്തി മൂത്ത പുത്രനായ യദുവിനെ വിളിച്ചു വിവരം പറഞ്ഞു. എന്നാൽ വാർദ്ധക്യത്തിലെ പ്രശ്നങ്ങൾ പറഞ്ഞ് യദു പിന്മാറിയിട്ടു പറഞ്ഞു,മറ്റു മക്കളോടു പറയൂ എന്ന്. പിന്നീട് തുർവസുവിനോട് അപേക്ഷിച്ചു. അയാളും പിന്മാറി. ഉയർന്ന കുലത്തിലുള്ള അമ്മ താഴ്ന്ന സംസ്കാരമുള്ള കുട്ടികൾക്കാണ് ജന്മം കൊടുത്തതെന്നും മറ്റും പറഞ്ഞ് യയാതി അവരെ ശപിച്ചു. പിന്നീട് ദ്രുഹുവും അനുദ്രഹുവും പിന്മാറി. അവസാനം യയാതി പുരുവിനെ വിളിച്ചു. ഇവിടെ വൈശമ്പായൻ പറയുന്നത്,

ഏവമുക്തഃ പ്രത്യുവാച പുരുഃ പിതരമഞ്ജസാ
യഥാർത്ഥ മാം മഹാരാജ തത് കരിഷ്യാമി തേ വചഃ

രാജാവു സംസാരിച്ചപ്പോൾ പുരു പറഞ്ഞത് മഹാനായ രാജാവേ അങ്ങു പറയുന്നതുപോലെ ഞാൻ ചെയ്യാം. ഒന്നു കൂടി കടന്ന് ഇങ്ങനെ പറഞ്ഞു, താങ്കളുടെ വാർദ്ധക്യവും അതിന്റെ ഫലവും ഞാനേറ്റെടുക്കാം, എന്റെ യൗവനം താങ്കളേറ്റെടുത്ത് ആസ്വദിക്കൂ. അങ്ങനെ പുരു വാർദ്ധക്യവും യയാതി യൗവ്വനവുമായി ജീവിതം നയിച്ചു. അവസാനം ജീവിതവിരക്തി തോന്നിയ യയാതി പുരുവിന്റെ വാർദ്ധക്യം തിരികെ വാങ്ങി യൗവ്വനം അയാൾക്കു നൽകി. അപ്പോൾ ജനങ്ങൾ ഇങ്ങനെ പറഞ്ഞുവെന്നാണ് വൈശമ്പായൻ പറയുന്നത്,

യഃ പുത്രോ ഗുമസംപന്നോ മാതാപിത്രോഹ്യിതഃ സദാ
സർവ്വമർഹതി കല്ല്യാണം കനീയാനപി സന്തമഃ

ഏതു പുത്രനാണോ മാതാപിതാക്കളുടെ നന്മയെക്കരുതി പ്രപവർത്തിക്കുന്നത് അയാൾക്കാണ് സമ്പത്ത്. അയാൾ ഇളയ പുത്രനാണെങ്കിലും. അങ്ങനെ പുരുവിന്റെ കിരീടധാരണം നടന്നു. യയാതി വാനപ്രസ്ഥം സ്വീകരിച്ചു. ആത്മനിയന്ത്രണത്തിലൂടെയുള്ള ജീവിതത്തിൽ അദ്ദേഹം സ്വർഗ്ഗലോകത്തിലേക്ക് ആനയിച്ചു. ഇവിടെ വൈശമ്പായൻ പറയുന്ന ഒരു ചരിത്രമുണ്ട്.

കുറച്ചുനാൾ യയാതി സ്വർഗ്ഗത്തിൽ കഴിഞ്ഞുവെന്നും അസൂയ പൂണ്ട ഇന്ദ്രൻ അദ്ദേഹത്തെ സ്വർഗ്ഗത്തിൽ നിന്നും പുറത്താക്കിയെന്നുമാണ്.

സ ഗതഃ സ്വർനിവാസം തം നിവസൻ മുദിതഃ സുഖീ
കാലേന ചാതിമഹതാ പുനഃ ശക്രേണ പാതിതഃ
നിപതൻ പ്രച്യുതഃ സ്വർഗ്ഗാദപ്രാപ്തോ മേദിനീതലം
സ്ഥിത ആസീദന്തരിക്ഷേ സ തദേതി ശ്രുതം മയാ

സ്വർഗ്ഗത്തിൽനിന്നും പുറത്താക്കപ്പെട്ട യയാതി ഭൂമിയിൽ പതിക്കാതെ ആകാശത്തിൽ നിലകൊണ്ടുവെന്നാണ്.

പിന്നീടു വീണ്ടും ശക്തരായ വസു, മനു, അഷ്ടക, ഷിബി എന്നിവരോടൊപ്പം വീണ്ടും സ്വർഗ്ഗത്തിലെത്തിയെന്നും മനസിലാക്കിയതായി വൈശമ്പായൻ പറയുമ്പോൾ ജനമേജയന് ഈ ചരിത്രം വിശദമായി അറിയണമെന്നുള്ള ആഗ്രഹം ഉണ്ടായി. ഭൂമിയിൽ ഇന്ദ്രനു തുല്യനായി വാണ കുരുവംശാധിപനായ, ലോകം മുഴുവൻ അറിയപ്പെട്ടിരുന്ന യയാതിയുടെ ഈ വിശദമായ വിവരണം കേൾക്കാനാഗ്രഹമുണ്ടെന്നു കൂടി ജനമേജയൻ പറയുമ്പോൾ വൈശമ്പായൻ തന്റെ വിവരണം തുടങ്ങുകയായി.

യയാതി പുരുവിനെ രാജാവാക്കിയ ശേഷം വനത്തിലേക്കു പോയി. അദ്ദേഹം തന്റെ മനസിനേയും ദ്വേഷചിന്തകളേയും അധീനത്തിലാക്കി സകലതും ത്യജിച്ച് ഫലമൂലാദികൾ മാത്രം ഭക്ഷിച്ച് വാനപ്രസ്ഥത്തിൽ ഒരു മനുഷ്യൻ ആചരിക്കേണ്ട നിയമങ്ങളെല്ലാം പാലിച്ചു കഴിഞ്ഞു. 30 വർഷം ജലം മാത്രം കഴിച്ചു. അതുപോലെതന്നെ മൗനമായി സംസാരിക്കാതെ മനസിനെ നിയന്ത്രിച്ചു കഴിച്ചുകൂട്ടി. ഒരു വർഷം ഉപവാസത്തിൽ വായു മാത്രം എടുത്ത് ഉറങ്ങാതെ കഴിഞ്ഞു. അടുത്ത ഒരു വർഷം അഗ്നിമദ്ധ്യത്തിൽ വസിച്ചു. അതുപോലെതന്നെ ആറു മാസം ഒറ്റക്കാലിൽ തപസ്സുചെയ്തു. അങ്ങനെ കഠിനമായ സാധനകളിലൂടെ വാനപ്രസ്ഥം കഴിച്ചതിന്റെ ഫലമായാണ് സ്വർഗ്ഗത്തിൽ എത്തിയത്. അദ്ദേഹം സ്വർഗ്ഗത്തിൽ എല്ലാവരാലും ആദരിക്കപ്പെട്ടു. അങ്ങനെ അദ്ദേഹം ബ്രഹ്മലോകത്തെത്തിപ്പെട്ടു കഴിഞ്ഞു വരവേ ഇന്ദ്രനുമായുണ്ടായ സംഭാഷണം പ്രത്യേകം പ്രസ്താവ്യമാണ്.ഇന്ദ്രനും യയാതിയുമായുള്ള സംഭാഷണം

യയാതിയുടെ വാർദ്ധക്യം പുരു ഏറ്റെടുക്കുകയും തിരിച്ച് അത് കൈമാറ്റം നടത്തി രാജ്യം

പുരുവിനെ ഏൽപ്പിക്കുകയും ചെയ്തപ്പോൾ യയാതി പുരുവിനോട് എന്തു പറഞ്ഞുവെന്ന ഇന്ദ്രന്റെ ചോദ്യത്തിന് ഉള്ള യയാതിയുടെ മറുപടി ഒരു നല്ല മനുഷ്യൻ എങ്ങനെയാണെന്നുള്ളതാണ്. ദേഷ്യം ഇല്ലാത്ത വ്യക്തി, കോപാകുലനായ വ്യക്തിയേക്കാൾ ഉയർന്നവനാണ്. അതുപോലെതന്നെ ക്ഷമാശീലനായവൻ ക്ഷമിക്കാൻ പറ്റാത്തയാളേക്കാൾ മേലേയാണ്. മനുഷ്യൻ മൃഗങ്ങളേക്കാൾ ഉയർന്നവനായതുപോലെ ജ്ഞാനി അജ്ഞാനിയേക്കാൾ ഉയർന്ന തലത്തിലാണ്. തെറ്റു ചെയ്യുന്നവനോടു തിരിച്ചു തെറ്റുചെയ്യാൻ പാടില്ല. കോപം അടക്കിയില്ലെങ്കിൽ നമ്മളെത്തന്നെ അതു നശിപ്പിക്കും. അടക്കിയാൽ നന്മ പ്രവർത്തിക്കുന്നവനു തുല്ല്യമാകും. വാക്കുകളേക്കൊണ്ട് മറ്റുള്ളവരെ വേദനിപ്പിക്കരുത്. പാപമേറിയതും ചുട്ടുപൊള്ളുന്നതുമായ വാക്കുകൾ മറ്റുള്ളവരെ വേദനിപ്പിക്കും. ധാർമ്മിക മൂല്യങ്ങൾ അനുസരിക്കുന്നവരെ മാത്രം മാതൃക ആക്കുക. അധർമ്മിയുടെ വാക്കുകൾക്കു ചെവി കൊടുക്കരുത്. ക്രൂരമായ വാക്കുകൾ ശരീരത്തിന്റെ ഉള്ളിലേക്ക് തുളച്ചു കയറുന്ന കൂരമ്പുകളായിരിക്കും. ദയ, സുഹൃത് ബന്ധം, നല്ല വാക്ക്, ധർമ്മം കൊടുക്കൽ ഇവയൊക്കെത്തന്നെ ബന്ധങ്ങൾക്ക് ആക്കം കൂട്ടും. അതു കൊണ്ട് എപ്പോഴും മധുരമായി സംസാരിക്കുക. കൊടുക്കലാണ് കാമ്യം, യാചിക്കലല്ല. ബഹുമാനം അർഹിക്കുന്നവർക്കു കൊടുക്കുക. ഇവയൊക്കെയാണ് യയാതി പറഞ്ഞ നല്ല വാക്കുകൾ. ഇതിനുശേഷം ഇന്ദ്രൻ ചോദിച്ചു, അല്ലയോ രാജാവേ, നിങ്ങളുടെ കർമ്മങ്ങളെല്ലാം ചെയ്ത് ലൗകികത വെടിഞ്ഞ് നിങ്ങൾ വാനപ്രസ്ഥത്തിലേക്കു കടന്നില്ലേ. നിങ്ങൾ അവിടെ എങ്ങനെയായിരുന്നു. യയാതിയുടെ മറുപടി ഇങ്ങനെയായിരുന്നു. ഞാൻ അവിടെ ഗന്ധർവ്വന്മാരിലും യക്ഷന്മാരിലും ഒന്നും എന്നോളം ജിതേന്ദ്രിയനായ മറ്റൊരാളെ കണ്ടില്ല. ഇത് ഇന്ദ്രന് രസിച്ചില്ല. ഇന്ദ്രൻ പറഞ്ഞു, അല്ലയോ രാജാവേ, നിങ്ങളേക്കാളും മഹത്വമുള്ളവരേയും നിങ്ങൾക്കു തുല്യരേയും നിങ്ങളേക്കാൾ താഴെയുള്ളവരേയും നിങ്ങൾ കണ്ടില്ല. അതുകൊണ്ട് നിങ്ങൾ ഒരു തരം താഴ്ത്തൽ എന്ന നിലയിൽ സ്വർഗ്ഗത്തിൽനിന്നും താഴേക്കു പോകണം. അപ്പോൾ യയാതി പറഞ്ഞു, എന്റെ അഹങ്കാരം കൊണ്ട് എന്റെ ഗുണങ്ങൾ കുറയുകയാണെങ്കിൽ അങ്ങനെയാകട്ടെ. ഇനി ഇതുപോലെ ആരെയും കണക്കിലെടുക്കാതിരിക്കരുത് . ഇന്ദ്രൻ പറയുകയും യയാതി താഴേക്കു പതിക്കുകയും ചെയ്തു. ഈ സമയം സത്യസന്ധരുടേയും ധാർമ്മികത കൈമുതലുള്ളവരുടേയും അടുത്തേക്ക് എന്നൊരു കാര്യം കൂടി ഇന്ദ്രൻ പറഞ്ഞിരുന്നു. അപ്പോൾ അഷ്ടകൻ വളർച്ച പ്രാപിക്കും. ഇങ്ങനെ പുനർജ്ജന്മം എങ്ങനെയാണെന്നുള്ള വിശദമായ വിവരണങ്ങളാണ് യയാതിയും അഷ്ടകനുമായി നടത്തുന്നത്. തത്ത്വചിന്താപരമായ പ്രകൃതിയുടെ നിലനിൽപും പ്രപഞ്ചത്തിന്റെ ജീവജാലങ്ങൾ ഉൾപ്പെടെയുള്ളവയുടെ ജനനവും നിലനില്പും വസ്തുതകൾ നിരത്തി നടത്തുന്ന വ്യാഖ്യാനങ്ങൾ തത്ത്വചിന്തയിൽ ഉത്സുകരായവർക്ക് അറിവിന്റെ കലവറ തന്നെയാണ് ഈ ചോദ്യോത്തരങ്ങൾ.

യയാതി, ദേവയാനി, ശർമ്മിഷ്ഠ ഇവരുടെ വിവരണം ആധുനികലോകത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്വന്തം പിതാവിന്റെ അഹംഭാവവും അഹങ്കാരവും കൊണ്ട് ശാപത്തിനധീനനായി കാലം കഴിച്ചുകൂട്ടേണ്ടി വന്ന നഹുഷൻ എന്ന പിതാവിന്റെ മക്കളിലൊരാളാണ് യയാതി. സൗന്ദര്യംകൊണ്ടും കഴിവും ജ്ഞാനവും കൈമുതലാക്കി ഭംഗിയായ വാക്കുകളിലൂടെ എല്ലാം കീഴടക്കാമെന്നുള്ള വിശ്വാസി. ഏതെങ്കിലും കാര്യങ്ങൾ തീരുമാനത്തിലെത്തേണ്ടിവരുമ്പോൾ, തത്ത്വചിന്താപരമായ വസ്തുതകൾ നിരത്തി, താനല്ല മറ്റുള്ളവരാണ് ആവശ്യക്കാരെങ്കിലും ഗത്യന്തരമില്ലാതെ സമ്മതിക്കുന്നുവെന്ന തോന്നലുണ്ടാക്കുന്ന ജ്ഞാനിയായ ഒരു നേതാവ്, രാജഭരണം മുലം അധികാരവും കൂടി വരുമ്പോൾ ഒന്നുകൂടി പ്രബലനായിത്തീരുന്നു. ആദ്യം ദേവയാനി തന്നെ വിവാഹം കഴിക്കണമെന്നു പറഞ്ഞപ്പോൾ യയാതി ബ്രാഹ്മണസ്ത്രീയെ വിവാഹം കഴിക്കുമ്പോഴുണ്ടാകുന്ന തടസ്സങ്ങൾ ഉന്നയിച്ചു. ശുക്രാചാര്യരുടെ ശാപത്തിൽനിന്നും രക്ഷപ്പെടാൻ ആചാര്യരുടെ സമ്മതമാവശ്യപ്പെട്ടു. ശർമ്മിഷ്ടയെ സ്വന്തമാക്കണമെന്നുണ്ടായിരുന്നെങ്കിലും ആവശ്യം ശർമ്മിഷ്ഠയുടേതാക്കി മാറ്റി. വീണ്ടും ശുക്രാചാര്യരോട് രക്ഷപ്പെടാൻ വേണ്ടി ദേവയാനിയുടെ ആദ്യചരിത്രം സ്വല്പമൊന്നു പറഞ്ഞു ഭയപ്പെടുത്തി. ലോകസുഖങ്ങളിൽ തൃപ്തി വരാതെ സ്വന്തം പുത്രന്മാർക്ക് വാർദ്ധക്യം നൽകാനൊരുങ്ങി അതിൽ വിജയിക്കുകയും ചെയ്തു. സ്വർഗ്ഗത്തിൽ ചെന്നപ്പോഴും അങ്ങനെ തന്നെ. താനാണ് ജിതേന്ദ്രിയൻ എന്ന മട്ടിൽ സംസാരിച്ചു. അവിടെനിന്നും പുറത്താക്കപ്പെട്ടപ്പോൾ അഷ്ടകനേയും മറ്റും കണ്ട് തത്ത്വചിന്താപരമായ അറിവു പറഞ്ഞ് ഭൂമിയിൽ പതിക്കാതെ രക്ഷപ്പെട്ടു വീണ്ടും സ്വർഗ്ഗത്തലെത്തി. വേദവ്യാസന്റെ യയാതി എന്ന വ്യക്തിത്വം 21–ാം നൂറ്റാണ്ടിൽ കാണപ്പെടുന്ന ചില പ്രവണതകളുമായി സാമ്യമുണ്ടെന്ന പ്രതീതി നൽകുന്നുമുണ്ട്.

സ്വന്തം അച്ഛന്റെ കഴിവിൽ ഉള്ള അദമ്യമായ





വിശ്വാസം, ഏതു പരിതസ്ഥിതിയിലും അച്ഛൻ രക്ഷിക്കുമെന്നുള്ള ആത്മവിശ്വാസം ദേവയാനിയെ പല സന്ദർഭങ്ങളിലും ധാർഷ്ട്യത്തോടെ പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചിട്ടുണ്ട്. സ്വന്തം പുത്രിക്കുവേണ്ടി ചില സത്യങ്ങളെ വളച്ചൊടിക്കുവാൻ അച്ഛനെ പ്രേരിപ്പിച്ച മകൾ, തന്റെ ഇംഗിതത്തിനു വഴങ്ങാത്തവരെ നശിപ്പിക്കുക എന്ന പ്രതികാര വാഞ്ഛ പലപ്പോഴും പ്രകടിപ്പിക്കുന്ന വ്യക്തിത്വം, ആഗ്രഹിക്കുന്നതെന്തും നേടണമെന്ന വാശി, ദേഷ്യം വന്നാൽ ഏതറ്റംവരെയും പോകുന്ന സ്വഭാവമുള്ള അസാധാരണ വ്യക്തിത്വം. ആധുനികയുഗത്തിൽ കുടുംബബന്ധങ്ങൾ ഉലയുമ്പോൾ നാം കാണുന്ന ചില കഥാപാത്രങ്ങളുമായി സാദൃശ്യമുണ്ടോ എന്നു തോന്നുന്നതുപോലെ ചിന്തിക്കുവാനും തോന്നുന്ന പാത്രസൃഷ്ടി.

ശർമ്മിഷ്ഠ ആദ്യകാലത്ത് കുലീനത തുളുമ്പുന്ന അനുസരണശീലം, സാവധാനം കാര്യങ്ങൾ വിചാരിച്ചതുപോലെ കൊണ്ടുവരാനുള്ള കൗശലം, ഇവയെല്ലാംകൊണ്ടു തന്നെ ശർമ്മിഷ്ഠയിൽ വ്യത്യസ്തത കാണുവാൻ കഴിയും. തനിക്കു വേണ്ടുന്ന കാര്യങ്ങൾ വേണ്ടവിധത്തിൽ പറഞ്ഞു തന്റെ തന്നെയധീനതയിലേക്കു തന്നെ വരുത്തുവാനുള്ള ഇഛാശക്തി ശർമ്മിഷ്ഠയുടെ പ്രത്യേകതയാണ്. ഇങ്ങനെ ഈ മൂന്നു കഥാപാത്രങ്ങളിലൂടെ വ്യാസൻ ആധുനികലോകത്തിന് മനസിലാക്കി ചിന്തിച്ചു വേണ്ട മാറ്റം വരുത്തി മുന്നോട്ടു പോകാൻ സഹായിക്കുന്ന രീതിയിൽ വർണ്ണിച്ചിരിക്കുന്നു. ഒപ്പം മനുഷ്യന്റെ പ്രവർത്തിക്കനുസരിച്ച് അവന്റെ ജന്മവും മഹത്വമുള്ളവർ ആരായാലും അവരെ അംഗീകരിക്കേണ്ടത് ധർമ്മാർത്ഥ കാമമോക്ഷങ്ങളിലൂടെ ധാർമ്മികതയിലൂടെ സഞ്ചരിക്കേണ്ട ഒരു വ്യക്തിയുടെ ധർമ്മമാണെന്നുകൂടി ഓർമ്മപ്പെടുത്തുന്നു.

# വിശേഷ ദിവസങ്ങൾ

## 2019 ഫെബ്രുവരി 16 മുതൽ മാർച്ച് 12 വരെ

| | | |
|---|---|---|
| ഫെബ്രുവരി | 16 | ഏറ്റുമാനൂർ ആറാട്ട്, തിരുവൈരാണിക്കുളം ആറാട്ട്, തിരുനാവായ ഏകാദശി |
| | 17 | ഗുരുവായൂർ കൊടിയേറ്റ്, കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം ആരംഭം, മരട് കൊട്ടാരം ഭഗവതി ക്ഷേത്രത്തിൽ താലപ്പൊലി, വടക്കേ ചേരുവാരം വെടിക്കെട്ട് |
| | 18 | തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ ആറാട്ട്, മരട് കൊട്ടാരം ഭഗവതി ക്ഷേത്രത്തിൽ താലപ്പൊലി, തെക്കേചേരുവാരം വെടിക്കെട്ട് |
| | 19 | ചോറ്റാനിക്കര മകം, ചെനക്കത്തൂർ പൂരം |
| | 20 | ആറ്റുകാൽ പൊങ്കാല, ചോറ്റാനിക്കര ആറാട്ട്, തൃപ്പൂണിത്തുറ ഉത്രം തിരുനാൾ ഉത്സവം |
| | 24 | കരയോഗം ശ്രീമദ്ഭാഗവത സപ്താഹയജ്ഞം സമാപനം, ഗുരുവായൂർ ഉത്സവബലി |
| | 25 | മന്നം ചരമദിനം, തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിൽ പറയുത്സവം കൊടിയേറ്റ് |
| | 26 | ഗുരുവായൂർ ആറാട്ട്, ഉത്രാളിക്കാവ് പൂരം |
| മാർച്ച് | 3 | പരമാര ദേവിക്ഷേത്രം കൊടിയേറ്റ് |
| | 4 | ശിവരാത്രി, തൃപ്പൂണിത്തുറ പറയുത്സവം ആറാട്ട് |
| | 8 | ശ്രീരാമകൃഷ്ണ ജയന്തി |
| | 10 | പൂന്താന ദിനം |
| | 11 | കുംഭ ഭരണി |
| | 12 | പരമാര ദേവിക്ഷേത്രം ആറാട്ട് , ശബരിമല കൊടിയേറ്റ് |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം – 31**

ശേഷൻ ശീർഷസഹസ്രനേകശിരസാ ബ്രഹ്മാണ്ഡഭാണ്ഡത്തെ നി–

ശ്ശേഷം കന്ദുകവൽദ്ധരിപ്പവനനന്താഖ്യൻ തവാംശോത്ഭവൻ

രോഷം പൂണ്ടു ജഗത്രയത്തെ വിലയേ വക്ത്രാനലജ്വാലയാ

ശോഷം ചെയ്‌വവനീശ ശീതകരനായ് സേവിപ്പു ത്വദ്ഭക്തരെ

**പദാർത്ഥം:**

ശേഷൻ =ബാക്കിനിൽക്കുന്നവൻ

ശീർഷസഹസ്രൻ = ആയിരം തലയുള്ളവൻ

ഏകശിരസാ = ഒറ്റത്തലകൊണ്ട്

ബ്രഹ്മാണ്ഡഭാണ്ഡത്തെ = ബ്രഹ്മാണ്ഡമാകുന്ന ഭാണ്ഡക്കെട്ടിനെ

നിശ്ശേഷം = അല്പം പോലും ബാക്കിവെക്കാതെ

കന്ദുകവൽ = പന്ത് എന്നവണ്ണം

ധരിപ്പവൻ = താങ്ങുന്നവൻ

അനന്താഖ്യൻ = അനന്തൻ (അവസാനമില്ലാത്തവൻ) എന്ന് പേരുള്ളവൻ

തവാംശോത്ഭവൻ = അവിടുത്തെ അംശമായി ജനിച്ചവൻ

രോഷം പൂണ്ടു = കോപത്തോടെ

ജഗത്രയത്തെ = മൂന്നുലോകത്തെയും

വിലയേ = പ്രളയകാലത്ത്

വക്ത്രാനലജ്വാലയാ = വായിൽനിന്നുള്ള തീയിന്റെ ജ്വാലകളാൽ

ശോഷം ചെയ്‌വവൻ = ഇല്ലാതാക്കുന്നവൻ

ഈശ = ഈശ്വര

ശീതകരനായ് = തണുപ്പുണ്ടാക്കുന്നവനായി

സേവിപ്പൂ ത്വദ്ഭക്തരെ = അവിടുത്തെ ഭക്തന്മാരെ സേവിക്കുന്നു

**ശ്ലോകാർത്ഥം :**

ആയിരം തലകളുള്ള ശേഷൻ. ഒറ്റത്തലകൊണ്ട് ബ്രഹ്മാണ്ഡമാകുന്ന ഭാണ്ഡക്കെട്ടിനെ മുഴുവനായും ഒരു പന്തുപോലെ താങ്ങുന്നവൻ, അനന്തൻ എന്ന് പേരുള്ളവൻ, അവിടുത്തെ ഒരു ഭാഗമായി ജനിച്ചവൻ, രോഷത്തോടെ വായിലെ തീനാളങ്ങൾ കൊണ്ട് മൂന്നുലോകത്തെയും പ്രളയകാലത്തില്ലാതെയാക്കുന്നു. അവൻ അവിടുത്തെ ഭക്തരെ തണുപ്പിച്ച് പരിചരിക്കുന്നു.

**വ്യാഖ്യാ :**

ശേഷൻ ബാക്കിനില്ക്കുന്നവൻ. എല്ലാമില്ലാതെയായാലും അവൻ മാത്രം ബാക്കിനില്ക്കുന്നു. അതുകൊണ്ടു തന്നെ അനന്തൻ, അവസാനമില്ലാത്തവൻ എന്നും പേരു വന്നു. ഗന്ധർവന്മാർ, അപ്സരസ്സുകൾ, സിദ്ധന്മാർ, കിന്നരന്മാർ, നാഗങ്ങൾ, ചാരണന്മാർ എന്നിവർ അനന്തന്റെ ഗുണങ്ങളുടെ അന്തം കണ്ടെത്തുന്നില്ല എന്നതുകൊണ്ടാണ് അനന്തൻ എന്ന പേരുവന്നതെന്നും വിഷ്ണു പുരാണം./ സഹസ്രശീർഷനേകശിരസാ. ആയിരം തലയുള്ളവന് വെറും ഒറ്റത്തല മതി താങ്ങാൻ. ബ്രഹ്മാണ്ഡഭാണ്ഡത്തെ. ബ്രഹ്മാണ്ഡമാകുന്ന ഭാണ്ഡക്കെട്ട്. ബ്രഹ്മാണ്ഡം അന്യത്ര വ്യാഖ്യാനിച്ചിട്ടുണ്ട്. / നിശ്ശേഷം കന്ദുകവൽ. വെറുമൊരു പന്തുപോലെ. ബ്രഹ്മാണ്ഡം നിശ്ശേഷം എന്നു പറഞ്ഞതുകൊണ്ട് അകവും പുറവുമില്ലാത്ത അവസ്ഥയായി. തവാംശോത്ഭവൻ. അവിടുന്നു തന്നെ ഒരംശംകൊണ്ടുണ്ടായതാണ് ഈ അനന്തൻ. ഒരൊറ്റ അംശത്തിന്റെ ഒരൊറ്റത്തലകൊണ്ട് ബ്രഹ്മാണ്ഡം നിശ്ശേഷം താങ്ങാൻ കഴിയുമെങ്കിൽ അങ്ങയുടെ മാഹാത്മ്യം എന്ത്, എന്ന ആശ്ചര്യവും ഇവിടെ ദ്യോതിക്കുന്നു./ വിലയേ രോഷം പൂണ്ട് വക്ത്രാനലജ്വാലയാ ജഗത്രയത്തെ ശോഷം ചെയ്‌വവൻ. കല്പാന്തപ്രളയക്കാലത്ത്, അനന്തന്റെ മുഖങ്ങളിൽ നിന്ന് വിഷാഗ്നിജ്വാലകൾ പോലെ സങ്കർഷണമൂർത്തിയായ രുദ്രൻ ആവിർഭവിച്ച്, മൂന്നു ലോകങ്ങളെയും നശിപ്പിക്കുന്നു എന്ന് വിഷ്ണു പുരാണം./ ഈശ. രക്ഷിക്കുന്നവനേ. ത്വദ്ഭക്തരെ ശീതകരനായ് സേവിപ്പൂ. അവിടുത്തെ ഭക്തന്മാരെയാവട്ടെ ശീതകരനായ്, അമൃതപ്രവാഹം കൊണ്ട് പരിചരിക്കുന്നു. ശീതം തണുപ്പ്. അത് ഈ സന്ദർഭത്തിൽ അമൃതിനെ തന്നെ പ്രതിനിധാനം ചെയ്യുന്നു. എല്ലാം സംഹാരസമയത്ത് നശിക്കുമ്പോഴും അവിടുത്തെ ഭക്തന്മാർ മോക്ഷത്തോടെ അമരത്വം വരിക്കുന്നു.





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**27 –ാമത്തെ സൂത്രം**

തസ്യ വാചക: പ്രണവ:

അവന്റെ (ഈശ്വരന്റെ) പേര് (വാചകം) പ്രണവം (ഓം) ആണ്.

ഈശ്വരനെപ്പറ്റിയുള്ള വിചാര സത്രം തുടരുകയാണ്. ഈശ്വരനെ പ്രതിപാദിക്കാൻ എന്തു വാക്കുപയോഗിക്കും? ഓം ഉപയോഗിക്കും, ഓം കൊണ്ട് വാച്യമായത് (പറയപ്പെട്ടത്, വിവരിക്കപ്പെട്ടത്, സൂചിപ്പിക്കപ്പെട്ടത്) ഈശ്വരൻ. അതുകൊണ്ട് ഈശ്വരന്റെ വാചകം ഓം. പ്രണവം).

വേദത്തിന്റെ സാരമാണ് ഓം. എല്ലാ മന്ത്രങ്ങൾക്കും ആദിയിൽ ഓം ചേർക്കുന്നതിൽ നിന്നും അതിന്റെ പ്രാധാന്യം മനസ്സിലാക്കാം.

'പ്ര 'കർഷേണ ന (ണ) വം ആണ് പ്രണവം. എപ്പോഴും നവ (പുതിയത്) മായത്. ഒരിക്കലും പഴകാത്തത്.

'ണു' എന്നാൽ സ്തുതിക്കുക എന്നർത്ഥമുണ്ട്. ഇതിനാൽ ഈശ്വരൻ സ്തുതിക്കപ്പെടുന്നു എന്നർത്ഥം. ശബ്ദം സ്പന്ദനമാണ്. എല്ലാ സൃഷ്ടിയുടേയും സൂക്ഷ്മ രൂപം സ്പന്ദനമാണ്. ഈശ്വരൻ അതിനും അപ്പുറമാണെങ്കിലും ഏറ്റവും അടുത്തു നിൽക്കുന്ന ശബ്ദത്തെ അവന്റെ ചിഹ്നമായി എടുക്കുന്നു. വാചകം എന്നാൽ പേരെന്നർത്ഥമെടുത്താൽ തെറ്റിദ്ധാരണയുണ്ടാകും. ഗോവിന്ദൻ, കൃഷ്ണൻ, രാമൻ എന്നിങ്ങനെ ധാരാളം പേരുണ്ട്. തിരിച്ചറിയാനൊരു പേര്. അത്ര തന്നെ. ഒരു വീട്ടിൽ തന്നെ ഒരേ പേരുള്ളവരുണ്ടാകും. എന്നാൽ 'ഉത്താന പാദൻ', പാദം (കാൽപത്തി) ഉത്താന (മലർന്നവൻ) മായവൻ, അതായത് ജന്മനാ പാദം മറിഞ്ഞവൻ ഒരാളെ ഉണ്ടാവൂ. അതുപോലെ അച്ഛൻ എന്ന പേര് ജന്മം കൊടുത്തവനേ കിട്ടൂ. അച്ഛൻ എന്ന പേര് വിളിക്കുന്നതിനു മുമ്പ് തന്നെ ആ ബന്ധം നിലവിലുണ്ട്. ഇത്തരത്തിലുള്ളതിന് അവസ്ഥിത നാമം എന്നു പറയും. പ്രണവം അവസ്ഥിത നാമമാണ്. അവ തമ്മിൽ നിത്യ സംബന്ധമാണ്.

ഈശ്വരനെ അജൻ, നിത്യൻ, വിഷ്ണു, ശിവൻ, മുതലായ പേരുകൾ വിളിക്കും. ഗുണകർമ്മ സ്വഭാവമനുസരിച്ച്. അവ ഒന്നിനൊന്ന് വിരുദ്ധവുമാവാം. എന്നാൽ ഓംകാരം പൂർണ്ണതയായതിനാൽ എല്ലാ നാമങ്ങളും അതിലടങ്ങിയിരിക്കുന്നു. എല്ലാ പേരിനോടും ചേരുകയും ചെയ്യും. (ഓം അജായ നമ: , ഓം നിത്യായ നമ:)

പരമാത്മാനിന് 'സച്ചിദാനന്ദ' നെന്ന പേരുണ്ട്. സത്തും ചിത്തും ആനന്ദവുമായവൻ. ഓം ലെ 'അ'ആനന്ദവും. 'ഉ ' ചിത്തും, 'മ്' സത്തും ആണ്.

'അ' ആനന്ദരൂപനായ പരമാത്മാവിനെയും, 'ഉ'ചിത്സ്വരൂപമായ ജീവാത്മാവിനെയും, മ് പ്രകൃതി സത്തയെയും സൂചിപ്പിക്കുന്നു. അ, ഉ – ഇവ സ്വരങ്ങളാണ്. സ്വയം രാജിക്കുന്നവ (പ്രകാശിക്കുന്നവ) എന്നാൽ മ വ്യഞ്ജനമാണ്. സ്വരസഹായത്തോടെയേ പ്രകാശിക്കാനാവൂ. പ്രകൃതിക്ക് ആത്മപ്രേരണയിലെ പ്രവർത്തിക്കാനാകൂ. ഇവിടെ ഈശ്വരന്റെ പൂർണ്ണരൂപമാണ് പ്രകടമാവുന്നത്. ബ്രഹ്മത്തോട് മായ ചേരുമ്പോഴാണ് ഈശ്വരൻ.

വെറും ഭൗതിക ദൃഷ്ടിയിൽ ചിന്തിച്ചാൽ പോലും അ+ ഉ+ മ് എന്നതിലൊരു പൂർണ്ണത കാണാം. വായയിലൂടെ ശ്വാസത്തിന്റെ ഒഴുക്കു കൊണ്ടാണല്ലോ ശബ്ദമുണ്ടാകുന്നത്. അതിനെ നാക്കാണ് വിവിധ ചലനങ്ങളിലൂടെ പല ശബ്ദങ്ങളാക്കിത്തീർക്കുന്നത്. എന്നാൽ മേൽ പറഞ്ഞ മൂന്നിനും നാക്കിന്റെ പ്രവർത്തനമില്ലെന്നു തന്നെ പറയാം. അ വായയിലെ ഏറ്റവും തുടക്ക ശബ്ദവും ഉ ഒടുക്ക ശബ്ദവുമാണ്. മ് വായടച്ച് മൂക്കിലൂടെയുള്ള അന്ത്യശബ്ദവും. വദന കുഹരം മാത്രമല്ല ഏതു കുഹരത്തിൽ നിന്നു വരുന്ന ശബ്ദവും ഓം ൽ അടങ്ങുമെന്നു പറഞ്ഞാൽ ഈ അർത്ഥത്തിൽ ഒട്ടും അതിശയോക്തിയല്ല.

അ+ ഉ = ആണോ ? അതെ. സന്ധി നിയമം അങ്ങിനെയാണ്. വന + ഉത്സവം = വനോത്സവം (വന എന്നതിലെ അന്ത്യ സ്വരം അ യും ഉത്സവത്തിലെ ആദ്യ സ്വരമായ ഉ ഉം ചേർന്നാൽ ന, നോ ആകും. കാലോചിതം, സർവോപരി, പാർശ്വോത്താനാസനം മുതലായ വാക്കുകളും കാണുക). അജപാജപം എന്ന 'ഹംസ മന്ത്രമുണ്ട്'. ഇതു തന്നെയാണ് സോഹം മന്ത്രവും. അതായത് ശ്വാസം ഉള്ളിലേക്കെടുക്കുമ്പോൾ 'സോ' (സ: അർത്ഥം അവൻ, ഈശ്വരൻ) എന്ന ശബ്ദവും പുറത്തു വിടുമ്പോൾ

ഹം (അഹം, ഞാൻ) എന്ന ശബ്ദവും വരും. ഓരോ ശ്വാസത്തിലും 'സോഹം' (പരമാത്മാവാണ്, ജീവാത്മാവ്/അഹം ബ്രഹ്മാസ്മി) എന്ന് നമ്മൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഈ സോഹം - ൽ നിന്ന് 'സ' 'ഹ' എന്നീ വ്യഞ്ജനങ്ങൾ മാറ്റി കളഞ്ഞാലോ? (അതായത് സോഹം - സ,ഹ) അപ്പോൾ ഓം എന്നാണ് ശേഷിക്കുക.

സർവശക്തൻ എന്നതിന് ഇംഗ്ലീഷിൽ Omni Potent എന്നാണ് പറയുക. സർവജ്ഞൻ എന്നതിന് Omni Scient എന്നും സർവവ്യാപി എന്നതിന് Omni Present എന്നും പറയും. Omni എന്നാൽ മുഴുവൻ എന്നർത്ഥം. ഈ വാക്കുകൾ ഓമിൽ നിന്നു വന്നതാകാം.

അ ഉ മ ഇവയ്ക്ക് അനേകം അർത്ഥങ്ങൾ കുറിക്കപ്പെട്ടിട്ടുണ്ട്.

അ - ജാഗ്രത്ത്, ഉ - സ്വപ്നം, മ - സുഷുപ്തി
അ - വാക്ക്, ഉ - മനസ്സ്, മ - പ്രാണൻ
അ - സത്യം, ഉ - രജസ്, മ - തമസ്
അ - ഭൂതം, ഉ - വർത്തമാനം, മ - ഭാവി
അ - ബ്രഹ്മാവ്, ഉ - വിഷ്ണു, മ - ശിവൻ

വ്യാഖ്യാനങ്ങൾ ഇവിടെ അവസാനിക്കുന്നില്ല

ഏതായാലും ഓം എന്ന അപൂർവമായ ശബ്ദ വിശേഷത്തിന്റെ കണ്ടുപിടുത്തം ഋഷിമാരുടെ മഹത്തായ സംഭാവന തന്നെയാണ്. അതിനെ ഈശ്വരന്റെ പ്രതിരൂപം എന്ന നിലയിൽ അത്യുന്നതങ്ങളിൽ പ്രതിഷ്ഠിക്കുകയും സർവപ്രഥമസ്ഥാനം കല്പിക്കുകയും ചെയ്തത് ശ്ലാഘനീയം തന്നെയാണ്.

*(മിനിക്കഥ)*

# സുഖമരണം

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

സായാഹ്നത്തിൽ എന്നും ഒരിടത്ത് സുഹൃത്തുക്കളായ ഏതാനും മുതിർന്ന പൗരന്മാർ ഒത്തു കൂടാറുണ്ട്. ഒരു ദിവസം രാവിലെ അവരിലൊരാൾ മൃതിയടഞ്ഞ വാർത്ത കേട്ടപ്പോൽ ഉടനെ അവർ മരണവീട്ടിലേക്ക് ചെന്നു.

അവരെ കണ്ടതും പരേതന്റെ ഭാര്യ നെഞ്ചത്തിടിച്ച് ഉറക്കെ കരഞ്ഞു പറഞ്ഞു.

ഇത്ര പെട്ടെന്ന് എന്നെ വിട്ടുപോയല്ലോ ദൈവമേ. ഞാൻ ഇതെങ്ങനെ സഹിക്കും?

സുഹൃത്തുക്കൽ പരസ്പരം നോക്കി. ഭർത്താവ് രോഗശയ്യയിലായിരുന്നെങ്കിൽ ഈ സ്ത്രീ ശപിച്ചേനെ. അല്ലാതെ, ശുശ്രൂഷിക്കില്ലായിരുന്നു. ഉറക്കത്തിൽ സുഖമരണം സംഭവിക്കാൻ അയാൾ പുണ്യം ചെയ്തിരിക്കണം. കാരണം, ഭാര്യ ഒരിക്കലും മന:സമാധാനം നൽകിയിട്ടില്ലെന്ന് പലപ്പോഴും അയാൾ പറയുമായിരുന്നല്ലോ.

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
## 2019 ഫെബ്രുവരി /മാർച്ച് മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 14.02.19 | ടി.കെ. ശ്രീകുമാരൻ നായർ | ഡോ. സുന്ദരി. ജി. മേനോൻ | തിരുക്കുറൾ | 1005 |
| 28.02.19 | പി ജി രാമചന്ദ്രൻ | പി. ജയരാമൻ | കങ്കാരുക്കളുടെ നാട്ടിൽ | 1006 |
| 07.03.19 | | ഡോ. ഹരിഹരൻ | Astrology | 1007 |
| 14.03.19 | ജി.പി. പിള്ള | എൻ. സുകുമാര മേനോൻ | മഹാഭാരതത്തിലെ ചില നാടകീയ മുഹൂർത്തങ്ങൾ | 1008 |





തുടർച്ച

# ഉത്തര രാമായണത്തിലൂടെ

**കല്പകം സോമരാജൻ**

അനന്തരം വാസുകി തുടങ്ങിയ സർപ്പ രാജാക്കന്മാരേയും ജയിച്ച് നിവാതകവചന്മാരുടെ രാജ്യത്തെത്തി അവരുമായി ഏറ്റുമുട്ടി, അവസാനം വിരിഞ്ചന്റെ അഭ്യർത്ഥന മാനിച്ച് ഇരുകൂട്ടരും സഖ്യം ചെയ്ത് സസന്തോഷം സ്വരാജ്യത്തേക്കു തിരിക്കുന്നു. ഇതിനിടെ വരുണനോട് യുദ്ധത്തിന് ഉദ്യമിക്കുന്നു. വരുണന്റെ അസാന്നിദ്ധ്യത്തിൽ വരുണാത്മജന്മാരുമായി യുദ്ധം ചെയ്യുന്നു. അവിടെയും വരുണഭൃത്യനായ പ്രഭാസന്റെ അഭ്യർത്ഥന മാനിച്ച് യുദ്ധം നിർത്തി വിജയശ്രീലാളിതനായി ദശാനനൻ ലങ്കയിലെത്തുന്നു.

ഇതിനിടെ രാവണൻ ദേവദൈത്യേയ യക്ഷ ഗന്ധർവ്വ മുനിസിദ്ധ കിന്നരികൾ തുടങ്ങി ഊഴിയിലുള്ള അനേകം സ്ത്രീ രത്നങ്ങളെ കൈയ്യൂക്കിലൂടെ അപഹരിച്ചു സ്വേച്ഛക്ക് വശഗതരാക്കി ഇവരെയും വിമാനത്തിലേറ്റി ലങ്കാപുരിയിലെത്തി.

'മാരാതുരനായ നീചനൊരു ദിവ്യ നാരി നിമിത്തം വരിക മരണവും'

എന്ന് ഈ സതീരത്നങ്ങൾ ശപിക്കുന്നു. ഉന്മത്തനായ രാക്ഷസവീരൻ ഇതൊന്നും അറിഞ്ഞതേയില്ല.

ലങ്കാപുരിയിലെത്തിയ ദശാനനെ സ്വദേശം ഹർഷാരവത്തോടെ സ്വീകരിക്കുന്നു. എന്നാൽ സഹോദരി ശൂർപ്പണഖ തന്റെ പരാതി സഹോദര സമക്ഷം സമർപ്പിക്കുന്നു. ഇതിന് പരിഹാരം കാണാമെന്നും യുദ്ധോദ്യോദ്യമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സമയത്ത് മറ്റു ചിന്തകൾ ഒന്നുമില്ലെന്നും പറഞ്ഞ് സഹോദരിയെ ആശ്വസിപ്പിക്കുന്നു. സമയംവിനാ സഹോദരിയെ ഭർത്തൃമതിയാക്കുന്നുണ്ടെന്നും അത്രയും നാൾ സന്തോഷപൂർവ്വം ഖരദൂഷണ ത്രിശിരാക്കളോടൊപ്പം ജനസ്ഥാനത്ത് പോയി വസിക്കണമെന്നും പറഞ്ഞ് അനുനയിപ്പിച്ച് സഹോദരിയെ യാത്രയാക്കുന്നു.

ലങ്കയിലെത്തിയ പിതാവിനെ വിശ്വവിജയിയായ രാവണി സഹർഷം പുണർന്ന് നമസ്ക്കരിക്കുന്നു. രാവണപുത്രൻ കഠിന തപസ്സാൽ മഹാദേവനെ പ്രസാദിപ്പിച്ച് വരങ്ങൾ വാങ്ങിയ വിവരം ശുക്രാചാര്യർ രാവണനോട് പറയുന്നു. ശ്രീമഹാദേവനിൽ നിന്ന് രാവണിക്ക് ലഭിച്ച ശ്രേഷ്ഠ വരസിദ്ധികളിൽ ഒന്ന് താൻ തെളിക്കുന്ന തേര് സ്വാത്മനാ തന്റെ മനോചിന്തകൾക്ക് അധീനമായി ചലിക്കുന്നു എന്നതാണ്. എന്നാൽ ഈ തേരിന്റെ ഗതി ശത്രുക്കൾക്ക് കാണുവാൻ കഴിയുകയില്ല, മറ്റൊന്ന് ഒരിക്കലും ബാണങ്ങളൊടുങ്ങാത്ത തൂണീരം. അടുത്തത് അഭേദ്യമായ കവചം, ഇത്രയും വരങ്ങളാണ് രാവണപുത്രന് ലഭിച്ചത്. ദേവകൾ എക്കാലവും തങ്ങളുടെ ശത്രുക്കൾ തന്നെയാണെന്നു രാവണൻ ഈ സന്ദർഭത്തിൽ പറയുന്നു.

അതിനു ശേഷം പുഷ്പകത്തിൽ കൊണ്ടുവന്നിരിക്കുന്ന സ്ത്രീരത്നങ്ങളെ താഴെയിറക്കുന്നു. ഈ ചെയ്തികൾ വംശനാശത്തിന് വഴി വക്കുമെന്ന് വിഭീഷണൻ വിലപിക്കുന്നു. ഈ സമയം കുംഭീനസിയെന്ന സഹോദരിയെ ആരും കാണാതെ മധുവെന്ന രാക്ഷസൻ തട്ടികൊണ്ടു പോയ വൃത്താന്തം ദശാനനോട് പറയുന്നു. എന്നാൽ അവനെ കൊന്നാൽ കുംഭീനസിക്കു വൈധവ്യം ഭവിക്കുമെന്ന ചിന്ത രാക്ഷസക്കൂട്ടത്തെ അലട്ടുന്നു. ഇത്തരത്തിലുള്ള വിഭീഷണചിന്തകളെ തിരസ്കരിച്ച് രാവണൻ യുദ്ധത്തിനായി ചെല്ലുന്നു. എങ്കിലും സഹോദരിയുടെ ഇംഗിതം മാനിച്ച് യുദ്ധം ഒഴിവാക്കി മധു എന്ന സഹോദരീഭർത്താവായ രാക്ഷസനേയും കൂട്ടി രാവണൻ മടങ്ങുന്നു.

അവിടുന്ന് ദേവകളോട് പോരിനായി പുറപ്പെടുന്ന ദശമുഖൻ സന്ധ്യയോടെ കൈലാസപ്രാന്തത്തിലെത്തി വിശ്രമിക്കുന്നു. 'ചന്ദന സുരഭില ശീതള ചന്ദ്രികാ പൂർണ്ണ നിശീഥിനിയിൽ അപ്സര സ്ത്രീ സംഗീത ശ്രവണ നിമഗ്നനായ' രാവണൻ അനംഗാതുരനായിത്തീർന്നു എന്നു കവി വാക്യം. ഈ സമയം സർവ്വാഭരണവിഭൂഷിതയായ ഒരപൂർവ്വ സൗന്ദര്യധാമം അയാൾക്കു മുൻപിൽ ഏകാകിനിയായി അണയുന്നു. നീ ആരെന്നും നിന്നോടൊത്ത് രമിക്കുവാൻ താത്പര്യമുണ്ടെന്നും രാവണൻ ആ സ്ത്രീ രത്നത്തെ അറിയിക്കുന്നു. എന്നാൽ താൻ ധനേശ്വരപുത്രനായ നളകൂബരന്റെ പത്നിയായ രംഭയാണെന്നും ചാർച്ച മുറയിൽ താൻ അങ്ങേക്ക് പുത്രിസ്ഥാനത്താണെന്നും അവൾ പറയുന്നു. എന്നാൽ ഈ വാക്കുകളെ തിരസ്ക്കരിച്ച് രാവണൻ അവളെ ബലാല്ക്കാരേണ കീഴ്പ്പെടുത്തുന്നു. രംഭ

യിൽ നിന്നു ഈ വിവരം അറിയുന്ന നളകൂബരൻ അത്യന്തം ഖിന്നനായി ഇനി ഏതെങ്കിലും സ്ത്രീയെ അവളുടെ ഇംഗിതത്തിന് വിപരീതമായി ബലാല്ക്കാരേണ സ്പർശിച്ചാൽ തല ഏഴായി നുറുങ്ങി വീണു മരിക്കട്ടെ എന്ന് രാവണനെ ശപിക്കുന്നു. അന്നു മുതൽ ഇനിമേൽ സ്ത്രീകളെ ബലാല്ക്കാരേണ കീഴ്പ്പെടുത്തുകയില്ല എന്നു ദശകണ്ഠനും ചിന്തിച്ചുറക്കുന്നു.

അന്നവിടെ വിശ്രമിച്ച് സ്വർഗ്ഗ വിജയത്തിനായി രാവണൻ പുറപ്പെടുന്നു. ഭയവിഹ്വലരായ ഇന്ദ്രാദി ദേവന്മാർ പാലാഴി തീരത്തെത്തി ശ്രീ പത്മനാഭനെ കണ്ടു സങ്കടമുണർത്തിക്കുന്നു. എന്നാൽ രാവണനോട് എതിർത്തു തോൽപ്പിക്കുവാൻ ആരാലും സാധ്യമല്ല. വിധാതാവിന്റെ വരം അവനെ എക്കാലവും കാത്തുരക്ഷിക്കും. എന്നാൽ അതിനുള്ള സമയം ആഗതമാകുമ്പോൾ ഞാൻ അക്കാര്യം നിർവ്വഹിച്ചു കൊള്ളാം എന്നു പറഞ്ഞ് നാരായണ സ്വാമി ഇന്ദ്രാദികളെ യാത്രയാക്കുന്നു. അതിനു ശേഷം അതിഘോരമായ യുദ്ധം നടക്കുന്നു. ഇരു ഭാഗത്തും കണക്കില്ലാതെ നാശനഷ്ടങ്ങൾ സംഭവിക്കുന്നു. മായായുദ്ധത്തിലൂടെ രാവണി ദേവേന്ദ്രനെ ബന്ധനസ്ഥനാക്കുന്നു. ഒളിഞ്ഞു തെളിഞ്ഞുമുള്ള യുദ്ധത്തിനന്ത്യത്തിൽ വിജയശ്രീ ലാളിതരായ രാവണാദികൾ ലങ്കയിലെത്തി സന്തോഷത്തോടെ വസിക്കുന്നു. ഈ സമയം അവിടെ എത്തുന്ന വിരിഞ്ചൻ സർവ്വാനുഗ്രഹങ്ങളും കൂടാതെ ഇന്ദ്രനെ ജയിക്കയാൽ ഇന്ദ്രജിത്തെന്ന നാമധേയവും നൽകി രാവണിയെ അനുഗ്രഹിക്കുന്നു. എന്നാൽ രാവണൻ നാന്മുഖനോട് ഒരു വരം കൂടി ആവശ്യപ്പെടുന്നു. എന്തെന്നാൽ വിധിയാം വണ്ണം നടത്തുന്ന ഹോമകുണ്ഠത്തിൽ നിന്ന് ഉത്ഭവിക്കുന്ന തേരിലേറി യുദ്ധത്തിനിറങ്ങിയാൽ തനിക്ക് അമരത്വം കിട്ടണം. ആരാലും എന്നെ ജയിക്കാൻ കഴിയരുത്. രാവണന്റെ അഭീഷ്ടം എന്തോ അത് സാദ്ധ്യമായ് വരും എന്ന് വിരിഞ്ചൻ രാവണനെ അനുഗ്രഹിക്കുന്നു. ഈ വരലബ്ധി ഉണ്ടായ ഉടൻ രാവണി ദേവേന്ദ്രനെ മോചിപ്പിക്കുന്നു. ദേവാദികൾ ദേവലോകം പ്രാപിക്കുന്നു. ഈ സമയം രാവണനെക്കാൾ പ്രഗല്ഭൻ രാവണിയാണെന്നു മഹാത്മാവായ അഗസ്ത്യ മുനി അരുളി ചെയ്യുന്നു. ദേവലോകം പ്രാപിച്ച ഇന്ദ്രൻ ഖിന്നമുഖനായിരിക്കുന്നതിന്റെ കാരണം മുൻകാലത്ത് അഹല്യയോടു ചെയ്ത ദോഷം കാരണമാണെന്നും അതിനായി വൈഷ്ണവമായ യാഗപൂജാദികൾ ചെയ്ത് പാപങ്ങൾ അകറ്റണമെന്നും ഉപദേശിച്ച് അഗസ്ത്യമുനി അവിടന്ന് യാത്രയാകുന്നു.

ശ്രീരാമചന്ദ്രൻ ജാനകീസമേതനായി അയോദ്ധ്യാപുരിയിൽ വാഴുന്നു. വിവിധ രാജശ്രേഷ്ടന്മാരാലും സുഗ്രീവാദി വാനരവീരന്മാരാലും , വിഭീഷണാദികളായ രാക്ഷസശ്രേഷ്ടരാലും ശ്രേഷ്ട പൗരാവലികളാലും സമ്പുഷ്ടമായ രാജസ്ഥാനത്തു നിന്നും രാജാനുജ്ഞയോടെ അഗസ്ത്യമുനി യാത്ര പുറപ്പെടുന്നു. കേകയഭൂപൻ, ജനകമഹാരാജാവ് , തുടങ്ങി അനേകരായ ഭൂപാലന്മാരെ യഥോചിതം സമ്മാനങ്ങൾ നൽകി ശ്രീരാമചന്ദ്രൻ യാത്രയയ്ക്കുന്നു. ആഴ്ചകളും മാസങ്ങളും കടന്നു പോകുന്നതറിയാതെ രാമചന്ദ്ര പ്രഭുവിന്റെ സവിധത്തിൽ വസിക്കുന്ന വാനര രാക്ഷസ വീരന്മാരെ ശ്രീരാമചന്ദ്രൻ സ്നേഹരൂപേണ താന്താങ്ങളുടെ രാജസ്ഥാനങ്ങളിൽ ചെന്ന് സ്വപ്രജകളെ സംരക്ഷിച്ചു വാഴുവാൻ ഉപദേശിക്കുന്നു. ആഭരണാദ്യലങ്കാരാദികളായ അനേകം സമ്മാനങ്ങൾ നൽകി രാജാവ് അവരേയും യാത്രയാക്കുന്നു. ഭാഗവതോത്തമനായ വിഭീഷണൻ ഭഗവാനെ പിരിയുവാൻ അശക്തനായിത്തീരുന്നു. ശ്രീരാമചന്ദ്രൻ വിഭീഷണനെ അനുനയിപ്പിക്കുന്നു. രാമകഥാമൃതം ലോകത്തിൽ നിലനിൽക്കുന്ന കാലത്തോളം അത് കേൾക്കുന്നതിനുള്ള ആയുസ്സ് വേണമെന്ന് വിഭീഷണൻ ഭഗവാനോടു യാചിക്കുന്നു. ലോകമുള്ളിടത്തോളം കാലം ശ്രീരാമകീർത്തി നിലനിൽക്കുമെന്നും അതിനൊപ്പം വിഭീഷണകീർത്തിയും നിലനില്ക്കും എന്നും പറഞ്ഞ് ജന്മമരണ ദു:ഖമുക്തമായ ബ്രഹ്മപദം നല്കി വിഭീഷണനേയും യാത്രയാക്കുന്നു. താന്താങ്ങളുടെ മന്ദിരം പൂകി എല്ലാവരും സുഖിച്ചു വസിക്കുന്നു.

ഈ സമയം പുഷ്പക വിമാനം രാജസമക്ഷം വണങ്ങി തന്റെ ഇംഗിതം അറിയിക്കുന്നു. രാവണനെ നിഗ്രഹിച്ചതിനാൽ ഇനി പുഷ്പകം രാജസമക്ഷം നിലകൊള്ളണമെന്ന് ധനദനിയോഗമുണ്ട്. എന്നാൽ ഭഗവാനെ പിരിഞ്ഞിരിക്കുവാൻ എനിക്കും ഇഷ്ടമില്ല. ഈ വാക്കുകൾ ശ്രവിച്ച് രാമചന്ദ്രമഹാരാജൻ പുഷ്പകത്തോട് ചൈത്രരഥത്തിൽ പോയി വാഴുവാനും മനസ്സിൽ ചിന്തിക്കുന്ന സമയത്ത് അരികത്തണയുവാനുമുള്ള അനുഗ്രഹം നൽകി വിമാനത്തേയും യാത്രയാക്കുന്നു.

സന്തുഷ്ടമായ സമസ്തലോകങ്ങളോടുമൊപ്പം പത്നിയോടും മാതാക്കളോടും സോദരരോടും പ്രജാവൃന്ദത്തോടും കൂടെ രാമരാജാവ് രാജ്യഭാരം തുടരുന്നു. നാലുമാസക്കാലം അങ്ങനെ കടന്നു പോകുന്നു. ഇതിനിടെ സീതാദേവിയാകട്ടെ ഗർഭിണിയായിത്തീരുന്നു.

അടുത്തത് ദു:ഖകഥയാണ്. സീതാപരിത്യാഗത്തിന്റെ കഥയോടെയാണ് അദ്ധ്യായം തുടങ്ങുന്നത്. രാമചന്ദ്ര മഹാരാജാവ് ഗർഭിണിയായ പ്രിയപത്നിയുടെ ആഗ്രഹനിർവ്വഹണത്തിനായി മുതിരുന്നു. ഇരുവരും വനവാസക്കാലത്ത് താമസിച്ചിരുന്ന കാനന ഭംഗി ആസ്വദിക്കണമെന്നും, അവിടുത്തെ ആശ്രമങ്ങളിൽ അന്തേവാസികളുമൊത്ത് സഹവസിക്കണമെന്നുമുള്ള തന്റെ ആഗ്രഹത്തെ ദേവി ഭർത്താവിനെ അറിയിക്കുന്നു. മറ്റൊരു ആഗ്രഹവും സീതാദേവിക്കില്ലായിരുന്നു. ദേവിയുടെ ആഗ്രഹം എന്തു തന്നെയായാലും അത് സർവ്വാത്മനാ സാധിപ്പിക്കുന്നതാണെന്ന് രാജാവ് പ്രതിജ്ഞ ചെയ്യുന്നു.അങ്ങനെ പിറ്റേന്ന് പ്രഭാതത്തിൽ ലക്ഷ്മണ സമേതനായി ദേവിയെ ഇംഗിതപൂരണത്തിനായി അയക്കുവാൻ രാജാവ് തീരുമാനിക്കുന്നു. ഇവിടെ കഥ തിരിയുകയാണ്.കഥ തുടരവെ രാജാവിനാൽ നിയോഗിക്കപ്പെട്ടിരുന്ന രഹസ്യദൂതന്മാർ കൊട്ടാരത്തിലെത്തുന്നു. വിജയൻ, മധു, ഭദ്രൻ,കാലകൻ, പിങ്കലൻ തുടങ്ങിയ ഇവർ രാജസമക്ഷം എത്തുന്നു, രാജഭരണത്തിൽ എല്ലാവരും തൃപ്തരാണെന്നതായിരുന്നു ഇവരുടെ പക്ഷം. പൗരജനങ്ങളുടെ സന്തോഷപൂരിതമായ ചിന്താധാരകളെല്ലാം ഇവർ രാജാവിനെ അറിയിക്കുന്നു. സന്തുഷ്ടനായ രാജാവ് അഹിതവാർത്തകളാണ് എനിക്കറിയേണ്ടത് , ആയതിനാൽ മടികൂടാതെ അതുകൂടി ചൊല്ലണമെന്ന് ചാരദൂതന്മാരോട് ആവശ്യപ്പെടുന്നു. കുണ്ഠിതത്തോടെയെങ്കിലും താൻ കേട്ട ഒരു വൃത്താന്തം ഭദ്രൻ എന്ന ദൂതൻ പറഞ്ഞു തുടങ്ങുന്നു.

‘അച്യുതനോടു സമനായ രാഘവൻ പുന
രിച്ചെയ്ത കർമ്മമെന്തു മറ്റുള്ളോർക്കറിയാവൂ
ന്യായമില്ലാതെ ദശകണ്ഠനാം നിശാചരൻ
മായയുമേറ്റുമുള്ളോൻ കട്ടുകൊണ്ടങ്ങുപോയി
ലങ്കയിൽ പലകാലം തന്നെ വച്ചിരുന്നവൾ
ശങ്ക കൂടാതെ പരിഗ്രഹിച്ചതെന്തു രാമൻ’

എന്നു കവി വാക്യം. ഈ വാർത്ത രാമനെ അതീവ ദു:ഖാലുവാക്കുന്നു. സീതാപരിത്യാഗമല്ലാതെ വംശയശസ്സു നിലനിർത്താൻ മറ്റൊരു വഴിയും രാജാവിനു മുന്നിൽ തെളിയുന്നില്ല. പ്രാണതുല്യരായ സോദരരെ വിളിച്ചു ചേർത്ത് കാര്യങ്ങൾ പറഞ്ഞ് ബോധിപ്പിക്കുന്നു. പിറ്റേന്ന് ഉഷസ്സിൽ രാജശാസന പ്രകാരം സൗമിത്രി സുമന്ത്രരോടൊപ്പം സീതാദേവിയുടെ ആഗ്രഹപൂർത്തീകരണത്തിനെന്ന വ്യാജേന സീതയെ വനത്തിലേക്കാനയിക്കുന്നു. വനത്തിൽ തങ്ങളുടെ സഹചാരികളായിരുന്ന തപസ്വിനിമാർക്കായി അനേക സമ്മാനങ്ങളും മധുരപദാർത്ഥങ്ങളുമായി അതീവ സന്തോഷത്തോടെ യാത്രക്കൊരുങ്ങുന്ന സീതാദേവി എന്തോ അമംഗള നിമിത്തം ദർശിക്കന്നു. മ്ലാനവദനനായ ലക്ഷ്മണനോട് വിഷാദകാരണം എന്തെന്ന് സീതാദേവി ചോദിക്കുന്നു. അങ്ങനെ പ്രത്യേകകാര്യം ഒന്നും തന്നെയില്ല എന്നു വ്യാജം പറഞ്ഞ് ലക്ഷ്മണൻ സീതയുമായി വനത്തിലേക്കു പുറപ്പെടുന്നു.

അതി മനോഹര കാനന ഭംഗി ആസ്വദിച്ചുകൊണ്ടുള്ള യാത്ര മദ്ധ്യേ ലക്ഷ്മണ കുമാരൻ അതീവ ദു:ഖിതനായിരുന്നു. ദു:ഖ കാരണം സീതാദേവി ആരായുന്നുണ്ടെങ്കിലും ലക്ഷ്മണനൊന്നും തന്നെ വെളിപ്പെടുത്തുന്നില്ല. ഇത്ര ക്രൂരമായ കൃത്യം ചെയ്യുവാൻ ജ്യേഷ്ഠൻ എന്നെ തന്നെ നിയോഗിച്ചല്ലോ എന്ന വ്യാകുല ചിന്തയിൽ ഉലയുന്ന ലക്ഷ്മണൻ വല്ലവിധേനെയും സീതാദേവിയുടെ ചോദ്യങ്ങൾക്കു മുന്നിൽ വിമുഖത കാണിക്കുന്നു. എന്നാൽ ലക്ഷ്മണ വിലാപം ഹൃദയ ദ്രവീകരണമാം വിധം കവി വർണ്ണിക്കുന്നു.

‘എന്നോളം പാപംചെയ്തിട്ടാരുമില്ലൊരേടത്തും
പുണ്യമില്ലാതെ പുരുഷാധമനായേനല്ലോ
കാളകൂടത്തെ കുടിക്കേണമെന്നരുൾ ചെയ്കിൽ
കാലം കൂടാതെ കുടിക്കാമതിനെളുതല്ലോ
ആർക്കുമോർത്തോള മരുതാത്ത ദുഷ്കർമ്മം ചെയ്വാ–
നാഖ്യാനം ചെയ്താനല്ലോ രാഘവൻ തിരുവടി
പണ്ടു ഞാൻ ചെയ്തപാപമെന്തെന്റെ ഭഗവാനെ?
കണ്ടീലെ പ്രാണത്യാഗം ചെയ്യാനുമുപായങ്ങൾ.’

എന്ന് പലവുരു പലതും ചൊല്ലി വിലപിക്കുന്നു. ലങ്കാപുരത്തിൽ രാവണന്റെ ദേശത്തു വസിച്ചിരുന്ന സീതാദേവിയെ ശ്രീരാമചന്ദ്രൻ സ്വീകരിച്ചതിൽ പൗരജനങ്ങൾക്ക് അതൃപ്തിയുണ്ടെന്നും ദേവിയെ അറിയിക്കുന്നു, അവസാനം

‘കാനനത്തിങ്കൽ മുനിശ്രേഷ്ഠന്മാരാശ്രമത്തിൽ
ജാനകി തന്നെക്കൊണ്ടെയാക്കി നീ പോന്നീടുക’

എന്ന രാമാജ്ഞയെ ദേവിയെ അറിയിച്ച് മുഖത്തു നോക്കാനരുതാതെ അന്തർമുഖനായി

‘ഉൾത്താരിലേതും കോപം കൂടാതെ വസിച്ചാലും
നിന്തിരുവടി ശപിച്ചീടുകിൽ ദഹിച്ചുപോം
അന്തരമേതുമില്ല ലോകങ്ങൾ പതിന്നാലും’

എന്നപേക്ഷിച്ച് തിരിച്ചു പോരുവാൻ തുനിയുന്നു.

അടുത്തതായി സീതാവിലാപമാണ് വർണ്ണിച്ചിരിക്കുന്നത്. രാമാജ്ഞ കേട്ട മാത്രയിൽ സ്ത്രീ

സഹജമായ വ്യഥയിൽ മുങ്ങി ദേവി ബോധഹീനയാകുന്നു. ഉണർന്നെഴുന്നേറ്റ് വീണ്ടും വിലപിക്കുന്നു. തന്റെ വിധിയെ ചാരി അല്പം ആശ്വാസത്തിലെത്തുന്നു. തന്നെ ഉപേക്ഷിക്കുന്നതിനുള്ള കാരണം എന്തെന്നുള്ള പിതൃതുല്യരായ മുനിജനങ്ങളുടെ ചോദ്യത്തെ എങ്ങനെ നേരിടണമെന്ന വ്യഥയിൽ സീതാദേവി വിലപിക്കുന്നു. ഈ സമയത്തും രാമാന്തികെ തിരിച്ചു പോയി സൂര്യവംശ കീർത്തി സംരക്ഷിച്ച് നിലനിർത്തി രാജ്യഭാരം നടത്തുന്ന ജ്യേഷ്ടനെ ആശ്വസിപ്പിച്ച് പരിചരിച്ച് എപ്പോഴും കൂടെ നിൽക്കുക എന്ന് ലക്ഷ്മണനെ ഉപദേശിച്ച് തിരിച്ചയക്കുവാൻ മുതിരുന്നു.

ദൈവഹിതം മറ്റാരാലും മാറ്റാൻ കഴിയുകയില്ല എന്നും സുമന്ത്രൻ ലക്ഷ്മണ കുമാരനോട് ഉപദേശിക്കുന്നു. ഇതിന് ഉപോൽബലകമായി തനിക്കറിയാവുന്നൊരനുഭവ കഥ അദ്ദേഹം പറയുന്നു. രാജകുമാരന്മാർ നാൽവരും ബാലരായിരിക്കുന്ന സമയത്ത് ഒരു ദിനം ദുർവ്വാസാവാദിമുനികൾ അയോദ്ധ്യ രാജധാനിയിൽ എത്തുന്നു. അവരെ യഥോചിതം സല്ക്കരിച്ചിരുത്തി രാജാവ് കുശലത്തിലേർപ്പെടുന്നു. തന്റെ പൊന്നോമനകളുടെ ഭാവി കാര്യങ്ങൾ വിചിന്തനം ചെയ്ത് പറയണമെന്ന് രാജാവ് ആഗ്രഹം പ്രകടിപ്പിക്കുന്നു. ഈ ആഗ്രഹത്തെ മാനിച്ച് ദുർവ്വാസാവ് തന്റെ ദിവ്യ ദൃഷ്ടിയിൽ ദൃശ്യമായ കാര്യങ്ങൾ ഇപ്രകാരം പറയുന്നു. രാമകുമാരൻ അതീവ കാരുണ്യത്തോടെ പന്തീരായിരം വർഷം പ്രജാതൽപരനായി രാജ്യം ഭരിക്കും. എന്നാൽ ജീവീതത്തിന്റെ മധ്യഘട്ടത്തിൽ ജാനകീദേവിയെ വനത്തിൽ ഉപേക്ഷിക്കും. എങ്കിലും രാജാവിന്റെ രണ്ടു പുത്രന്മാർ അനന്തരാവകാശികളായി രാജ്യം ഭരിക്കും. ഇങ്ങനെ സൂര്യകുലം ഒടുങ്ങുവോളമുള്ള കഥകൾ ദുർവ്വാസാവ് രാജാവിനോട് പറഞ്ഞു മറ്റാരും ഇതറിയരുതെന്നുള്ള രാജാവിന്റെ ഹിതത്തിനാൽ ഈ കഥ ഞാൻ മറ്റാരേയും അറിയിച്ചിട്ടില്ല. നിന്നോടായി ഇപ്പോൾ ഇക്കാര്യം പറയുന്നു. ഇക്കഥ ലക്ഷ്മണ കുമാരനെ ആശ്വസിപ്പിക്കുന്നില്ല.

ഭൂമിയിൽ വീണ് ഉരുണ്ടു വിലപിക്കുന്ന സീതാദേവിയുടെ പരിദേവനങ്ങൾ ശ്രവിച്ച താപസകുമാരന്മാർ ഈ വൃത്താന്തം തങ്ങളുടെ ഗുരുവായ വാല്മീകി മഹർഷിയെ ധരിപ്പിക്കുന്നു. മുനിശ്രേഷ്ടൻ തന്റെ ദിവ്യചക്ഷുസ്സുകളാൽ ഇതെല്ലാം മുന്നമേ ധരിച്ചിരുന്നതിനാൽ ഉടൻ സീതാസമീപമെത്തി സദ്വാക്കുകൾ ചൊല്ലി ആശ്വസിപ്പിച്ച് ആശ്രമത്തിലേക്ക് ആനയിക്കുന്നു. ഇതിനു ശേഷം ലക്ഷ്മണ കുമാരനും സുമന്ത്രരും തിരികെ അയോദ്ധ്യയിൽ എത്തുന്നു. സീതാദേവിയാകട്ടെ വാല്മീക്യാശ്രമത്തിൽ താപസീജനങ്ങളുടെ ശുശ്രൂഷയിൽ കഴിയുന്നു.

കൊട്ടാരത്തിലെത്തിയ ലക്ഷ്മണൻ ദു:ഖിതനായ ജ്യേഷ്ഠനെ പലതും പറഞ്ഞ് ആശ്വസിപ്പിക്കുന്നു. അതിതീവ്രമായ ഈ ദു:ഖം ഇനിയും പലേ ദുഷ്പ്രചരണങ്ങൾക്കും വഴിയാകുമെന്നും അതിനാൽ മൗഢ്യം ഉപേക്ഷിച്ച് സ്വകർത്തവ്യത്തിൽ മുഴുകുവാനായി അനുജൻ രാജാവിനെ പ്രോത്സാഹിപ്പിക്കുന്നു. കാലം പോകെ ശ്രീരാമചന്ദ്രൻ തന്റെ കർത്തവ്യമായ രാജ്യപാലനത്തിലേക്ക് പൂർവ്വാധികം ശ്രദ്ധയോടെ നിമഗ്നനാകുന്നു.

രാജാവിന്റെ ഉദാസീനത നിമിത്തം വരുന്ന ആപത്തുകൾ വൻ പാപത്തിനു തന്നെ കാരണമായിത്തീരുമെന്ന് അനുജനോട് രാജാവ് തന്നെ പറയുന്നു. ഇതിന് ഉപോൽബലകമായി നൃഗരാജാവിന്റെ കഥ അനുജനെ പറഞ്ഞു കേൾപ്പിക്കുന്നു. കഥ ഇപ്രകാരമാണ്. താനറിയാതെ തന്റെ പശുകൂട്ടത്തിൽ വന്നു ചേരുന്ന ഒരു പശുവിനെ രാജാവ് ഒരു ബ്രാഹ്മണന് ദാനം ചെയ്യുന്നു. പശുവിന്റെ ഉടമ പശുവിനെ അന്വേഷിച്ച് എത്തുന്നു. തന്റെ പശുവിനെ അവിടെ കണ്ടെത്തുന്നു. പശുവിനെ ചൊല്ലി തർക്കമായി. തർക്ക പരിഹാരത്തിനായി ഇവർ രാജാവിനെ സമീപിക്കുന്നു. ഈ സമയത്തും അശ്രദ്ധയാൽ രാജാവ് ദർശനാനുമതി നൽകുന്നില്ല. കോപിഷ്ടനായ ബ്രാഹ്മണൻ രാജാവിനെ കൃകലാസ വേഷം പൂണ്ട് കൂപത്തിൽ കിടക്കുവാൻ ഇടയാകട്ടെ എന്നു ശപിക്കുന്നു. നൃഗനങ്ങനെ കൃകലാസമായി ഇന്നും കഴിയുന്നു. അറിയാതെ ചെയ്ത അപരാധത്തിന് ഇത്ര കടുത്ത ശിക്ഷയെന്തിനെന്ന ചോദ്യത്തിന് ഇതെല്ലാം വിധാതാവിന്റെ കല്പിതമാണെന്ന് ശ്രീരാമചന്ദ്രൻ ഉത്തരം നൽകുന്നു. പശ്ചാത്താപവിവശനായ രാജാവ് ശാപമോക്ഷത്തിനായി അപേക്ഷിക്കുന്നു. ദ്വാപരയുഗാവസാനത്തിൽ ശ്രീകൃഷ്ണഭഗവാൻ നിന്നെ കാണുമെന്നും അന്ന് ഭഗവത്സ്പർശനത്താൽ നിനക്ക് ശാപമോക്ഷം കിട്ടുമെന്നും പറഞ്ഞ് ആ പശുവിനെ മറ്റൊരു ബ്രാഹ്മണന് ദാനം ചെയ്ത് ബ്രാഹ്മണൻ പോകുന്നു. നൃഗൻ പുത്രന് രാജ്യാഭിഷേകം നടത്തുന്നു. അനന്തരം അദ്ദേഹത്തിന്റെ ഇംഗിതം മാനിച്ച് മഴയും, മഞ്ഞും വെയിലും ഏൽക്കാത്ത വൃക്ഷ പുഷ്പ വല്ലീ ലതകളാൽ അലംകൃതമായ മൂന്നു കിണറുകൾ നൃഗരാജനായി കൊണ്ട് പുത്രൻ ഒരുക്കുന്നു. വസുധാധിപൻ ശാപമോക്ഷവും കാത്ത് ഇന്നും ആ കിണറ്റിൽ കിടക്കുന്നു എന്നു പറഞ്ഞ് ശ്രീരാമചന്ദ്രൻ കഥ ചുരുക്കുന്നു.

അടുത്തതായി നിമിനൃപന്റെ ചരിതമാണ് ശ്രീ





രാമചന്ദ്രൻ അനുജനോട് പറയുന്നത്. നിമി ഒരു യാഗം ചെയ്യുവാൻ വസിഷ്ഠ മുനിയെ സമീപിക്കുന്നു. എന്നാൽ താൻ ആദ്യം ചെയ്യാമെന്നേറ്റ ഇന്ദ്രാദികളുടെ യാഗം പൂർത്തീകരിച്ചതിനു ശേഷം നിമി ആവശ്യപ്പെട്ട യാഗം നടത്താമെന്നു പറഞ്ഞ് മുനി ദേവലോകത്തേക്കു പോകുന്നു. എന്നാൽ നിമിയാകട്ടെ ഗൗതമാചാര്യനെകൊണ്ട് യാഗം നടത്തുന്നു. തിരികെ എത്തി യാഗവിവരം ധരിച്ച വസിഷ്ഠൻ കോപിഷ്ടനായി ദേഹദേഹികൾ വേർപെട്ടു പോകട്ടെ എന്ന് നിമിയെ ശപിക്കുന്നു. കോപവൃത്താന്തമറിഞ്ഞ രാജാവ് മുനിക്കും അങ്ങനെ തന്നെ ഭവിക്കട്ടെ എന്ന് ശപിക്കുന്നു. താപസൻ താപത്തോടുകൂടെ വിധാതാവിനെ കണ്ട് സങ്കടമുണർത്തിക്കുന്നു. ഉർവ്വശിയിൽ മിത്രബീജവും വരുണ ബീജവും ഉൾക്കൊണ്ട് ദിവ്യമായൊരു ദേഹമുണ്ടാക്കി കൊള്ളുവാൻ വിധാതാവ് അനുഞ്ജ നൽകുന്നു. എന്നാൽ ഈ ദ്വന്ദബീജങ്ങളെ ഉൽക്കൊള്ളുവാൻ വഹിയാതെ ഉർവ്വശി ഇതിനെ ഒരു കുംഭത്തിലാക്കുന്നു. അങ്ങനെ കുംഭത്തിൽ നിന്ന് അഗസ്ത്യമുനി ഭൂജാതനാകുന്നു. വസിഷ്ട ശരീരവും ഈ സമയം ഉത്ഭൂതമായി. എന്നാൽ മിത്രൻ ഈ സമയം ഉർവ്വശിയെ നീ മർത്ത്യകളത്രമായി ചിരകാലം വാഴട്ടെ എന്ന് ശപിക്കുന്നു. അങ്ങനെ ഉർവ്വശി പുരൂരവസ്സിന്റെ പത്നിയായി തീരുന്നു. നിമിനൃപന് ദേഹം ഉണ്ടാക്കണമെന്ന മുനിമാരുടെ വചനങ്ങളെ നിമി നിരസിക്കുന്നു. സർവ്വത്ര ദു:ഖനിമഗ്നമായ ദേഹമോഹത്തിൽ നിന്ന് അദ്ദേഹം വിട്ടു നിൽക്കുന്നു. സർവ്വ പ്രാണികളുടേയും നേത്രത്തിൽ താൻ വാണുകൊള്ളാമെന്ന നിമിയുടെ, ഇംഗിതത്തെ സർവ്വത്മനാ എല്ലാവരും അനുഗ്രഹിക്കുന്നു. അനന്തരം നിമിയുടെ ദേഹം മുനിമാർ കടയുകയും അതിൽ നിന്ന് മിഥിയെന്ന നൃപനുണ്ടാകുകയും ചെയ്യുന്നു. അങ്ങനെ മിഥി ജാതന്മാരിൽ നിന്ന് മൈഥില കുലം സംജാതമാകുന്നു. വിദേഹജാതന്മാരായ ഇവരെ വൈദേഹന്മാരെന്നും മഥനക്രിയയാൽ ഉത്ഭൂതരായ ഇവരെജനകന്മാരെന്നും അറിയപ്പെടുവാൻ തുടങ്ങി. അപക്വമായ ഇത്തരം ശാപവും മോക്ഷവൃത്താന്തവുമെല്ലാം എന്തുകൊണ്ടു സംഭവിക്കുന്നു എന്ന ലക്ഷ്മണന്റെ ചോദ്യത്തിന് ഇതെല്ലാം ക്ഷമയില്ലായ്മ മൂലം വന്നുഭവിക്കുന്ന കാര്യങ്ങളാണെന്നും അതിനുപോൽബലകമായി മറ്റൊരു കഥയും ശ്രീരാമൻ പറയുന്നു.

ഈ കഥ യയാതി ചരിതമാണ്. സോമ വംശത്തിൽ നഹുഷ പുത്രനായി യയാതി ജനിക്കുന്നു. ശുകപുത്രിയായ ദേവയാനി യയാതി പത്നിയാകുന്നു. ഇവർക്ക് യദു , തുർവസു എന്ന പുത്രരും,യയാതിയുടെ മറ്റൊരു പത്നിയായ ശർമ്മിഷ്ഠയിൽ ദ്രുഹു, അനുദ്രുഹു, പൂരു എന്നീ പുത്രന്മാരും ഉണ്ടാകുന്നു. എന്നാൽ യയാതിക്ക് ഏറെ പ്രിയം ശർമ്മിഷ്ടയോടാണെന്ന ചിന്ത ദേവയാനിയെ അസ്വസ്ഥയാക്കുന്നു. ഈ ഖേദ ചിന്ത സ്വപിതാവിനെ ധരിപ്പിക്കുകയും പുത്രിയുടെ ഇംഗിതപൂരണത്തിനായി രാജാവിനെ ജരാനരകൾ പ്രാപിച്ച് വൃദ്ധനായി തീരട്ടെ എന്ന് ശപിക്കുകയും ചെയ്യുന്നു. ആരെങ്കിലും ഈ വൃദ്ധനെ ഏറ്റെടുത്ത് സ്വയൗവ്വനം രാജാവിന് നൽകിയാൽ അദ്ദേഹത്തിന് പൂർവ്വ സ്ഥിതിപ്രാപിക്കാം. ഇതായിരുന്നു ശാപമോക്ഷ മാർഗ്ഗം. ദീനനായ രാജാവ് സ്വപുത്രന്മാരോട് അദ്ദേഹത്തിന്റെ ജരാനരകൾ ഏറ്റെടുത്ത് തങ്ങളുടെ യൗവ്വനം ദാനമായി നൽകുവാൻ അപേക്ഷിക്കുന്നു. അവരാരും ആ അഭ്യർത്ഥനക്കു വഴങ്ങുന്നില്ല. എന്നാൽ പുരു എന്ന പുത്രൻ സ്വയൗവ്വനം അച്ഛനു നൽകി അദ്ദേഹത്തിന്റെ ജരാനരകൾ ഏറ്റെടുക്കുന്നു. യൗവ്വനം തിരികെ ലഭിച്ച രാജാവ് വളരെക്കാലം പ്രജാതൽപരനായി രാജ്യം വാഴുകയും അന്ത്യത്തിൽ തന്റെ യൗവ്വനം പുത്രനു തിരികെ നൽകുകയും ചെയ്യുന്നു. കൂടാതെ രാജാവായി അഭിഷേകവും ചെയ്യുന്നു. സത്ഗുണ സമ്പന്നനായ യയാതി ശാപം ഏറ്റു വാങ്ങിയതല്ലാതെ തിരികെ കോപിഷ്ടനാവുകയോ ഒന്നും ചെയ്തില്ല എന്നു ശ്രീരാമൻ പ്രത്യേകം പറയുന്നു. അതുപോലെ നമ്മെ ആശ്രയിച്ച് കാണുവാൻ വരുന്നവരെ സന്തോഷേണ സ്വീകരിച്ച് അഭീഷ്ടങ്ങൾ പൂർത്തീകരിച്ചു കൊടുക്കണമെന്നു രാജാവ് അനുജനെ ഉപദേശിക്കുന്നു.

സന്തോഷേണ അനുജന്മാരുമായി രാജ്യഭാരം നടത്തുന്ന രാമരാജാവിനെ ഭാർഗ്ഗവ കുലജാതന്മാരായ കാഞ്ചനാദി മുനിവര്യന്മാർ സന്ദർശിക്കുന്നു. അവരെ രാജാവ് യഥോചിതം സ്വീകരിച്ച് സത്കരിക്കുന്നു. രാജദർശത്തിനുള്ള കാരണം എന്താണെന്ന് രാജാവ് ആരായുന്നു. അതെന്തായാലും മടിയാതെ പറയണമെന്നും അക്കാര്യം നിർവ്വഹിച്ചുകൊടുക്കുവാൻ രാജാവ് പ്രതിജ്ഞാബദ്ധനാണെന്നും അദ്ദേഹം മുനിമാരെ അറിയിക്കുന്നു. ഈ സമയം കാഞ്ചതപോധനൻ മധു എന്ന സത്ഗുണ സമ്പന്നനും കാരുണികനുമായ നിശാചരധന്യന്റെ കഥ പറയുവാൻ തുടങ്ങുന്നു. എത്രയും ധർമ്മതത്പരനായ ഈ നിശാചരൻ കഠിന തപസ്സിനാൽ ശ്രീ മഹാദേവനെ പ്രസാദിപ്പിക്കുന്നു. സന്തുഷ്ടചിത്തനായ മഹാദേവൻ ഒരു ദിവ്യ ശൂലം മധുവിന് സമ്മാനമായി നൽകുന്നു. ശത്രുക്കളെ ഹനിച്ചതിനു ശേഷം ഈ ശൂലം തിരികെ കൈവശക്കാരന്റ അരികെയെത്തും.

ഈ ശൂലം കൈയിലുള്ളിടത്തോളം കാലം ആരാലും കൈവശക്കാരനെ ഹനിക്കുവാൻ കഴിയുകയില്ല എന്നതാണ് ഈ വേലിന്റെ പ്രത്യേകത. എന്നാൽ ഗോദേവദ്വിജകുലോപദ്രവം ചെയ്താൽ ശൂലം തിരികെ അന്തകാന്തകന്റെ സമീപത്തേക്കു പോകും എന്നതായിരുന്നു വ്യവസ്ഥ. തന്റെ വംശജാതന്മാരായുള്ളവർക്കെല്ലാം ഈ ശൂലത്തിന്റെ അനുഗ്രഹം സിദ്ധിക്കണമെന്ന മധുവിന്റെ ആഗ്രഹം മഹാദേവൻ നിഷേധിക്കുന്നു. എന്നാൽ മധുവിന്റെ നേർപുത്രനു മാത്രം ശൂലം കരഗതമായിരിക്കും എന്നും അതിനു ശേഷം ഇത് മഹാദേവ സമക്ഷം എത്തുമെന്നും മഹാദേവൻ അരുളി ചെയ്യുന്നു. അങ്ങനെ മരണഭയം അകന്ന് മധുവെന്ന ധർമ്മനിരതനായ നിശാചരൻ നാടടക്കി വാഴുന്നു. എന്നാൽ മധുവിന് പുത്രനായി പിറന്ന ലവണനെന്ന അസുര രാജാവാകട്ടെ എല്ലാ ദുർഗുണങ്ങളുടേയും മൂർത്തിമത്ഭാവമായിരുന്നു. ദുർമാർഗ്ഗിയായ ലവണന്റെ രീതികളിൽ മനം മടുത്ത പിതാവ് ശൂലവും, രാജ്യവും പുത്രനു നൽകി വനവാസത്തിനു പോകുന്നു. ശൂലം കരഗതമായതോടെ ലവണന്റെ ദുഷ്ചെയ്തികൾ പതിന്മടങ്ങു വർദ്ധിച്ചു. മുനിജനങ്ങളെയും പുരവാസികളെയും സദാ പീഡിപ്പിക്കുന്ന ലവണനെ നിഗ്രഹിക്കുക ആരാലും സാധ്യമല്ല എന്നറിയാം അതിനായി മുനിജനങ്ങൾ ശ്രീരാമാന്തികെ എത്തുന്നു. ലവണനെ നിഗ്രഹിച്ച് പീഠാനുഭവങ്ങൾക്ക് ഒരു സമാപ്തി വരുത്തുക അതാണ് ശ്രീരാമദേവൻ ചെയ്യേണ്ടത്. ഇതാണ് മുനിമാരുടെ ആഗമനോദ്ദേശം. ദുഷ്ടനായ ലവണനെ നിഗ്രഹിച്ച് ശിഷ്ടരക്ഷണം ചെയ്യാമെന്ന് രാജാവ് പ്രതിജ്ഞ ചെയ്യുന്നു. അനുജന്മാരിൽ ശത്രുഘ്നൻ ലവണാസുര വധത്തിനായി തയ്യാറെടുക്കുന്നു. ഗുരുജനങ്ങൾ ആശീർവദിച്ച് കുമാരനെ യാത്രയാക്കുന്നു. യാത്രാമദ്ധ്യേ സൂര്യാസ്തമനത്തോടെ വിശ്രമാർത്ഥം ശത്രുഘ്നൻ വാല്മീക്യാശ്രമത്തിൽ എത്തുന്നു. വിശ്രമ സമയത്ത് ഇതൊരു യാഗഭൂമിയായി തോന്നുന്നുവല്ലോ എന്ന കുമാരന്റെ സംശയത്തിന് നിവാരണമായി മിത്രവംശോത്ഭൂതനായ സൗദാസന്റെ കഥ മുനി പറയുന്നു.

മിത്ര വംശോത്ഭൂതനായ സുദാസന് പുത്രനായി സൗദാസൻ ജനിക്കുന്നു. സൗദാസൻ മൃഗയാവനത്തിൽ സഞ്ചരിക്കുന്ന രാക്ഷസമിഥുനങ്ങളെ കാണുകയും അതിൽ ഒന്നിനെ വധിക്കുകയും ചെയ്യുന്നു. ഈ പാപത്തിനു പരിഹാരമായി യാഗം ചെയ്യുവാൻ കുലഗുരു നിർദ്ദേശിക്കുന്നു. എന്നാൽ ഈ യാഗ ഭൂമിയിൽ വസിഷ്ഠ വേഷത്തിൽ എത്തുന്ന രക്ഷസ്സ് ഭക്ഷണത്തിന് മാംസം നിർബന്ധമായും വേണമെന്നു നിർദ്ദേശിച്ച് മായാരാക്ഷസൻ മടങ്ങുന്നു. ഉപദംശത്തിനായി എത്തുന്ന വസിഷ്ഠന് മാംസം വിളമ്പുന്നു. കോപിഷ്ടനായ മുനി നീ മനുഷ്യമാംസഭോജിയായി അടവിയിൽ അലയുക എന്നു ശപിക്കുന്നു. എന്നാൽ ചതി തിരിച്ചറിഞ്ഞ മഹർഷി പന്തീരാണ്ടിനു ശേഷം നീ ശാപമുക്തനാകും എന്ന് രാജാവിനെ അനുഗ്രഹിക്കുന്നു. അന്ന് സൗദാസൻ യാഗം ചെയ്ത ഭൂമിയാണിതെന്നു മുനി കഥ പറഞ്ഞു നിർത്തുന്നു. അവർ നിദ്രക്കായി പിരിയുന്നു. എന്നാൽ അർദ്ധരാത്രിയിൽ മൈഥിലി രണ്ടു പൈതങ്ങൾക്കു ജന്മം നൽകി എന്ന സന്തോഷവാർത്ത ശിഷ്യർ മുനിശ്രേഷ്ഠനെ അറിയിക്കുന്നു. മുനി സന്തോഷവാനായി തീരുന്നു. ശത്രുഘ്നനും ഈ വിവരമറിഞ്ഞ് അതീവ സന്തോഷവാനായിത്തീരുന്നു. പ്രഭാതത്തിൽ ശത്രുഘ്നൻ തന്റെ യാത്ര തുടരുന്നു.

അവിടന്ന് കാളിന്ദീതീരത്തെത്തി വിശ്രമിക്കുന്ന ശത്രുഘ്നൻ താപസന്മാരിൽ നിന്ന് ശിവദത്തമായ ശൂലത്തിന്റെ മഹത്വവും ആ ശൂലത്താൽ വധിക്കപ്പെട്ട മാന്ധാതാവെന്ന ദിക്‌വിജയിയായ ഭൂപതിശ്രേഷ്ടന്റെ കഥയും അദ്ദേഹത്തിനു പറഞ്ഞു കൊടുക്കുന്നു. ദിക്‌വിജയിയായ മാന്ധാതാവ് ലവണനോടേറ്റു മുട്ടുകയും ശിവശൂലത്താൽ വധിക്കപ്പെടുകയും ചെയ്തു എന്നതാണ് കഥ. ശൂലാഗ്നി ജ്വാലയെ ഭയക്കണമെന്ന് ഉപദേശിച്ച് മുനിശ്രേഷ്ടന്മാർ കുമാരനെ യാത്രയാക്കുന്നു.

(തുടരും)


മാംഗല്യം

**നായർ മാട്രിമോണിയൽ ഡാറ്റാ ബാങ്ക്**
***രജിസ്ട്രേഷൻ ചാർജ്ജ് - 1000 രൂപ**
**ടി.ഡി.എം. ഹാൾ കോംപ്ലക്സ്**
**ഡി.എച്ച്.റോഡ്, കൊച്ചി 682 016**
**ഫോൺ: 0484 2361160 (Ext. 32)**
**Web: www.karayogammangalyam.com/**
**www.karayogammangalyam.in**
**Email: ekmkgm@gmail.com**






# 2019 ജനുവരി മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**കെ. രാധാകൃഷ്ണൻ നായർ**
L/3515, ശ്രേയസ്സ്
ആശാരി ലെയിൻ
കാരിക്കാമുറി - 682011



**എം. മുകുന്ദൻ**
L/1374, 62/2548, മാനസി
നിയർ ഗേൾസ് ഹൈസ്ക്കൂൾ
ചിറ്റൂർ റോഡ്, കൊച്ചി -682016



**വത്സല നായർ**
L/2408, നമ്പർ - 3, ചാക്യാട്ട്
ലേക് വ്യൂ, ഫൈൻ ആർട്സ് അവന്യൂ
കൊച്ചി - 682016



**രാധാമണി നായർ**
L/1346, രാഗേന്ദു 39/1012
കരിയർ സ്റ്റേഷൻ റോഡ്
കൊച്ചി - 682016



**രാധ മേനോൻ**
L/3951, 56/752, പന്തിയിൽ
ചേലൂർ, കെ. കെ. റോഡ്
കലൂർ, കൊച്ചി - 682017



**നാരായണകുറുപ്പ്. പി. എൻ**
L/2572, 39/5644, സ്വാതി
ടെമ്പിൾ ലെയ്ൻ
രവിപുരം - 682016



**വി. വേണുഗോപാൽ**
L/1284, പൊതുവാൾ അമ്പാടി
35/2440, വാരിയം റോഡ്
കൊച്ചി - 682016



**ഇ. വേണുഗോപാല മേനോൻ**
L/2964, ഗോകുലം
Nr. സോയൂസ് ലൈബ്രറി
കെ. പി. വള്ളോൻ റോഡ്
കൊച്ചിൻ - 682020

**ജി. സുകുമാര മേനോൻ**
L/2950, ശാന്തി നിലയം
പനമ്പിള്ളി ലിങ്ക് റോഡ്
വിദ്യാനഗർ, കൊച്ചി 682036

# തപസ്സ്



രമ നായർ ഫോൺ : 7736091685

**2018 നവംബർ 13 മുതൽ 23 വരെ സംപൂജ്യ സ്വാമി ചിദാനന്ദപുരി ടി.ഡി.എം ഹാളിൽ നടത്തിയ ധാർമ്മിക ആചാരങ്ങളെ പരിചയപ്പെടുത്തുന്ന 'തപസ്സ്' എന്ന പ്രഭാഷണ പരമ്പരയെ ആധാരമാക്കി സംഘടിപ്പിച്ച ഉപന്യാസ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ ലേഖനത്തിന്റെ സംക്ഷിപ്ത രൂപം.**

സ്വാമി ചിദാനന്ദപുരി 'തപസ്സ്' എന്ന പ്രഭാഷണപരമ്പരയിൽ കൂടെ നമ്മുടെ ആചാര അനുഷ്ഠാനങ്ങളെക്കുറിച്ച് ഒരു പ്രാഥമിക പരിചയം നൽകുകയും അവയെക്കുറിച്ചൊരു പുനർചിന്തനം ചെയ്യാനും ഉള്ള ഒരു ഉത്തേജനവും നൽകി, ചിന്തനം മാത്രം പോരാ പ്രാവർത്തികമായി നമുക്കെങ്ങനെ അവ പിൻതുടരാമെന്ന ചിന്ത നമുക്കൊരു പ്രചോദനമായി മാറുകയും ചെയ്തു.

ഭാരതത്തിന്റെ സംഭാവനകൾ എണ്ണി ഒതുക്കാൻ സാധിക്കുകയില്ല. നമ്മുടെ മുഖ്യസംഭാവന എന്താണ്? ഒരു ഭാഷയിലും തർജ്ജമ ചെയ്യാൻ സാധിക്കാത്ത ഒരു വാക്കുണ്ട് ധർമ്മം – അനാദികാലം മുതൽ അനന്തകോടി ബ്രഹ്മാണ്ഡങ്ങളെ ഇണക്കി കോർത്ത് നിർത്തുന്ന എല്ലാ വ്യവസ്ഥകളിലും ഉള്ള അടിസ്ഥാനമാണ് ധർമ്മം. എന്തിനാലാണോ ധരിക്കപ്പെടുന്നത് 'ധാരയതേ ഇതി ധർമ്മം' ധർമ്മത്തിനുള്ള ആചരണമാണ് പ്രധാനം – 'സത്യം വദ ധർമ്മം ചര, ആചാരപരമോ ധർമ്മ, ആചാര പ്രഭവോ ധർമ്മ' ആചാരത്തെ ധാർമ്മികം എന്നു പറയുന്നത്, അത് ശാസ്ത്രാനുസാരിയാകുമ്പോഴാണ്. ധർമ്മാചരണം ശാസ്ത്രാനുസാരമാകണം. എല്ലാ അറിവും ജ്ഞാനവുമുണ്ടെങ്കിലും ശാസ്ത്രാനുസരണം അതു ആചരിക്കുന്നവനാണ് ധർമ്മിഷ്ഠൻ.

ലോകപ്രസിദ്ധമായ ലൗകിക, വേദവിഹിതമായ വൈദികകർമ്മങ്ങൾ ശാസ്ത്രാനുസരണം ചെയ്യണം. വൈദികധർമ്മത്തിൽ പ്രവർത്തിമാർഗ്ഗം നിവർത്തി മാർഗ്ഗം എന്നു രണ്ടു തരമുണ്ട്.

ഒരു മനുഷ്യന്റെ ആദ്യപാഠം 5 വയസ്സു വരെയാണ്. അമ്മയിൽ നിന്നും അച്ഛനിൽ നിന്നും പാഠം ഉൾക്കൊണ്ടു വേണം ആരംഭിക്കേണ്ടത്. 5 വയസ്സു മുതലാണ് ഔപചാരികമായി ബ്രഹ്മചര്യം എന്ന അവസ്ഥയിലേക്ക് പ്രവേശിക്കുന്നത്. ഒരു ബ്രഹ്മചാരിയുടെ ആദ്യപാഠം വിദ്യാർജ്ജനത്തിനായി ചിട്ടപ്പെടുത്തുന്നു. വിദ്യാർത്ഥിയുടെ അവസ്ഥയിൽ ഞാനെന്തു ചെയ്യണം, എന്തു ചെയ്യണ്ട എന്നു മനസ്സിലാക്കി ഒരു തൊഴിലെങ്കിലും അഭ്യസിച്ച ശേഷം അടുത്ത ആശ്രമത്തിലേക്ക് കടക്കാം. ഗൃഹസ്ഥാശ്രമം അതിനുചിതമായ കർമ്മങ്ങൾ, സന്താനോൽപാദനം കരുതലോടെ കുടുംബത്തെ നിലനിർത്തുക, നിത്യവും നൈമിത്തികവുമായ കർമ്മങ്ങൾ ചെയ്യുക ഇവയാണ്. ധർമ്മാചരണത്തിന്റെ ഏറ്റവും വലിയ ഭാരം ഗൃഹസ്ഥാശ്രമിയിലാണ്. അതിലേക്കുള്ള തയ്യാറെടുപ്പാണ് ബ്രഹ്മചര്യം. സമൂഹത്തിൽ ഏറ്റവും കൂടുതൽ ചിന്തിക്കേണ്ടതും ഗൃഹസ്ഥാശ്രമിയെ സംബന്ധിച്ചുള്ള ധർമ്മത്തെക്കുറിച്ചാണ്.

സ്വയം പാകപ്പെടുത്തലാണ് വാനപ്രസ്ഥാശ്രമം. ഏകാഗ്രതയും ചിത്തശുദ്ധിയും വരുത്തി താദാത്മ്യം പ്രാപിച്ചതിനെ എല്ലാറ്റിനെയും അഴിച്ചു മാറ്റി ആത്മാനുസന്ധാനത്തിൽ മുഴുകി കഴിയുകയാണ് ഈ ആശ്രമത്തിൽ പ്രധാനം. ഇതെല്ലാം പ്രവർത്തി മാർഗ്ഗം. ഇതെന്റേത് എന്നു പറയുന്നതിലെ അർത്ഥശൂന്യത മനസ്സിലാക്കി പരിപൂർണ്ണമായ വൈരാഗ്യം ഉണ്ടായാൽ സന്യസിക്കാം. അതാണ് നിവർത്തി മാർഗ്ഗം.

ബ്രഹ്മചര്യത്തിൽ നിന്ന് നേരിട്ട് സന്യസിക്കുന്നവർ പരമമായ വൈരാഗ്യം പ്രാപിച്ചവരായിരിക്കണം. നിവർത്തിമാർഗ്ഗത്തിൽ കൂടെ പോകുന്ന വിദ്യാർത്ഥി ധർമ്മം ചര എന്ന വാക്യം പഠിക്കുക പഠിപ്പിക്കുക ഇതു രണ്ടും ചെയ്തിരിക്കണം. ജപം എന്ന അനുഷ്ടാനക്രമം മുഖ്യമാണ്. ഇഷ്ടമുള്ള മന്ത്രം അനുഷ്ഠിക്കുമ്പോൾ ഏകാഗ്രത ഉണ്ടാകും. ഗായത്രിമന്ത്രം ശ്രേഷ്ഠമാണ്. ആചാരത്തിന്റെയും അനുഷ്ഠാനത്തിന്റെയും അടിത്തറ ഇല്ലെങ്കിൽ ആശയം എവിടെ ഇരിക്കുന്നു. എന്നു ചിന്തിക്കണം. വ്യക്തിത്വത്തെ അടിച്ചമർത്തരുത്. നമ്മുടെ ആശയങ്ങൾ അടിച്ചേൽപിക്കുകയും അരുത്.

ഗൃഹസ്ഥാശ്രമിക്കു മുഖ്യം പഠിക്കുക അല്ല പഠിപ്പിക്കുകയും ആണ്. എത്രയോ സംസ്കാരങ്ങൾ നിലനിൽപില്ലാതെ പോയി. ഒരു യജ്ഞമാണ് കുടുംബ ജീവിതം. അതു പാവനമാണെന്ന കാഴ്ചപ്പാടോടുകൂടി തലമുറയായി അതു കൈമാറുന്നു. ആശയങ്ങളിലെ മൂല്യബോധവും ആചാരവ്യവസ്ഥയുമായി ഉണ്ടായിരുന്ന അനുസ്യൂതമായ പിൻതുടർച്ച എവിടെയോ മുറിഞ്ഞു പോയി. ധർമ്മ വിചാരം പണ്ടു ഉണ്ടായിരുന്നു.

സ്വായത്തമാക്കിയതിനെ ഉറപ്പിക്കാനും കൂടിയുള്ള ഓർമ്മപ്പെടുത്തലാണ് ഈ പരമ്പരയിലൂടെ സ്വാമിജി ചർച്ചയ്ക്ക് വിധേയമാക്കുന്നത്. ദേശകാലങ്ങൾക്കനുസരിച്ച് ആചാരങ്ങളെയും വ്യവസ്ഥകളെയും അഭിനവമാക്കിയാൽ അത് എന്നും നിലനിൽക്കും.

സനാതനധർമ്മത്തിന്റെ അടിത്തറ 1) വേദം, വേദാനുസാരികം 2) വൈദികം 3) ശിഷ്ടാചാരം – മഹാജനങ്ങൾ കാണിച്ചു തന്ന വഴിയാണ് ശിഷ്ടാചാരം. ശ്രുതിയും സ്മൃതിയും കൂടാതെ ശിഷ്ടാചാരമുണ്ട്.

വൈദിക ധർമ്മം – നിത്യം, നൈമിത്തികം, കാമ്യം, പ്രായശ്ചിത്തം,

1. നിത്യം – ഒഴിവാക്കാൻ സാധ്യമല്ലാത്തത് . നിത്യം ചെയ്യുന്ന എല്ലാ കർമ്മങ്ങളും സ്നാനം, ശരീരശുദ്ധി തുടങ്ങിയവ.

2. നൈമിത്തികം – നിമിത്തം വരുമ്പോൾ ചെയ്യുന്നത്. ഓരോ സന്ദർഭമനുസരിച്ച്, പേരിടുന്നത് മുതലായവ.

3. കാമ്യം – ആഗ്രഹപൂർത്തീകരണത്തിനു ചെയ്യുന്നത്.

4. പ്രായശ്ചിത്തം – ചെയ്യേണ്ടത് ചെയ്തില്ല. ചെയ്യേണ്ടാത്തത് ചെയ്തുപോയി. ഉള്ളിൽ അപരാധം വരും. അതാണു പാപമായി തീരുന്നത്. അപ്പോൾ ചെയ്യുന്നത്.

ഗൃഹസ്ഥന്മാർക്ക് നുണപറയാനുള്ള സാദ്ധ്യത കൂടുതലാണ്. പലർക്കു വേണ്ടിയും കള്ളം പറയേണ്ടി വരും. തന്റെമാത്രം ആവശ്യകതയാണ് വാനപ്രസ്ഥത്തിലും സന്യാസത്തിലും ഉള്ളത്. 'സത്യാന്നപ്രമദിതവ്യം' ഒരിക്കലും അസത്യം പറയരുത്, പറയേണ്ടത് ദേശം, കാലം, സാഹചര്യം ഇവ അനുസരിച്ച് മാത്രം പറയണം. അന്തർലീനമായ ധർമ്മബോധമനുസരിച്ച് നമ്മൾ പെരുമാറണം. സത്യാന്നപ്രമദിതവും, ധർമ്മാന്നപ്രമദിതവും, കുശലാന്നപ്രമദിതവും, ഭൂത്യൈന്നപ്രമദിതവും ഐശ്വര്യവും ശാന്തിസമൃദ്ധമായ സമ്പത്തും ഉണ്ടാകണം. കുടുംബങ്ങൾ സമ്പന്നമാകണം. ഉപയോഗഭ്രാന്തുണ്ടാകരുത്.

വേദത്തിൽ ബഹുവിധങ്ങളായ യജ്ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ പെടുന്നതാണ് നിത്യകർമ്മങ്ങളും പഞ്ചമഹായജ്ഞങ്ങളും. ഏതൊക്കെയാണിവയെന്ന് മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നു. പഞ്ചമഹായജ്ഞം – ബ്രഹ്മ, പിതൃ, ദൈവ, മനുഷ്യയജ്ഞം, ഭൂതയജ്ഞം. 'അദ്ധ്യാപനം ബ്രഹ്മയജ്ഞം, പിതൃയജ്ഞസ്തുതർപ്പണം.....' അദ്ധ്യാപനം അഥവാ പഠിപ്പിക്കുക എന്നതാണ് ബ്രഹ്മയജ്ഞം. ശാസ്ത്രസാരത്തെയും, ആചരണപദ്ധതിയെയും, ജീവിതമൂല്യങ്ങളെയും മനുഷ്യനന്മയിലേക്ക് നയിക്കുന്ന ആശയങ്ങളെ വരും തലമുറയ്ക്ക് പകർന്നു നൽകുന്നതിനെയാണ് ശാസ്ത്രത്തിൽ അദ്ധ്യാപനം എന്നു പറയുന്നത്. ബ്രഹ്മയജ്ഞം, 'സ്വാധ്യായ, പ്രവചനാഭ്യം നപ്രമദിതവ്യം' ദൈവയജ്ഞത്തിൽ ആദ്യം പറയേണ്ടത് അഗ്നിഹോത്രമാണ്. ക്ഷേത്രോപാസന, അഗ്നിഹോത്രം, ഹോമം ഇവയൊക്കെ ദൈവയജ്ഞത്തിൽ പെടുന്നു. എല്ലാ കർമ്മങ്ങളും അർപ്പണ ഭാവത്തോടെ ചെയ്യണം. ഈശ്വരാരാധന, ജപം, വിളക്കു വയ്ക്കുക ഇവയെല്ലാം വീടുകളിൽ ചെയ്യണം. അഗ്നിഹോത്രത്തിന്റെ ചുരുങ്ങിയ രൂപമാണു വിളക്കു വയ്ക്കൽ. ഇത് ആദിദൈവികം, ഭൗതികം, ആദ്ധ്യാത്മികം ഈ പ്രാരാബ്ധങ്ങളെ ഇല്ലാതാക്കുന്നു.

ക്ഷേത്രോപാസന : ക്ഷേത്രം എന്താണ് ? എന്തിനാണ്. ഈശ്വരന് ക്ഷേത്രമില്ല. ക്ഷേത്രത്തിൽ ദേവതാ ഉപാസനയാണ് നടക്കുന്നത്. അതിലൂടെ ഈശ്വര ഉപാസനയിലെത്തുന്നു. ഈശ്വരന് ശുദ്ധാശുദ്ധങ്ങളില്ല. രൂപമില്ല, നാമമില്ല – സനാതനധർമ്മത്തിന്റെ പ്രധാനപ്പെട്ട അംഗമാണ് ക്ഷേത്രോപാസന. വൈവിദ്ധ്യങ്ങൾ നിറഞ്ഞതാണത്. വൈരുദ്ധ്യങ്ങളില്ല. നാനാത്വത്തിൽ ഏകത്വമാണിത്. ക്ഷേത്രം എന്നു പറഞ്ഞാൽ ക്ഷയങ്ങളിൽ നിന്ന് രക്ഷിക്കുന്നത്. ക്ഷയാത് ത്രായതേ ഇതി ക്ഷേത്ര : സനാതന ധർമ്മത്തിന്റെ പ്രധാനപ്പെട്ട ഭാഗമാണ് ക്ഷേത്രോപാസന. മനുഷ്യജന്മത്തിൽ പരമമായ സത്യത്തെ അറിഞ്ഞുവെങ്കിൽ മഹായോഗമാണ്. അതറിയാതെ മരിച്ചു പോയാൽ നമുക്കതു വിനാശമാണ്. ഗാർഗിയോടു യാജ്ഞവൽക്യൻ പറയുന്നു 'മനുഷ്യനായി ജനിച്ചിട്ട് അജ്ഞാനിയായി മരിക്കുന്നവൻ കൃപാണൻ'.

നാമരൂപരഹിതമായ ദേവതകളെ ഉപാസിക്കാൻ നാമരൂപമാവശ്യമാണ്. വിശിഷ്ടമായ മന്ത്രശക്തിയും സഹജമായ ശക്തിയും ഒന്നിച്ച് നാമം ജപിക്കുമ്പോൾ മന്ത്രശക്തി അപാരമാണ്. പിന്നെ അർച്ചകന്റെയും ദർശകന്മാരുടെയും സങ്കൽപങ്ങളുടെ ഏകീകരണം ദേവതയെ ശക്തി മത്താക്കുന്നു.

ശുദ്ധിയും ശ്രദ്ധയും കൂടി മനോവൃത്തികളെ ഏകാഗ്രമാക്കുന്നതാണ് ഉപാസന. ഭൗതികമായ വിഷയങ്ങളിൽ നിന്നു കിട്ടുന്ന സുഖം താൽക്കാലികമാണ്. ഏതൊന്നിനെ ലഭിച്ചാൽ മറ്റൊരു സുഖത്തിന്റെ ആവശ്യം തോന്നുകില്ല – അതാണ് പരമമായ സുഖം.

മൂന്നു വിധം കർമ്മകരണങ്ങളുണ്ട്. കായികം, വാചികം, മാനസികം. രണ്ടു തരം ഫലം ഉണ്ട്. ദൃഷ്ടഫലം, അദൃഷ്ടഫലം. എല്ലാ കർമ്മത്തിനും ഇതു രണ്ടുമുണ്ട്. ഈശ്വരീയകർമ്മത്തിൽ കൂടെ അദൃഷ്ടമായി ഉണ്ടാകുന്ന പുണ്യഫലത്തെ ആർജിക്കുന്നു.

നാമജപം, പുഷ്പാർച്ചന, തീർത്ഥാടനം, വ്രതം, മാനവസേവ, ഈശ്വരപൂജ ഇതുവഴി സത്കർമ്മപരി

പാകമുണ്ടാകുന്ന പ്രക്രിയയാണ് തപസ്സ്.

ഭഗവാന്റെ ശരീരമാണ് ദേവാലയം. സ്ഥൂലശരീരമാണ് ഗോപുരസ്ഥാനം മുതൽക്കുള്ള സ്ഥലം. ക്ഷേത്രത്തിന്റെ ഘടനയിൽ എല്ലാ ഭാഗങ്ങളും വിസ്തരിച്ച് കാണാൻ സാധിക്കും.

സാധനാക്രമത്തിൽ അഭിക്രമനാശമില്ല പ്രത്യപായമോ ഇല്ല. എത്ര ചെയ്തോ അതവിടെ കിടക്കും. അതിന്റെ ഫലം കാണും. നാമജപം തെറ്റിപ്പോയാൽ കുഴപ്പമില്ല. പക്ഷെ തെറ്റിച്ചാൽ കുഴപ്പമാണ്. ഈ പ്രപഞ്ചം മുഴുവൻ ഭഗവത് രൂപമാണ്. എന്നു വരുമ്പോൾ നമ്മൾ ചെയ്യുന്ന എല്ലാ സേവനങ്ങളും ഈശ്വര പൂജയാണ്. ഈയൊരു ഭാവനയോടെ വേണം ലോകസേവനം ചെയ്യാൻ. ജീവിതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടു മാറും. ഇങ്ങനെ ദൈവയജ്ഞം ദിവസേന ചെയ്യുക.

ഷോഡശസംസ്കാരങ്ങൾ. മനുഷ്യനെ സംസ്കാര സമ്പന്നനാക്കുന്നത് ഒരു ദിവസത്തേയോ സമയത്തേയോ പ്രവർത്തി കൊണ്ടല്ല. നിരന്തര പ്രക്രിയയാണ്.

അത്തരം പ്രക്രിയകളിൽ കൂടെ കടന്നു പോകുമ്പോൾ സംസ്കാര സമ്പന്നമാകുന്നു. ഗർഭധാനം മുതൽ അന്ത്യേഷ്ടിവരെ 16 സംസ്കാരങ്ങൾ. വിവാഹത്തിന് യജ്ഞഭാവം നൽകണം. ധർമ്മചിന്തയുടെ ഉത്പന്നമാണ് സന്താനം. മൂന്നു സംസ്കാരം ജനിക്കുന്നതിനുമുൻപുണ്ട്. സ്നാനത്തിനു ശേഷം ആറാമത്തെ സംസ്കാരമാണ് നിഷ്ക്രമണം. പതിന്നാലാമത്തെ സംസ്കാരം വാനപ്രസ്ഥം, പതിനഞ്ചാമത്തെ സന്യാസം. അന്ത്യേഷ്ടി സന്യാസികൾക്കില്ല.

ധർമ്മാചരണ പദ്ധതിയിൽ തീർത്ഥാടനത്തിനു പ്രാധാന്യമുണ്ട്. തീർത്ഥാടന പ്രക്രിയയിലൂടെ ദേശീയോദ്ഗ്രഥനം (National Integration) നടക്കുന്നു. തീർത്ഥങ്ങളുടെ രാജാവാണ് പ്രയാഗ്.

വ്രതാനുഷ്ഠാനങ്ങളും പ്രധാനമാണ്. പ്രിയതേ ഇതിവ്രതം. സ്വേച്ഛായാ ആചരിക്കാൻ സ്വീകരിച്ചിട്ടുള്ളതാണ് വ്രതം.

മനുഷ്യനെ സംബന്ധിച്ച് ധർമ്മമാണ് പ്രധാനം. എന്നോടൊപ്പം തന്നെ എന്റെ സമൂഹവും നിലനില്ക്കണം. ജീവിതം മൂല്യാടിസ്ഥാനമായിരിക്കണം. സഹജമായ ധർമ്മബോധത്തോടുകൂടി ലജ്ജാദേവിയുമുണ്ട്. അതാണ് നമ്മൾ ചിലതു ചെയ്യാതെ മര്യാദയായി ജീവിക്കുന്നത്. യഥാശക്തി ദാനം ചെയ്യണം. മിത്രഭാവത്തോടെ ദാനം ചെയ്യണം.

ഇങ്ങിനെയൊക്കെ ചെയ്യുമ്പോൾ നമ്മുടെ ജീവിതം ഒരു തപസ്സായി തീരും.

## 6-ാം ചരമവാർഷികം

**20.02.2019**



**ഇല്ലിക്കൽ കൃഷ്ണമേനോൻ**
എഴുത്തുള്ളിൽ ഹൗസ്
ആലപ്പാട്ട് ക്രോസ് റോഡ്
രവിപുരം

## 9-ാം ചരമവാർഷികം

**07.02.2018**



**പ്രവീൺകുമാർ സി. (അപ്പു)**
ശ്രീശക്തി
കിഴക്കേ ആലപ്പാട്ട് വീട്
കൊച്ചി-682016





# ഭാരതീയ സനാതനധർമ്മത്തിന്റെ അതുല്യ സവിശേഷത



കെ. മുരളീധരൻ . ഫോൺ : 9446929505

ഏതൊരു മനുഷ്യനേയും അവന്റെ സ്വഭാവത്തെ സ്വ സ്വരൂപത്തെ ഉണർത്തി പൂർണ്ണ സ്വാതന്ത്ര്യത്തിലേക്ക് സത്യത്തിന്റെ മാർഗ്ഗത്തിലേക്ക് ഉയർത്തുന്ന ഏതൊരു ധർമ്മമാണോ, ആ ധർമ്മമാണ് ആർഷഭാരത സനാതനധർമ്മം. ആർഷഭാരതമെന്നാൽ ഋഷികളുടെ നാട് എന്നാണ് അർത്ഥം. ഋഷികൾ എന്നാൽ കവികൾ, തൃകാലദർശികള്, സദ്ഗുരുക്കന്മാർ എന്നൊക്കെയാണ് ഇങ്ങിനെയുള്ള മഹാത്മക്കളെയാണ് ഹിന്ദുമത സമൂഹത്തിൽ പെട്ട കുറെ ആളുകളെങ്കിലും അവജ്ഞയോടെ അധിക്ഷേപിക്കുന്നത്. ഇത് വളരെ ഖേദകരമാണ്. ഭാരതീയ സനാതനധർമ്മ (ഹിന്ദുമത സംസ്കാരം) ത്തെക്കുറിച്ച് യാതൊരു ജ്ഞാനവും ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണം. വിദേശ സംസ്കാരത്തോടുള്ള നമ്മുടെ ഭ്രമവും അനുകരണവുമാണ് ഈ അജ്ഞാനത്തിന് മുഖ്യകാരണം.

സെമിറ്റിക്ക് മതങ്ങളിൽ (ജൂത ക്രൈസ്ത, ഇസ്ലാം) ഈശ്വരൻ നമ്മിൽ നിന്നും അന്യമായി ദൂരെയെങ്ങോ ആകാശത്തിനപ്പുറത്ത് സ്വർഗ്ഗ രാജ്യത്തിരുന്നു ഈ ലോകത്തെ നിയന്ത്രിക്കുന്നതായിട്ടാണ് അവരുടെ സങ്കല്പം. എന്നാൽ അങ്ങനെ ഒരീശ്വരനെ ആർക്കും ഇന്നേവരെ കാണുവാൻ സാധിച്ചിട്ടില്ലെന്നതാണ് വസ്തുത.

എല്ലാ മതങ്ങളുടെയും മാതാവായി കണക്കാക്കപ്പെടുന്ന അതിശ്രേഷ്ഠമായ മതമാണ് ഹിന്ദുമതം അഥവാ സനാതനധർമ്മം. മനുഷ്യന്റെ ആദർശം തന്നെ തന്റെ ഉള്ളിൽ കുടികൊള്ളുന്ന ഈശ്വര ചൈതന്യം തന്നെയാണ്, ഈ വിശ്വപ്രപഞ്ചത്തിൽ കാണപ്പെടുന്ന സർവ്വചരാചരങ്ങളിലും നിറഞ്ഞു നിൽക്കുന്നതെന്ന് തിരിച്ചറിയുക എന്നതാണ്. ഈ ജഗത്തിനെത്തന്നെയും ഈശ്വരനെക്കൊണ്ടു മൂടുക എന്നാണ് നമ്മുടെ ഋഷീശ്വരന്മാർ പരമ്പരാഗതമായി നമുക്കു തരുന്ന ഉപദേശം. മനുഷ്യനെ മാത്രമല്ല നായയേയും പൂച്ചയേയും കടുവയേയും പാമ്പിനേയും നദികളേയും എന്നു വേണ്ട ജഡപദാർത്ഥമായി കണക്കാക്കപ്പെടുന്ന ഏറ്റവും ഘരരൂപത്തിലുള്ള പാറയേയും കല്ലിനേയും നാം ഈശ്വരനായിക്കണ്ട് ആരാധിക്കുന്നു. പക്ഷികളേയും വൃക്ഷലതാദികളേയും നമ്മൾ ഈശ്വരനായി ആരാധിക്കുന്നു. ഇത്ര ശ്രേഷ്ഠമായ ഒരരാധനാസമ്പ്രദായം നമ്മുടെ ഭാരതീയ സനാതനധർമ്മത്തിൽ മാത്രമേ കാണുവാൻ സാധിക്കൂ. അതാണ് ഹിന്ദുമതസംസ്കാരത്തിന്റെ സവിശേഷത.

ഈശ്വരൻ അരൂപിയായതുകൊണ്ടു തന്നെ ഈ ലോകത്ത് കാണപ്പെടുന്ന സർവ്വരൂപങ്ങളും ഭഗവാൻ തന്നെ. ഗുണാതീതനായതുകൊണ്ട് എല്ലാ ഗുണങ്ങളും ഭഗവാൻ തന്നെ. ഭൂതവും വർത്തമാനവും ഭാവിയും കാലാതിവർത്തിയായ ഭഗവാൻ തന്നെയെന്നും എല്ലാ ആദ്ധ്യാത്മിക ശാസ്ത്രങ്ങളിലും പുരാണങ്ങളിലും പറയുന്നു.

'സഹസ്രശീർഷ പുരുഷഃ സഹസ്രാക്ഷി സഹസ്രപാദ'

പുരുഷസൂക്തത്തിലെ ഈ ആദ്യത്തെ മന്ത്രവും ഇതേ ആശയംതന്നെയാണ് വ്യക്തമാക്കുന്നത്.

'ഈശാവാസ്യമിദം സർവ്വം യത് കിഞ്ച ഗത്യാം ജഗത്'

ഈശാവാസ്യോപനിഷത്തിലെ ഒന്നാമത്തെ ഈ മന്ത്രത്തിന്റെ സാരവും മേൽപറഞ്ഞതു തന്നെ. ഈ ജഗത്തിൽ, ലോകത്തിൽ എന്തെല്ലാം ഉണ്ടോ അതെല്ലാം ഈശ്വരസ്വരൂപം തന്നെ എന്നർത്ഥം. ഇങ്ങിനെ എത്ര എത്ര ഉദാഹരണങ്ങൾ.

പോരാത്തതിന് ഭഗവദ്ഗീതയിലെ വിഭൂതി യോഗം എന്ന അദ്ധ്യായത്തിലൂടെ ഒന്നു കണ്ണോടിച്ചു നോക്കുക. അതിൽ ഭഗവാൻ ശ്രീകൃഷ്ണൻ പറയുന്ന ദേവന്മാരിൽ ഇന്ദ്രൻ ഞാനാണ്. പർവ്വതങ്ങളിൽ ഹിമാലയ പർവ്വതം ഞാനാണ്. വൃക്ഷങ്ങളിൽ അരയാൽ ഞാനാണ്. കുതിരകളിൽ ഉച്ചൈശ്രവസ്സും പശുക്കളിൽ കാമധേനുവും സർപ്പങ്ങളിൽ വാസുകിയും ഞാൻ തന്നെ. യാദവരിൽ കൃഷ്ണനും പാണ്ഡവരിൽ അർജ്ജുനനും മുനിമാരിൽ വ്യാസനും ഞാൻ തന്നെയെന്നു വിചാരം ചെയ്ത് ഗ്രഹിച്ചു കൊള്ളുക എന്നു ശ്രീകൃഷ്ണൻ അർജ്ജുനനോട് പറയുന്നു.

എല്ലാവരിലും എല്ലാ വസ്തുക്കളിലും ഈശ്വരചൈതന്യം കുടികൊള്ളുന്നുവെങ്കിൽ ചിലരിൽ മാത്രം എന്തുകൊണ്ട് കൂടുതൽ ശക്തി അനുഭവപ്പെടുന്നു എന്ന ചോദ്യം ഉയർന്നേക്കാം. ഭഗവദ്ഗീതയിലെ അതേ അദ്ധ്യായത്തിലെ 41-ാം ശ്ലോകത്തിലൂടെ ഭഗവാൻ അതിനുള്ള സമാധാനവും തരുന്നു. അസാധാരണമായ ഐശ്വര്യമോ തേജസ്സോ ശോഭയോ ഉത്സാഹമോ ആരിൽ പ്രകടമാകുന്നുവോ അവർ എന്റെ തേജസ്സിൽ നിന്ന് നേരിട്ട് സ്വന്തം ഇച്ഛയാൽ ജന്മമെടുത്തവരാണെന്ന് മനസ്സിലാക്കിക്കൊള്ളുക.അപരിച്ഛിന്നവും ചരാചരാത്മകവും ആനന്ദചിന്മയവുമായ കാരണവസ്തു (പരമാത്മചൈതന്യം) തന്നെയാണ് കാര്യമായ പ്രപഞ്ചമായി പരിണമിച്ചിരിക്കുന്നത് എന്ന് സാരം.

അങ്ങിനെയുള്ള പുണ്യാത്മക്കളേയാണ് ഭാരതത്തിൽ മഹാത്മക്കളെന്നും സദ്ഗുരുക്കന്മാരെന്നും അവതാര പുരുഷന്മാരെന്നും പറഞ്ഞു വരുന്നത്. ഇച്ഛാ ജ്ഞാനക്രിയാശക്തികളെ ഉള്ളം കൈയ്യിലെ നെല്ലിക്കാപോലെ അമ്മാനമാടാൻ കഴിവുള്ള മഹാപുരുഷന്മാർ ഭാരതത്തിൽ എക്കാലവും അവതീർണ്ണരായിക്കൊണ്ടേയിരിക്കുന്നു. ഇവർ എവിടെ പോയാലും എവിടെയായിരുന്നാലും അവിടം ജനലക്ഷങ്ങളേക്കൊണ്ട് നിറയുന്നു. അതു സ്വാഭാവികമായി സംഭവിച്ചു പോകുന്നതാണ്. ആരാലും തടുക്കുവാൻ സാധ്യമല്ല. പഞ്ചസാര കൂമ്പാരത്തിനു മുന്നിൽ മുളകുപൊടിയെന്നോ ഉപ്പുപൊടിയെന്നോ എഴുതി വച്ചാലും ഉറുമ്പുകൾ വന്നുകൂടും. അതുപോലെയാണ് സദ്ഗുരുക്കന്മാരുടെ സമീപത്തേക്കുള്ള ഭക്തജന പ്രവാഹം.

സമുദ്രത്തിൽ വൻ മഞ്ഞുമലപോലെയാണ് ബ്രഹ്മത്തിൽ അവതാരം. അഞ്ചോ ആറോ അടിയുള്ള ഒരു മനുഷ്യശരീരത്തിൽ ഈശ്വരശക്തി മുഴുവൻ ഒതുങ്ങുക സാധ്യമല്ല. എങ്കിലും ഈശ്വരന് ഈ കൊച്ചു ശരീരത്തിലൂടെ ഇഷ്ടാനുസരണം പ്രവർത്തിക്കുവാൻ കഴിയും. അതാണ് അവതാരരൂപത്തിലുള്ള മഹത്വം. (ശ്രീമാതാഅമൃതാനന്ദമയീദേവി, സംഭാഷണങ്ങൾ 2 -ാം ഭാഗം)

'അജോപി സന്നവ്യയാത്മാ ഭൂതാനാമീശ്വരോപിസൻ

'പ്രകൃതീം സ്വാമധിഷ്ഠായ സംഭവാമ്യത്മമായയാ'

ഞാൻ ജനനമരണരഹിതനാണ്. ആദിയും അന്തവും ഇല്ലാത്തവനാണ്. ഈ ബ്രഹ്മാണ്ഡ മണ്ഡലങ്ങളിലെ സർവ്വ പ്രാണികളുടെയും എന്നു വേണ്ടാ സർവ്വതിന്റെയും നിയന്താവാണ് (ഈശ്വരൻ) ഞാൻ. അതുകൊണ്ടു തന്നെ എനിക്ക് വേറെയൊരു നിയന്താവില്ല. എങ്കിലും എന്റെ സ്വാധീനത്തിലുള്ള പ്രകൃതിയേ ആശ്രയിച്ച് സ്വന്തം മായാശക്തികൊണ്ട് ശരീരധാരണം ചെയ്ത് അവതരിക്കുന്നു. അവതാര മൂർത്തികൾ സ്വന്തം ഇച്ഛയാൽ ജന്മം എടുക്കുന്നു. എന്നാൽ സാധാരണ മനുഷ്യർ ജന്മകർമ്മ പ്രാരാബ്ധം കൊണ്ടു ജനിക്കുന്നു.

ഭഗവദ് ഗീതയിലെ ഒൻപതാം അദ്ധ്യായത്തിലെ പതിനൊന്നാം ശ്ലോകത്തിലൂടെ ഭഗവാൻ പറയുന്നതെന്താണെന്നുകൂടി നോക്കാം.

'അവജാനന്തി മാം മൂഡാ മാനുഷീം തനുമാശ്രിതം

പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം'

സകല ഭൂതങ്ങളുടെ അധീശ്വരനും സനാതനവും സകലോത്തരവുമായ എന്റെ പരമാത്മതത്ത്വത്തെ അറിയാത്ത കേവലം ദേഹാത്മാബുദ്ധികൾ /മൂഢന്മാർ എന്നെ സാധാരണ മനഷ്യനായി കാണുന്നു. ഇത് തികച്ചും ഈശ്വരനിന്ദയാണ്. ഭഗവാൻ ശ്രീകൃഷ്ണൻ അവതാരതത്ത്വത്തെ അടിവരയിട്ട് സമർത്ഥിക്കുകയാണിവിടെ.

അതുകൊണ്ട് ആർഷഭാരതീയ സനാതന ധർമ്മ (ഹിന്ദുമത സംസ്കാരം)മനുസരിച്ച് അവതാര പുരുഷരെ ആദരിക്കേണ്ടത് നമ്മുടെ ധർമ്മമാണ്.

**ആരോമൽ കേശവൻ തൻ മധുരിമ തിരളും**
**വേണുഗീതപ്രഭാവാൽ**
**വാരാർന്നാനന്ദ മൂർച്ഛാം തടവുമൊരുലതാ-**
**പാദപാനാം കദംബം**
**വാരം വാരം പ്രസൂനാങ്കുരപുളകമണി-**
**ഞ്ഞംഗമെങ്ങും മധൂളീ-**
**ധാരാ ബാഷ്പങ്ങളും പെയ്തടവിയിൽ വിലസീ**
**നിശ്ചലാനമ്രശാഖം.**

**- രാസക്രീഡാപ്രബന്ധം. 16-ാം ശതകം**

സുന്ദരനായ ശ്രീകൃഷ്ണന്റെ മാധുര്യം തികഞ്ഞ വേണുഗാനത്തിന്റെ ശക്തിയാൽ ലതകളുടെയും വൃക്ഷങ്ങളുടെയും കൂട്ടം മനോഹരമായ രീതിയിൽ ആനന്ദമൂർച്ച കലർന്നു നിന്നു. അവ വീണ്ടും വീണ്ടും പൂക്കളാകുന്ന രോമാഞ്ചമണിഞ്ഞു. തേൻതുള്ളികളാകുന്ന ആനന്ദബാഷ്പങ്ങൾ ചൊരിഞ്ഞു. നിശ്ചലവും നമ്രവുമായ ശാഖകളോടുകൂടി അവ ആ കാട്ടിൽ നിന്നു.





# ചെവിയുടെ ബാലൻസ് തെറ്റുമ്പോൾ

ഡോ.പാർവ്വതി.കെ.എസ്

ശരീരത്തിന്റെ ബാലൻസ് കാത്തു സൂക്ഷിക്കുന്നത് മൂന്നു ഘടകങ്ങൾ ചേർന്നാണ്. കാഴ്ച, പേശി നാഡിവ്യൂഹം, ആന്തരകർണം എന്നിവയാണ്. ഇവയിൽ ഏതെങ്കിലും ഒന്ന് തകരാറിൽ ആകുമ്പോഴാണ് ബാലൻസ് നഷ്ടപ്പെടുന്നത്. വെസ്റ്റിബ്യൂളി (Vestibule) നുണ്ടാകുന്ന തകരാറാണ് ചെവിയുടെ ബാലൻസ് തെറ്റാൻ ഇടയാക്കുന്നത്.

ആന്തരിക കർണ്ണത്തിലെ രണ്ട് പ്രധാനപ്പെട്ട അവയവങ്ങളാണ് കേൾവിയുടെ ഭാഗമായ കോക്ലിയയും, ബാലൻസ് നിയന്ത്രിക്കുന്ന വെസ്റ്റിബ്യൂളും അർധവൃത്താകൃതിയിലുള്ള കനാലുകൾ, യൂട്രിക്കിൾ സാക്ക്യൂൾ എന്നിവ ഉൾപ്പെടുന്നതാണ് വെസ്റ്റിബ്യൂൾ. തലയുടെ റൊട്ടേഷണൽ ചലനങ്ങൾക്കനുസരിച്ച് പ്രതികരിക്കുകയാണ് (Angular acceleration) അർധവൃത്താകൃതിയിലുള്ള കനാലുകളുടെ ധർമ്മം. ഗുരുത്വാകർഷണത്തിനനുസരിച്ചും തലയുടെ മുന്നോട്ടും പിന്നോട്ടുമുള്ള ചലനങ്ങൾക്കനുസരിച്ചും പ്രതികരിക്കുകയാണ് വെസ്റ്റിബ്യൂളിന്റെ ധർമ്മം.

ചെവിയുടെ ബാലൻസ് തെറ്റുന്നതുമായി ബന്ധപ്പെട്ട് അനേകം രോഗാവസ്ഥകളുണ്ട്. അവയിൽ പ്രധാനപ്പെട്ട 2 രോഗങ്ങളെക്കുറിച്ചാണ് ഇവിടെ വിശദീകരിക്കുന്നത്.

### ബിനൈൻ പരോക്സിമൽ പൊസിഷനൽ വെർട്ടിഗോ (Benign Paroxysmal Positional Vertigo)

ചെവിക്കുള്ളിലെ കാൽസ്യം കാർബണേറ്റിന്റെ ചെറിയ ക്രിസ്റ്റലുകളായ ഓട്ടോ കോണിയ അടങ്ങിയിരിക്കുന്നത് ഓട്ടോകോണിയൻ സ്തരത്തിലാണ്. ഈ സ്തരത്തിന് ചെറിയ തകരാറുകൾ ഉണ്ടാകുമ്പോഴാണ് ഓട്ടോകോണിയ പുറത്തെത്തി അർധവൃത്താകൃതിയിലുള്ള കനാലുകളിലെത്തിച്ചേരുന്നത്. അതോടെ ഇവ ഈ കനാലുകളിലെ ദ്രാവകത്തിന്റെ സുഗമമായ ഒഴുക്കിന് തടസ്സമുണ്ടാക്കുന്നു. അപ്പോഴാണ് തലചുറ്റൽ ഉണ്ടാകുന്നത്.

രാവിലെ കട്ടിലിൽ നിന്ന് എഴുന്നേൽക്കുമ്പോൾ നിമിഷ നേരത്തേക്ക് കൺമുന്നിൽ ലോകം കറങ്ങുന്നതായി തോന്നുകയാണ് ഇതിന്റെ ലക്ഷണം. വളരെ ചെറിയ സമയത്തേക്ക് മാത്രമാണ് ഇപ്രകാരം തോന്നലുണ്ടാകുന്നത്. പക്ഷേ ബോധമുണ്ടാകുകയും ചെയ്യും. ചിലർ തലചുറ്റി വീഴാറുണ്ട്. പ്രായമായവരിലും, കിടപ്പുരോഗികളിലുമാണ് ഈ പ്രശ്നം കൂടുതലായി ഉണ്ടാകുന്നത്. രോഗികൾക്ക് കേൾവി തകരാറുകളൊന്നും ഉണ്ടായിരിക്കില്ല.

പെട്ടെന്നുള്ള തലയുടെ ചലനങ്ങൾ കിടന്നുരുളുന്നത്, കുനിഞ്ഞ് ജോലി ചെയ്യുന്നത്, തലയ്ക്ക് ഏൽക്കുന്ന പരിക്കുകൾ തല അനക്കാതെ ദീർഘ നേരം ഒരേ പൊസിഷനിൽ വയ്ക്കുന്നത് (പ്രത്യേകിച്ച് (തയ്യൽക്കാർ) കഠിനമായ ശാരീരിക വ്യായാമം തുടങ്ങിയവയെല്ലാം ഇതിനുള്ള സാധ്യത കൂട്ടും.

ഈ രോഗാവസ്ഥയിൽ ഉള്ളവർ ഡ്രൈവിങ്, നീന്തൽ, എന്നിവ ഒഴിവാക്കണം. വീട്ടിലും പുറത്തു പോകുമ്പോഴും ഒറ്റയ്ക്കാകാനുള്ള സാഹചര്യമുണ്ടാകരുത്. പെട്ടെന്ന് ബാലൻസ് നഷ്ടപ്പെട്ടു വീണാൽ പരസഹായം ലഭിക്കാതെ പോകുമെന്നതു കൊണ്ടാണിത്. മരുന്നിനൊപ്പം വ്യായാമം ചെയ്യുന്നത് രോഗം ഒരു പരിധിവരെ കുറയ്ക്കാൻ സഹായിക്കുന്നു.

### മെനിയേർസ് ഡിസീസ് (Menniers Disease)

ബാലൻസ് തെറ്റിക്കുന്ന മറ്റൊരു രോഗാവസ്ഥയാണ് മെനിയേർസ് ഡിസീസ് . ചെവിക്കുള്ളിലെ എൻഡോലിംഫ് എന്ന ദ്രാവകത്തിന്റെ അളവിലുണ്ടാകുന്ന അപാകമാണ് (Inbalance) ഈ രോഗത്തിന് കാരണം. രോഗം ഗുരുതരമായാൽ കേൾവിശക്തി നഷ്ടപെടാനിടയുണ്ട്. ഒരു ചെവിയെ ആണ് സാധാരണയായി ഈ രോഗം ബാധിക്കുന്നത്. രോഗം ഗുരുതരമായാൽ സ്ഥിരമായ കേൾവി നഷ്ടമുണ്ടാകാൻ സാധ്യതയുണ്ട്.

കോക്ലിയക്കുള്ളിൽ നിറഞ്ഞിരിക്കുന്ന എൻഡോലിംഫ് ദ്രാവകത്തിന്റെ അളവ് ക്രമാതീതമായി ഉയരുമ്പോൾ റീസ്നേഴ്സ് സ്തരത്തിന് പൊട്ടലുണ്ടാകുന്നു. അപ്പോൾ പൊട്ടാസ്യം അയോണുകളുടെ അളവിൽ വ്യതിയാനം ഉണ്ടാകുന്നു. അത് താത്ക്കാലികമായി ആന്തരകർണത്തിലെ കോശങ്ങൾക്ക് നാശമുണ്ടാക്കുകയും ചെയ്യും. ഇതോടെ തലചുറ്റലുണ്ടാകുന്നു. ചിലരിൽ ഇത് ദിവസത്തിൽ പല തവണ

ഉണ്ടാകാറുണ്ട് . ഓരോ തവണയും ഇത്തരം അറ്റാക്ക് ഉണ്ടാകുമ്പോൾ ആന്തരകർണ്ണത്തിലെ കോശങ്ങൾക്ക് നാശമുണ്ടാക്കുകയും ചെയ്യും. ഇതോടെ തലചുറ്റലുണ്ടാകുന്നു. ചിലരിൽ ഇത് ദിവസത്തിൽ പല തവണ ഉണ്ടാകാറുണ്ട്. ഓരോ തവണയും ഇത്തരം അറ്റാക്ക് ഉണ്ടാകുമ്പോൾ ആന്തരകർണത്തിലെ കോശങ്ങൾ അല്പാല്പമായി നശിച്ച് കേൾവി ശക്തി കുറയും. ഇത് പിൽക്കാലത്ത് പൂർണ്ണമായ ബധിരതയ്ക്ക് കാരണമാകും.

ഇടയ്ക്കിടെ തലചുറ്റൽ ഉണ്ടാകുന്നു. 20 മിനിറ്റ് മുതൽ മണിക്കൂറുകളുടെ ഇടവേളകളിൽ ഇതുണ്ടാകാം. കേൾവി കുറയുന്നു. ചെവിക്കുള്ളിൽ മണിയടിക്കുന്നതുപോലയോ മുഴങ്ങുന്നതുപോലെയോ തോന്നുന്നു. ചെവിയിലെ അസ്വസ്ഥതകൾ ചിലരിൽ മണിക്കൂറുകൾ നീണ്ടുനിൽക്കാൻ സാധ്യതയുണ്ട്. ഈ ലക്ഷണങ്ങളെല്ലാം രോഗിയിൽ ഒരേ സമയത്ത് ഉണ്ടാകുന്നു എന്നത് ഈ അസുഖത്തിന്റെ പ്രത്യേകതയാണ്.

ചെവിയിൽ മൂളലും മറ്റു അനുബന്ധ ലക്ഷണങ്ങളും അനുഭവപ്പെടുമ്പോൾ ചികിത്സ തേടണം. ബാലൻസ് നഷ്ടപ്പെട്ട് വീഴുമെന്ന് മനസ്സിലാക്കി പരിക്കേൽക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുക. ഡ്രൈവിങ് , നീന്തൽ തുടങ്ങിയവ ചെയ്യരുത്. ഉപ്പിന്റെ ഉപയോഗം കുറയ്ക്കുക പുകവലി ഉപേക്ഷിക്കുക.

# രാസോല്ലാസം

**പറവൂർ രാജഗോപാൽ. ഫോൺ : 9847291483**

നാരത്തിൽ വാഴുന്നൊരീശ്വരനെ
നാമത്താൽ വാഴ്ത്തി സ്തുതിച്ചിടുന്നു.
പാരാകെ നിറയുന്ന വൈഭവത്തെ
പാടിപുകഴ്ത്തി വണങ്ങിടുന്നു.
തേടുന്ന കണ്ണിൽ തെളിയും പൊരുളിനെ
താണുതൊഴുതു നമിച്ചിടുന്നു.
കാണുന്ന മാത്രയിൽ കർപ്പൂരകാന്തിയായ്
മേവുന്ന മൂർത്തിയെ കുമ്പിടുന്നു.
പാടും കുയിൽ പാട്ടിൻ നാദത്തിൽ നാമ്പിടും
ഓംങ്കാര രൂപത്തെ കൈ തൊഴുന്നു.
ആഴിപാലാഴിയിൽ ആനന്ദചിത്തനാം
ആത്മസ്വരൂപത്തെ കൈതൊഴുന്നു
മണ്ണിതിൽ കണ്ണനായ് വന്നു പിറന്നൊരു
മാധവനുണ്ണിയെ കുമ്പിടുന്നു
വിണ്ണിലെ കാർനിറം വാരിയണിഞ്ഞൊരു
കാർമുകിൽ വർണ്ണനെ കുമ്പിടുന്നു
പീലിയണിഞ്ഞു കുഴലൂതി നിൽക്കുന്ന
വേണുഗോപാലനെ വാഴ്ത്തിടുന്നു
കാലിൽ തളയിട്ട് കാഞ്ചിപൂഞ്ചേലയിൽ
കണ്ണനാമുണ്ണിയെ വാഴ്ത്തിടുന്നു.
നാമസങ്കീർത്തനം കൊണ്ടുണർന്നീടുന്ന
നാരായണന്നെ ഭജിച്ചിടുന്നു.
കാരണങ്ങൾക്കൊക്കെ കാരണമായുള്ള
കാരുണ്യമൂർത്തിയെ വാഴ്ത്തിടുന്നു.
പാടിപുകഴ്ത്തി പറഞ്ഞുപറഞ്ഞെന്റെ
പാലാഴി വാസനെ വാഴ്ത്തിടുന്നു.
പട്ടുപോലുള്ളൊരാ പൂമേനി കണ്ടിട്ടു
പാടിപ്പുകഴ്ത്തി സ്തുതിച്ചിടുന്നു.
പഞ്ചാമൃതമുണ്ടിരിക്കുന്നൊരുണ്ണിയെ
പാട്ടുകൾപാടി പുകഴ്ത്തിടുന്നു.
നീലത്തിരുമുടി പീലിയണിഞ്ഞുള്ള
കോടക്കാർവർണ്ണനെ കുമ്പിടുന്നു.
കോമളകാരനാം ഉണ്ണിയെ കണ്ടിട്ടു
കോടിനാമത്താ ൽ സ്തുതിച്ചിടുന്നു.
കാഞ്ചിപൂഞ്ചേലയും മാലയും കണ്ടെന്റെ
ബാലഗോപാലനെ കുമ്പിടുന്നു.
ഉണ്ണിക്കൈ രണ്ടിലും വെണ്ണയുമായ് നിൽക്കും
ഉണ്ണിഗോപാലനെ വാഴ്ത്തിടുന്നു
മണ്ണിൽ കളിക്കുന്ന മാധവനാമെന്റെ
മാനസ ചോരനെ കുമ്പിടുന്നു
മായാ മനോഹരൻ ഊതുന്ന വേണുവിൽ
ആകെ മറന്നു ഞാൻ പാടിടുന്നു
ആനന്ദ നൃത്തത്തിലാറാടി നില്ക്കുമാ
ശ്രീപാദപത്മംവണങ്ങിടുന്നു.





# കുഞ്ഞുണ്ണിക്കവിത

**ഡോ. സി. ശാന്തകുമാരി**

ഫ്യൂഡലിസത്തിന് എക്കാലവും സാമൂഹ്യജീവിതത്തിൽ പ്രസക്തിയുണ്ടായിരുന്നു. സാഹിത്യം ജീവിതത്തിന്റെ പ്രതിഫലനമായതുകൊണ്ട് കാലങ്ങൾക്ക് മുമ്പ് നമ്മുടെ ഭാഷാ സാഹിത്യത്തിലും ഫ്യൂഡലിസം കൊടികുത്തി വാണിരുന്നു. സാഹിത്യത്തിലെ മഹാരഥന്മാർ, ഇടപ്രഭുക്കൾ, സാധാരണക്കാർ ഇവർക്കെല്ലാം കൂടി അന്ന് ഒരു സാഹിത്യരാജാവും വാണിരുന്നു. അന്നത്തെ സാഹിത്യത്തിന്റെ രീതി അതായിരുന്നു. പക്ഷെ ഉള്ളൂരും, ആശാനും , വള്ളത്തോളും ഭാഷാസാഹിത്യത്തിൽ പ്രസക്ത രായപ്പോൾ ഈ രംഗത്തുണ്ടായിരുന്ന സാഹിത്യചക്രവർത്തി മറഞ്ഞുപോയി. അപ്പോൾപോലും കവിത്രയത്തിന്റെ തണലിൽ സാഹിത്യകാരന്മാർ തലകുനിച്ചു നിന്നു. കവിത്രയത്തിന്റെ കാലശേഷം മലയാള സാഹിത്യത്തിൽ ജനാധിപത്യത്തിന്റെ ഒരു യുഗം വിടർന്നു വരികയായിരുന്നു. ഈ സമയത്ത് പുതിയതും വർണ്ണഭംഗിയുള്ളതുമായ ഒട്ടേറെ പൂക്കൾ കാവ്യവേദിയിൽ വിരിഞ്ഞു. ഇക്കൂട്ടത്തിൽ ലളിതവും അർത്ഥപൂർണ്ണവുമായ കാവ്യമലരായിരുന്നു കുഞ്ഞുണ്ണിമാഷുടെ കവിത. അദ്ദേഹം മുൻഗാമികളുടെ വഴികളൊന്നും സ്വീകരിച്ചില്ല. അത് സ്വന്തം വ്യക്തിത്വത്തിന്റെ, മനസ്സിന്റെ പ്രതിഫലനമായിരുന്നു. ആ വ്യക്തിക്കുള്ള മഹത്വം കവി തന്നെ വിളിച്ചു പറയുന്നു.

''പുഴപോലൊഴുകും പുഴയും
പുഴുപോലിഴയും പുഴുവും
ഞാൻപോലലയും ഞാനും
അത്ഭുതമല്ലേ ലോകം''

ഈ അസാധാരണലോകത്തിന്റെ കാഴ്ചകളാണ് അലയുന്ന കവിയുടെ ലോകത്തു കണ്ടത്. അലഞ്ഞലഞ്ഞ് മനസ്സിലെ വികാരങ്ങൾ അക്ഷരങ്ങളിലൂടെ പകരാൻ ശ്രമിച്ചപ്പോഴും മനസ്സിന്റെ ഭാരവും എന്തിന് ശരീരത്തിന്റെ ഭാരംപോലും ലഘുവായി. കവിതയ്ക്ക് ആക്കം കൂട്ടി. അതൊരു താപസന്റെ അലച്ചിലായിരുന്നു. അന്വേഷണവും കണ്ടെത്തലുമായിരുന്നു. കുഞ്ഞുണ്ണിമാഷ്ടെ കവിതകളിൽ ആത്മാവിന്റെ മഹത്വവും, അന്വേഷണത്തിന്റെ അനുഭൂതിയും, ഉണ്ടായെങ്കിൽ അതിൽ അസാധാരണത്വമില്ല. കുഞ്ഞുണ്ണി കവിതകൾ ഉണ്ണികളല്ല, മുറ്റിപ്പഴുത്ത മാമ്പഴങ്ങൾ തന്നെയാണ്.

'അത്ഭുതമെന്നൊരു സാധനം കൊണ്ടല്ലോ
സൃഷ്ടിച്ചതീശ്വരനെന്നെന്തനം
എന്നിട്ടതിൻ ബാക്കിയായതെടുത്താവാ-
മൊപ്പിച്ചതീ പ്രപഞ്ചത്തെയുമേ'

എന്ന വരികൾ വായിക്കുമ്പോൾ,

'ഈശ്വരൻ - എന്തൊരു ശുദ്ധ നുണ
മാനുഷൻ - എന്തൊരു നല്ല നുണ'

എന്നാരും പറഞ്ഞുപോകും. ഇതു കവിതയല്ല, കാച്ചിക്കുറുക്കിയ കവിത തന്നെയാണ്. അതേ സത്യം കണ്ടെത്താനുള്ള അലച്ചിലും സത്യം കണ്ടെത്തലുമാണ് കുഞ്ഞുണ്ണിക്കവിത. ഈ കവി സംസ്കാരത്തെ യഥാർത്ഥവഴിയിലൂടെ നയിക്കുകയും വായനക്കാരന്റെ മനസ്സ് ഉദാത്തതയിലേക്ക് കൊണ്ടുപോവുകയും കൂടി ചെയ്യുന്നു.

'ജീവിതം മറ്റൊരാൾക്കും
പകുക്കാൻ തികയാഞ്ഞ്
ഞാനെന്നെത്തന്നെ
വേളി കഴിച്ചു കൂടിടുന്നു.'

ഈ വരികളിൽ നിറഞ്ഞു നില്ക്കുന്നത് കവിതന്നെയാണ്. കുഞ്ഞുണ്ണിമാഷ്ക്ക് കവിതയിൽ നിന്ന് മാറി നില്ക്കാനേ പറ്റില്ല, നില്ക്കുകയുമില്ല. ഈ ആത്മാർത്ഥത ആ വൈരൂപ്യത്തിന്റെ അഴക് വർദ്ധിപ്പിക്കുന്നു. സാഹിത്യം ജീവിതത്തിന്റെ പകർപ്പാണ് എന്നു പറയുകയല്ല, എഴുതുകയാണ് കുഞ്ഞുണ്ണി.

ഇത്തിരിയുള്ളൊരു കുന്നിക്കുരുവു-
ണ്ടത്തറയുള്ളൊരു കുന്നുണ്ടേ
എത്തറയുള്ളവനെന്നറിയാത്തൊരു
കുഞ്ഞുണ്ണിയുമുണ്ടീ മണ്ണിൽ

മഹത്തായ ഏതു കവിതയും നമ്മെ തത്വവിചാരത്തിലേക്ക് കൊണ്ടു പോകും. ഇത് പൂർണ്ണമല്ലെങ്കിലും കവിതയിൽ വ്യക്തമായ ഒരാശയം ഉണ്ടായിരിക്കണം. ഈ ആശയം കുബേരപദാവലികളായി ആകർഷകമാക്കാനും നല്ല കവിക്ക് കഴിയണം. കുഞ്ഞുണ്ണിക്കവിത തത്വജ്ഞാനപരമായ ആശയങ്ങൾ ഭാവസാന്ദ്രമായി അവതരിപ്പിക്കുന്നു.

'എനിക്കു തന്നെ കിട്ടുന്നു
ഞാനയ്ക്കുന്നതൊക്കെയും
ആരിൽ നിന്നെന്നതേ നോക്കൂ

വിഡ്ഢി ശിപായി യീശ്വരൻ'

കുഞ്ഞുണ്ണിക്കവിത എന്നും സാധാരണക്കാരന്റെ പക്ഷം ചേർന്നാണ് നില്ക്കുക. സാധാരണക്കാരന്റെ വക്താവായ കവി എത്ര വലിയ ആശയവും ലളിതമാക്കിയേ പ്രയോഗിക്കൂ. ഹാസ്യത്തിന്റെ മധുരം പുരട്ടി ആശയങ്ങൾ വായനക്കാരനു നല്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

'ആകാശമാകുന്ന കൊട്ടകൊണ്ടീദൈവ-
മെന്നെയെന്തിനിന്നേവം മൂടിയിട്ടു
താനിരിക്കുന്നേടത്തെത്തുമിവനെന്ന-
പേടികൊണ്ടായിടാം പാവം ദൈവം' ഈ വരികൾ നല്ല ഉദാഹരണങ്ങങ്ങളാണ്. സാധാരണക്കാരൻ എല്ലാം മറന്നു ചിരിക്കും. എന്നാൽ പണ്ഡിതന്റെ ചിരിയിൽ പരിഹാസത്തിന്റെ മുഴക്കവും തന്റേടവും സുഖവും ഒക്കെ പ്രതിഫലിക്കും. സാധാരണക്കാരന്റെ ചിരിയിൽ അർത്ഥതലങ്ങൾ വരും. അത് പതുക്കെ പതുക്കെ പടരും, പന്തലിക്കും. ഇത്തരം മന്ദഹാസവും വളർച്ചയും കവിക്കിഷ്ടമാണ്. ഈ അർത്ഥങ്ങളുടെ പന്തലിലിരുന്ന് അതിന്റെ ഗന്ധവും നിറവും കവി ആസ്വദിക്കും. ഭാര്യയുടെ എഴുത്തുകൾ ബർക്ലി കൊളുത്തുമ്പോൾ കത്തിക്കുന്ന എൽ.ഡി ക്ലാർക്ക് , ടെർലിൻ പുരുഷൻ ആരുമാകട്ടെ ഏവരേയും ഒരുപോലെ സ്നേഹിക്കുന്ന കവി. ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുന്ന ജനങ്ങളെ കഴുതകളാക്കുന്ന രാഷ്ട്രീയക്കാരേയും, മകന് ഇംഗ്ലീഷു പഠിക്കാൻ ഭാര്യയുടെ പ്രസവം വരെ ഇംഗ്ലണ്ടിലാക്കുന്ന ഭർത്താവിനെയും, കവി പരിഹസിക്കുകയും ചെയ്യുന്നു. 'കല ജീവിതം തന്നെ' എന്ന കൃതിയിൽ മാരാർ മഹാത്മാക്കളുടെ ചിരിയെ പരാമർശിക്കുന്നുണ്ട്. ആ ചിരിയോട് ചേർന്നാണ് കുഞ്ഞുണ്ണിക്കവിതകളും നിലക്കൊള്ളുക. അപ്പോഴും പരിഹാസത്തിന് പാത്രീഭൂതനാകുന്ന വ്യക്തിയോട് കുഞ്ഞുണ്ണിക്കവിതയ്ക്ക് ആർദ്രതയാണുള്ളത്. ഇതത്രേ നല്ല ഹാസ്യ സാഹിത്യകാരന്റെ ലക്ഷണം. മുഖത്തു നോക്കി ചിരിക്കുമ്പോഴും കരുണാസാഗരമായി വിധേയനെ കവിത ആശ്ലേഷിക്കും. ദു:ഖത്തിലെ സുഖമാണത്. കണ്ണീരിലെ പുഞ്ചിരി.

'പശുത്തൊഴുത്തിങ്കൽ പിറന്നു വീണതും
മരക്കുരിശിന്മേൽ മരിച്ചെണീറ്റതും
വളരെ നന്നായി മനുഷ്യപുത്രാ, നീ
യുയിർത്തെണീറ്റതോ പരമ വിഡ്ഢിത്തം'

ഇങ്ങനെ എഴുതിപ്പോകുമ്പോൾ ആ സ്വരത്തിന് മൂർച്ച കൂടുന്നു. മാർദ്ദവം കുറയുമ്പോൾ അദ്ദേഹം എഴുതുന്നു.

'ഇരിക്കും കൂട്ടർക്കു ചുമടായ്ത്തീരായ്‌വാൻ
ശ്മശാനത്തിൻ ചെന്നു മരിക്കിൻ മർത്ത്യരെ'

നമ്മുടെ നാടൻ കലകൾ സമൃദ്ധമാണ്. കുറവൻ കയറി വന്ന് ചോദ്യങ്ങൾ ചോദിക്കുക, കുറത്തി ഒളിഞ്ഞും തെളിഞ്ഞും ചോദ്യങ്ങൾക്കു മറുപടി പറയുക. ഇതാണ് കുറത്തി നൃത്തത്തിന്റെ രീതി. ഇതിലെ കാവ്യരീതി.

'നമ്മൾ നന്നാകുവാനെന്തു നല്ലൂ
നല്ലൊരു ചൂലു മനസ്സിൽ നല്ലൂ' - എന്ന് സമർത്ഥമായാണ് കവി കൈകാര്യം ചെയ്തിരിക്കുന്നത്. അസംബന്ധ കവിതകൾക്കും അതിന്റേതായ തനിമയും സൗന്ദര്യവുമുണ്ട്. അതിനാലവയെ തള്ളിക്കളയാനാവില്ല. അവയ്ക്കുള്ളിലും നല്ല ആശയങ്ങൾ ഉൾക്കൊള്ളിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

'ഉറുമ്പു പാടും പാട്ടിലുണ്ടൊരു
കുറുമ്പനാന പിറക്കുന്നു
കരിമ്പു തിന്നും നാട്ടിലുണ്ടൊരു
കരിമ്പനക്കാടുയരുന്നു
അറുത്തു വീഴ്ത്തിയ ചോരയിലുണ്ടൊരു
കറുത്ത കല്ലു കിടക്കുന്നു...........'

വിശിഷ്ടമായ ആശയങ്ങളുള്ള നമ്മുടെ പാരമ്പര്യസ്വത്തായ കടംകഥകളിൽ ചേർത്തും മാഫ്കവിതകൾ രചിക്കുന്നു.

'എലിയുടെ വാലോ
വലിയൊരു മലയുടെ വയറോ
വാലില്ലാത്ത മനുഷ്യനു കെട്ടിയ
വലയുടെ നൂലോ
നീലാകാശ മനസ്സിൻ നിഴലോ
ഞാനാലോചിക്കുകയാണെൻ
തലമുടിയിഴയുടെയുള്ളിൽ
കാണ്മതിതെന്തു വെളിച്ചം'

ഇനി സിംബലിസത്തിലേയ്ക്ക് കടന്നു നോക്കിയാലോ - നാടൻ കലകളിലെ പ്രതിരൂപാത്മക കവിതകളിലേക്ക് ഉറ്റു നോക്കുമ്പോൾ സിംബലിസത്തിന്റെ ചന്തം കാണാനാകും. ഇതിലൊന്നും ദുർഗ്രഹത ഇല്ലതാനും. ഇതാ ഉദാഹരണങ്ങൾ : -

1) മുപ്പത്തിമൂന്നു മരംനട്ടകാലം
മൂന്നു മരമതിലേറെ മുളച്ചൂ
ആ മരം പൂത്തോരു
പൂവുണ്ടെൻ കയ്യിൽ

2) ഒരു മരം ഒരു നിഴൽ
ഇതിലേതു മരം ഏതു നിഴൽ
മരത്തിലേറിയിരിക്കുന്നോ ഞാൻ
നിഴലിലിരുന്നു രമിക്കുന്നോ
എങ്ങനെയറിയാതെന്തു തിരക്കാ-
ണാരുണ്ടൊന്നു പറഞ്ഞു തരാൻ





ഈ കവിക്ക് ഏതു മേഖലയിൽ സ്പർശിക്കാനും പ്രത്യേകം കഴിവോ ജന്മസിദ്ധമായ രീതിയോ ഉണ്ട്. അതുകൊണ്ട് അത്യാധുനിക കവിതകളെ പിൻതുടരാനും കുഞ്ഞുണ്ണിമാഷിന് സാധിച്ചിരിക്കുന്നു. 'സർവ്വം ശിഥിലം' എന്ന കവിത ഉദാഹരണമാണ്.

അവിടെ വരുന്നൂ റോക്കറ്റുകൾ
ആറ്റംബോംബിൻ ബങ്കികൾ
മാർട്ടിൻ ലൂതർ, ടെർലിൻ ഷർട്ടുകൾ
ഗാന്ധിത്തൊപ്പികൾ
കടുക്കതിന്നുന്നോനും
എത്ര ! ഐ വണ്ടർ ഹൗ ഹൗ !

സംസ്കാരത്തിലും രൂപഭാവങ്ങളിലും ചികഞ്ഞു പിടിക്കാനാകാത്ത വിധം എല്ലാം ഇഴുകി കൂടിയ കുഞ്ഞുണ്ണിമാഷ്ടെ കവിത ഒരു പ്രതിഭാസമാണ്. മനുഷ്യമനസ്സുകളിൽ അടിഞ്ഞു മൂടിക്കിടക്കുന്ന മാലിന്യങ്ങളെ മുഴുവൻ തുടച്ചു കളയാൻ കവി ഉപയോഗിക്കുന്നത് ധാർമ്മിക ബോധത്തിന്റെ ചൂലുംവെള്ളവും സോപ്പും തന്നെയാണ്. അനന്തമായ പ്രപഞ്ചരഹസ്യം മനസ്സിലാക്കി മനുഷ്യരുടെ മുഖം നോക്കി രസിക്കുക. അവരോട് ലളിതമായ ഭാഷയിൽ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുക. എന്നിട്ട് ചിരിക്കുക. കാരുണ്യം കാട്ടി കരയുക. ദേഷ്യം വരുമ്പോൾ കോക്കിരി കാണിക്കുക - ഇതെല്ലാം ചെയ്യുന്ന, കാണിക്കുന്ന ഒരേ ഒരു കുട്ടിക്കവി - വലിയ മനസ്സിന്റെ ഉടമ അതിൽ നിന്നും ഉത്ഭൂതമാകുന്ന കവിത - അതാണ് കുഞ്ഞുണ്ണിക്കവിത. ഈ മനസ്സു തന്നെയാണ് ആ കവിതയുടെ മഹത്വവും സന്ദേശവും. - മലയാളത്തിന്റെ മഹാമനസ്സ്.

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക്**
## **2019 ജനുവരി മാസത്തിൽ സംഭാവന നൽകിയവർ**

| | |
|---|---|
| 1. ജസ്റ്റിസ്. എസ്. സിരിജഗൻ, 55/2356, ഫ്ളാറ്റ് നം. 4 സി, സ്റ്റാർ പാരഡൈസ് ചെറുപറമ്പത്ത് ഫസ്റ്റ് ക്രോസ് റോഡ്, കടവന്ത്ര, എറണാകുളം - 682020 | 96,876/- |
| 2. ശ്രീമതി. സതി മുകുന്ദൻ, മാനസി, ചിറ്റൂർ റോഡ്, എറണാകുളം | 20,000/ |
| 3. ശ്രീ. വെങ്കി നായർ, ലെയ്ക് വ്യൂ 3, ഫൈൻ ആർട്സ് അവന്യൂ, കൊച്ചിൻ -682016 | 10,001/- |
| 4. ശ്രീ. എൻ. ആർ. മോഹനൻ, 31/കൃഷ്ണ വിഹാർ, 7th ക്രോസ് പനമ്പിള്ളി നഗർ-36 | 10,000/- |
| 5. ശ്രീ .കെ..ബി. പ്രദീപ്, ലോട്ടസ്, 36/690 എ, എസ്.എഫ്.എക്സ് ചർച്ച് റോഡ്, കലൂർ | 10,000/- |
| 6. ശ്രീ. ജയകുമാർ. കെ, സീനിയർ അഡ്വക്കേറ്റ്, 43/2333, തെമിസ്, പീഡിയക്കേൽ റോഡ്, എസ്. ആർ.എം. റോഡ്, എറണാകുളം | 10,000/- |
| 7. ശ്രീ. സി. പി. രാമഭദ്രൻ, ശ്രീവത്സം, തോട്ടക്കാട്ട്, ടി.ഡി. റോഡ്, കൊച്ചി | 10,000/- |
| 8. ശ്രീ. കെ. കർമ്മചന്ദ്രൻ, മാംഗല്യ, പൊന്നേത്ത് സൗത്ത് റോഡ്, എളംങ്കുളം | 5001/- |
| 9. ശ്രീമതി. ചന്ദ്രിക. പി. മേനോൻ, നെടുവേലിൽ ഹൗസ്, പത്മവിഹാർ, ലായം റോഡ് കൊച്ചി - 682011 | 5,000/- |
| 10. ശ്രീ. എസ്. മധുമോഹനൻ പിള്ള, വൃന്ദാവൻ, പ്രസ്സ് ക്ലബ്ബ് കോളനി-86, ഇടപ്പള്ളി | 5,000/- |
| 11. ശ്രീ.എസ്.ശ്രീകുമാർ, ശിവസ്മരണ, ശിവരാമൻ നായർ കോളനി, ചിറ്റൂർ റോഡ്, കൊച്ചി | 5,000/- |
| 12. ശ്രീ. എൽ. എൻ. സേതുമാധവൻ & ശ്രീമതി. ശാന്ത സേതുമാധവൻ, കൊടക്കാട്ട് ഹൗസ്, 39/134, കാരിക്കാമുറി ക്രോസ് റോഡ്, കൊച്ചി | 5,000/- |
| 13. ശ്രീ. ബാബുരാജ് . ടി, 8/130, തെക്കേതിൽ, സൗത്ത് ചിറ്റൂർ, കൊച്ചി - 682007 | 5,000/- |
| 14. ശ്രീ. മുരളീധരൻ & ഷീല മുരളി, 6 ഡി, ഗ്രീൻ ഇസ്‌ലേ, പണ്ടാരച്ചിറ, എറണാകുളം | 5,000/- |
| 15. ശ്രീ. വി.കെ. ഉണ്ണികൃഷ്ണൻ, 49/84 ഹെവൻ, വിവേകാനന്ദ നഗർ റോഡ്, എളമക്കര | 5,000/- |
| 16. ശ്രീ. ദീലീപ്. ആർ, 9 ബി, എസ്. ഐ കിങ്സ് വേ പോയിന്റ്, ഇടപ്പള്ളി | 5,000/- |
| 17. ശ്രീമതി. ജ്യോതിലക്ഷ്മി. കെ.ടി, ലക്ഷ്മി, കരിയർ സ്റ്റേഷൻ റോഡ്, കൊച്ചി | 5,000/- |
| 18. ശ്രീമതി. സുവർണ്ണ .പി, പട്ടരുമഠത്തിൽ ഹൗസ്, ചിറ്റൂർ റോഡ്, എറണാകുളം | 5,000/- |
| 19. ശ്രീ. വേണുഗോപാലൻ. കെ. ജി, ഫ്ളാറ്റ് 5 എ 2, സണ്ണി എസ്റ്റേറ്റ്, മാമംഗലം, കൊച്ചി | 5,000/- |

# ക്ഷേത്രവും തന്ത്രിയും

**ഏ. കെ. സന്തോഷ്**

ഭാരതീയ സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും അക്ഷയഖനികളാണ് ക്ഷേത്രങ്ങൾ. അവയിൽ ഒരു ജനതയുടെ ജീവിതവും സംസ്കാരവും പാരമ്പര്യവും ഇഴചേരുന്നു. ഇന്ത്യയിലെ ക്ഷേത്രങ്ങൾ ദൈവങ്ങൾക്കു പാർക്കാനുള്ള ഇടങ്ങളല്ല, സമൂഹപ്രാർത്ഥനയ്ക്കുള്ള സ്ഥലവുമല്ല. അവ നിർമ്മിക്കപ്പെട്ടിട്ടുള്ളത് അതിശക്തമായ ഊർജകേന്ദ്രങ്ങളായിട്ടാണ്. ആർക്കും അവിടെ പോകാം. ആ ചൈതന്യത്തിന്റെ പങ്കു പറ്റാം. ഭൗതികതയുടെ സ്വാധീനം അങ്ങേയറ്റം കുറച്ചു കൊണ്ടു വരിക. അതൊരു ശാസ്ത്രമാണ്. അതു തന്നെയാണ് ക്ഷേത്രങ്ങളുടെയും പ്രതിഷ്ഠകളുടെയും പിന്നിലുള്ള ശാസ്ത്രം. സംസ്കൃത പദമായ ക്ഷേത്ര് എന്ന വാക്കിൽ നിന്നാണ് ക്ഷേത്രം ഉണ്ടായത്. 'ക്ഷയാത് ത്രായതേ ഇതി ക്ഷേത്രാ' ക്ഷയത്തിൽ നിന്ന് അഥവാ നാശത്തിൽ നിന്ന് ത്രാണനം (തരണം) ചെയ്യിക്കുന്നത് ഏതാണോ അതാണ് ക്ഷേത്രം.

ക്ഷേതൃ എന്ന സംസ്കൃതപദത്തിനർത്ഥം ശരീരം എന്നാണ് ഭഗവദ്ഗീതയിൽ അർത്ഥമാക്കുന്നത്. അതായത് ആകാരമുള്ളത് എന്തോ അത് എന്നർത്ഥം. ദൈവത്തിന് രൂപഭാവം നൽകി പ്രതിഷ്ഠിച്ചിരിക്കുന്ന സ്ഥലങ്ങൾ ആണ് ക്ഷേത്രങ്ങൾ. ക്ഷേത്രത്തിന്റെ പര്യായമായ അമ്പലം എന്നത് അൻപ് + ഇല്ലം എന്നീ ദ്രാവിഡ പദങ്ങളിൽ നിന്നാണ് രൂപമെടുത്തിരിക്കുന്നത്. 'ദേഹോ ദേവാലയ പ്രോക്തു ജീവേ ദേവ സദാശിവ' എന്നാണ് യോഗശാസ്ത്ര ഗ്രന്ഥമായ 'കുളാർവതന്ത്രം' പറയുന്നത്. അതായത് ദേഹം ദേവാലയമായി ചിന്തിച്ചാൽ ജീവൻ ആ ദേവാലയത്തിലെ ദേവനാണ്. ദേഹത്തിലെങ്ങനെയാണോ ജീവൻ അതുപോലെയാണ് ക്ഷേത്രത്തിൽ ദേവചൈതന്യം. ശാസ്ത്രപ്രകാരം ഏറ്റവും ശ്രേഷ്ഠമായ സ്ഥലത്ത് പണിതുയർത്തി ദേവപ്രതിഷ്ഠ നടത്തിയ ക്ഷേത്രങ്ങൾ ഒരു നാടിന്റെ ജീവനാഡിയാണ്. ഷഡാധാരക്രിയയിലൂടെയാണ് ക്ഷേത്രനിർമ്മാണവും വിഗ്രഹപ്രതിഷ്ഠയും നിർവഹിക്കുന്നത്. 'വിഗ്രഹ'മെന്നാൽ വിശേഷാൽ ഗ്രഹിക്കുന്നതെന്നാണർത്ഥം. താന്ത്രികവിധി പ്രകാരം കൃത്യമായി പ്രതിഷ്ഠിക്കുന്ന വിഗ്രഹത്തിൽ ദേവചൈതന്യം കുടിയേറും. പ്രതിഷ്ഠാ കർമ്മത്തിൽ കൂടി വിഗ്രഹത്തിൽ സന്നിവേശിപ്പിച്ചിരിക്കുന്ന ഊർജ്ജത്തെ സ്വീകരിക്കലാണ് ക്ഷേത്ര ദർശനത്തിന്റെ ഉദ്ദേശം. അനേക കാരണങ്ങളാൽ ദിനം പ്രതി കുറയുന്ന ദേവചൈതന്യത്തെ വർദ്ധിപ്പിക്കുകയാണ് പൂജാരികളുടെ ധർമ്മം. ഈശ്വരന്റെ അടയാളമായ ക്ഷേത്രം, അതിലെ വിഗ്രഹം, ദീപം മുതലായവ ദർശിക്കുന്നത് നമ്മുടെ കണ്ണുകളേയും. ചന്ദനം, കർപ്പൂരം എന്നിവയുടെ സുഗന്ധം നമ്മുടെ മൂക്കിനേയും, പ്രസാദം, തീർത്ഥം എന്നിവ സേവിക്കുന്നതും ഈശ്വര മന്ത്രം ജപിക്കുന്നതും നമ്മുടെ നാവിനേയും. ശംഖനാദം, മണിനാദം, മന്ത്രധ്വനി, സോപാന സംഗീതം മുതലായവ നമ്മുടെ ചെവികളെയും, ചന്ദനം, ഭസ്മം, തീർത്ഥം എന്നിവ നെറ്റിയിലും ശരീരത്തിലും ലേപനം ചെയ്യുന്നത് നമ്മുടെ ത്വക്കിനെയും, ലൗകിക, അസാന്മാർഗ്ഗിക വിഷയങ്ങളിൽ നിന്നും താൽക്കാലികമായി എങ്കിലും പിന്തിരിപ്പിച്ച് ഈശ്വര സങ്കൽപ്പത്തിൽ ലയിപ്പിക്കുന്നു. കേരളത്തിൽ ക്ഷേത്രത്തെ ശരീരമായി കല്പിക്കുന്നു. ശ്രീകോവിലിനെ, ഗർഭഗൃഹത്തെ, ഹൃദയമായും. ഹൃദയത്തിലെ ജീവചൈതന്യത്തിന്റെ സ്ഥാനത്താണു വിഗ്രഹം. ശ്രീകോവിൽ, മണ്ഡപം, ചുറ്റമ്പലം, ബലിക്കൽ പുര ഇവയാണ് ക്ഷേത്രത്തിന്റെ പ്രധാന ഭാഗങ്ങൾ. ക്ഷേത്രത്തിനുള്ളിൽ നിവേദ്യം പാകപ്പെടുത്തുന്ന തിടപ്പള്ളിയും കിണറും നവധാന്യങ്ങൾ മുളപ്പിക്കുന്നതിനുള്ള 'മുളയറ'യും ഉണ്ടാകും. അകത്തും പുറത്തും എട്ടുദിക്കിലും ബലിക്കല്ലുകളും മുൻപിൽ ധ്വജവും കാണാം. വിഗ്രഹത്തിന്റെ വലിപ്പവും ക്ഷേത്രത്തിന്റെ വലിപ്പവും തമ്മിൽ നിശ്ചിതമായ അനുപാതം പാലിക്കണം. ക്ഷേത്രനിർമ്മിതിയുടേയും വിഗ്രഹ ത്തിന്റെയും





പൂജാവിധികളുടെയും കണക്കുകൾ തന്ത്രസമുച്ചയം എന്ന ഗ്രന്ഥം വിശദമായി പ്രതിപാദിക്കുന്നു.

ഗൃഹങ്ങളിൽ ഒതുങ്ങിനിന്നിരുന്ന ദേവയജ്ഞം പൂജാരൂപത്തിലായി പൊതുജനങ്ങളുടെ ഉപകാരാർത്ഥം ക്ഷേത്രങ്ങളായി വികസിച്ചു. ക്ഷേത്രനിർമ്മാണം പൂർത്തധർമ്മത്തിൽപ്പെട്ടതാണ്. അഗ്നിഹോത്രം ഇഷ്ടധർമ്മവും രണ്ടും ചേർന്നാൽ ഇഷ്ടപൂർത്തമാകും. പൂജയിൽ നാം സാക്ഷാൽ ഈശ്വരനെയല്ല പൂജിക്കുന്നത്. ഓരോ ഉപാസനാമൂർത്തിക്കും നാമരൂപങ്ങൾ കല്പിച്ച് പ്രതിമകൾ നിർമ്മിച്ച് ആരാധിക്കുകയാണ് ചെയ്യുന്നത്. ഭക്തിയിലെ 'അർച്ചനം' എന്ന ഭാവമാണ് പൂജയായി മാറിയത്. പ്രഹർഷേണയുള്ള അർച്ചനയാണ് പ്രാർത്ഥന. വിശേഷരൂപത്തിൽ ഊർജ്ജത്തെ സ്വീകരിക്കുവാൻ സാധിക്കുന്നതാണ് വിഗ്രഹം. ചൈതന്യവത്തായി നിൽക്കുന്നതാണ് പ്രതിഷ്ഠ. യാഗശാലയിൽ അഗ്നികുണ്ഡത്തിന്റെ സ്ഥാനമാണ് ക്ഷേത്രത്തിൽ പ്രതിഷ്ഠയുടെ സ്ഥാനം.

എന്നാൽ പ്രതിഷ്ഠയോ നാലമ്പലമോ കെട്ടിടമോ ഇല്ലാത്ത ക്ഷേത്രങ്ങളും ഉണ്ട്. ഓച്ചിറ പരബ്രഹ്മക്ഷേത്രം ഉദാഹരണമാണ്. ഇവ നിർഗുണാരാധനയുടെ കേന്ദ്രം ആണ്. ഗുപ്തകാലത്താണ് ഇന്ത്യയിൽ ഹിന്ദുക്ഷേത്രങ്ങൾ നിർമ്മിച്ചു തുടങ്ങിയത്. അതിനു മുൻപുള്ള ഒരു ക്ഷേത്രാവശിഷ്ടവും കണ്ടു കിട്ടിയിട്ടില്ല. ഇക്കാലത്തിനു ശേഷം അനേകായിരം ക്ഷേത്രങ്ങൾ ഇന്ത്യയിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയിൽ പലതും ആക്രമണങ്ങൾ മൂലവും അശ്രദ്ധ മൂലവും നാമാവശേഷമായി. ദ്രാവിഡ ക്ഷേത്രങ്ങൾക്ക് പ്രധാനമായും നാലു ഭാഗങ്ങളാണുള്ളത്. നിർമ്മിച്ച കാലത്തിനനുസൃതമായി ഇവ രൂപത്തിലും ഘടനയിലും വ്യത്യാസപ്പെടാം. വിമാനം എന്നറിയപ്പെടുന്ന ഭാഗമാണ് ഏറ്റവും പ്രധാനപ്പെട്ടത്. സമചതുരാകൃതിയിലുള്ള ഒരു മുറിയും അതിനു മുകളിലായി സ്തൂപികാകൃതിയിലുള്ള മേൽപ്പുരയും ചേർന്നതാണ് വിമാനത്തിന്റെ ഘടന.

മണ്ഡപങ്ങൾ. ഗോപുരങ്ങൾ, തൂൺമണ്ഡപങ്ങൾ എന്നിവയാണ് മറ്റ് മൂന്ന് ഘടകങ്ങൾ. ഇവ കൂടാതെ ക്ഷേത്രങ്ങളിൽ ക്ഷേത്ര കുളമോ, കിണറോ ഉണ്ടാകും. മതകർമ്മങ്ങൾക്കാവശ്യമായ ജലം ഇവയിൽ നിന്നാണ് സ്വീകരിക്കുക. ശ്രീകോവിൽ അഥവാ ഗർഭഗൃഹം, പ്രദക്ഷിണപാത, നമസ്കാര മണ്ഡപം തുടങ്ങിയവയാണ് ഒരു ക്ഷേത്രത്തിന്റെ പ്രധാന ഭാഗങ്ങൾ. ഇതിൽ ഗർഭഗൃഹം അഥവാ ശ്രീകോവിലിലാണ് ആരാധനാമൂർത്തിയുടെ വിഗ്രഹം പ്രതിഷ്ഠിക്കുന്നത്. ഹിന്ദു ക്ഷേത്രങ്ങളുടെ ഏറ്റവും പ്രധാന ഭാഗവും ശ്രീകോവിൽ തന്നെ. ചില മഹാക്ഷേത്രങ്ങളിൽ ഗർഭഗൃഹം എന്നത് പ്രതിഷ്ഠയെ കേന്ദ്രമാക്കിയുള്ള അറയാണ്. അതിനും ശ്രീകോവിലിന്റെ ഭിത്തിയുടെയും ഇടയിൽ ഉള്ള സ്ഥലം അന്തരാളം എന്നറിയപ്പെടുന്നു. ഇവിടെ ഉപദേവതകളെ പ്രതിഷ്ഠിക്കാറുണ്ട്. കേരളീയമഹാക്ഷേത്രങ്ങൾ പഞ്ച പ്രാകാരങ്ങളോടു കൂടിയവയായിരിക്കും. ശ്രീകോവിലിനു പുറത്തായി അകത്തെ ബലിവട്ടം, അന്തഹാര അഥവാ ചുറ്റമ്പലം അഥവാ നാലമ്പലം, മധ്യഹാര അഥവാ വിളക്കുമാടം, പുറത്തെ ബലിവട്ടം, മര്യാദ അഥവാ പുറംമതിൽ എന്നിവയാണ് പഞ്ചപ്രാകാരങ്ങൾ. മഹാക്ഷേത്രങ്ങൾക്കാണ് ഇതുപോലെ പഞ്ചപ്രാകാരങ്ങൾ കാണപ്പെടുക. ക്ഷേത്രത്തിലെ ഏറ്റവും പ്രധാനവും പവിത്രവുമായ ഭാഗം ശ്രീകോവിലും അതിനുള്ളിലുള്ള ഗർഭഗൃഹവും തന്നെ. സമചതുരം,ദീർഘചതുരം, വൃത്തം, അണ്ഡവൃത്തം, ഗജപൃഷ്ഠം തുടങ്ങിയ ആകൃതികളിലുള്ള ശ്രീകോവിലുകളാണ് കേരളത്തിലുള്ളത്. ഉയരമുള്ള ഒരു അധിഷ്ഠാനത്തിലായിരിക്കും ശ്രീകോവിലിന്റെ നിർമ്മിതി. ചില ക്ഷേത്രങ്ങളിൽ അധിഷ്ഠാനത്തിനു താഴെ ഉപപീഠം എന്ന ഭാഗവുമുണ്ടായിരിക്കും. അന്തർമണ്ഡലത്തിൽ നിന്നും ശ്രീകോവിലിലേക്കു കയറാനുള്ള പടിക്കെട്ടാണ് സോപാനം. നേരിട്ട് ശ്രീകോവിലിൽ കയറാവുന്ന വിധത്തിലും ശ്രീകോവിലിന്റെ മുമ്പിൽ ഇരുപാർശ്വങ്ങളിൽ നിന്നും കയറാവുന്ന വിധത്തിലും സോപാനം കാണപ്പെടുന്നു. അഭിഷേകജലം ഒഴുകിപ്പോകാനുള്ള ഓവ് ശ്രീകോവിലിന്റെ മറ്റൊരു പ്രധാന ഭാഗമാണ്. ശ്രീകോവിൽ ചുവർ ദാരുശില്പങ്ങൾകൊണ്ടോ ചുവർചിത്രങ്ങളാലോ അലങ്കരിക്കുന്നതിന് കേരളീയ ക്ഷേത്രകല അതീവ പ്രാധാന്യം കല്പിച്ചിരുന്നു. വിടർന്ന താമര, കലശം, തണ്ട്, മൊട്ട് എന്നിവയുടെ സമന്വയമായ താഴികക്കുടങ്ങളാണ് ശ്രീകോവിലിന്റെ ഏറ്റവും ഉയർന്ന ഭാഗം. അന്തർമണ്ഡപത്തിൽ ശ്രീകോവിലിനു ചുറ്റുമായി അഷ്ടദിക് പാലകർ, ഊർദ്ധ്വദിക്കിന്റെ അധിപനായ ബ്രഹ്മാവ്, അധോദിക്കിന്റെ അധിപനായ അനന്തൻ, സപ്തമാതൃക്കൾ, ശാസ്താവ്, ദുർഗ്ഗ, സുബ്രഹ്മണ്യൻ, കുബേരൻ, നിർമ്മാല്യധാരി എന്നിവർക്ക് ബലിപീഠങ്ങളുണ്ടാവും. ഗണപതിയുടെയും വീരഭദ്രന്റെയും ബലിപീഠങ്ങൾ സപ്തമാതൃക്കളോടൊപ്പമാണ് പ്രതിഷ്ഠിക്കുക. ശ്രീകോവിലിനു മുന്നിൽ അതിൽ നിന്നും വേർപ്പെട്ട്

**(ശേഷം 50-ാം പേജിൽ)**

# സ്വപ്നങ്ങൾ സ്വർഗ്ഗകുമാരികൾ

**സി. രാമചന്ദ്രൻ**

ജൈവവും അജൈവവുമായ മറ്റു വസ്തുക്കളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്നത് അവന്റെ ചിന്തിക്കാനുള്ള കഴിവാണ്. നമ്മുടെ അറിവിൽ പ്രപഞ്ച പരിണാമത്തിൽ അവസാനമുണ്ടായ ഉൽകൃഷ്ട വസ്തുവാണ് മനുഷ്യമസ്തിഷ്കം. ഇങ്ങനെ ഒരു പ്രപഞ്ചമുണ്ട് എന്നു തിരിച്ചറിയുന്നു എന്നതിനുപരി, അതിനകത്തും ഒരു പ്രപഞ്ചം കുടിക്കൊള്ളുന്നു എന്നും നാം മനസ്സിലാക്കണം. ബാഹ്യപ്രപഞ്ചം ഒരത്ഭുതമാണെന്നു തിരിച്ചറിയുന്ന മറ്റൊരത്ഭുതമാണ് മനുഷ്യമസ്തിഷ്കം.

മനുഷ്യമസ്തിഷ്കത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച് സിദ്ധാന്തങ്ങളുണ്ടാക്കിയ മനീഷി യൂങ്ങ് ഡിഗ്മണ്ട് ഫ്രോയ്ഡ്. പത്തൊമ്പതാം നൂറ്റാണ്ടിനെ വിറപ്പിച്ച മാർക്സിന്റെ കമ്യൂണിസ്റ്റ് മാനിഫെസ്റ്റോ ഡാർവിന്റെ ജീവജാതികളുടെ ഉത്പത്തി എന്നീ പ്രബന്ധങ്ങളോടൊപ്പം തന്നെ ചലനം സൃഷ്ടിച്ചതായിരുന്നു ഫ്രോയ്ഡിന്റെ സ്വപ്ന വിജ്ഞാനീയം. മനുഷ്യമസ്തിഷ്കത്തിന്റെ നിഗൂഢതകളിലേക്ക് ഊളിയിട്ടുകൊണ്ട് ബോധപ്രപഞ്ചത്തിന്റെ ഉള്ളുകള്ളികളിലേക്ക് ആണ്ടിറങ്ങുകയാണ് അദ്ദേഹം ചെയ്തത്.

വിയന്നയിൽ വിദ്യാഭ്യാസം ചെയ്ത്, വൈദ്യശാസ്ത്രത്തിൽ ബിരുദം നേടി, ഡാർവിനിൽ നിന്നും നീഷേയിൽ നിന്നും പ്രചോദനം നേടി, ചിന്താപദ്ധതികൾ മെനഞ്ഞെടുത്ത ഒരു വിജ്ഞാന പടുവായി ഫ്രോയ്ഡ് മാറി. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഒടുവാകുമ്പോഴേയ്ക്കും പുറത്തു വന്ന അദ്ദേഹത്തിന്റെ പഠനഫലങ്ങൾ ഇരുപതാം നൂറ്റാണ്ടിലേക്ക് തുറന്ന വാതായനങ്ങളിലൂടെ പുതിയ ലോകവീക്ഷണങ്ങൾക്കു നിറം പകർന്നു.

ഉടയാടകൾ കൊണ്ടു മറച്ച ശരീരം വസ്ത്രത്തിനകത്ത് നഗ്നമാണ് എന്നതുപോലെ തന്നെ സംസ്കാരത്തിന്റെ പുറം ചട്ടക്കകത്ത് ഓരോ മനുഷ്യനും അമർത്തി വയ്ക്കപ്പെട്ട അഭിലാഷങ്ങളുടെ മൂർത്തീഭാവമാണ് ഉള്ളത്. അത്തരം അമർത്തി വയ്ക്കപ്പെട്ട അഭിലാഷങ്ങൾ സ്വപ്നങ്ങളിലൂടെ ഒരാൾക്ക് സാക്ഷാൽക്കരിക്കപ്പെടുന്നു. ഭാവനയിലൂടെ നാം കാണുന്ന കാഴ്ചകളേക്കാൾ വ്യക്തമാണ് സ്വപ്നങ്ങൾ എന്നതിനുപരി അത് യാഥാർത്ഥ്യമാണ് എന്ന തോന്നലാണ് ഉണരും വരെ നമുക്കു നൽകുന്നത്.

ഒരു പൈതലിനെ അതിന്റെ ജന്മം മുതൽ തന്നെ ഉടുപ്പുകളണിയിച്ചു പരിശീലിപ്പിക്കുന്നതിനോടൊപ്പം തന്നെ ഗോപ്യമായി വെക്കേണ്ട വികാരങ്ങളെ നിയന്ത്രിച്ച് നല്ല കുട്ടിയാകാനും രക്ഷകർത്താക്കൾ പരിശീലിപ്പിക്കുന്നു. ശരീരത്തിനു വസ്ത്രമെന്നപോലെ മനസ്സിന്റെ നഗ്നതയേയും സംസ്കാരമെന്നു വിശേഷിപ്പിക്കുന്ന നിയന്ത്രണങ്ങൾ കൊണ്ടു പൊതിയുന്നു. നഗ്നത അവമതിക്കപ്പെടുന്നതുപോലെ സംസ്കാരമില്ലായ്മയും അവമതിക്കപ്പെടുന്നു. വസ്ത്രധാരണവും സംസ്കാരവും മനുഷ്യസമൂഹത്തെ അടിമുടി സ്വാധീനിച്ച സംഗതികളാണ്.

സാധാരണ മനുഷ്യൻ ബുദ്ധിജീവിയോ യുക്തിവാദിയോ അല്ല. മനുഷ്യൻ അടിസ്ഥാനപരമായി വികാരജീവിയാണ്. വികാരങ്ങളിൽ പ്രധാനം ലൈംഗിക ചോദനയാണ്. അച്ഛനും മകളും തമ്മിലും അമ്മയും മകനും തമ്മിലും ഉള്ള വാത്സല്യ ഭാവങ്ങളിൽ പോലും ലൈംഗികതയുടെ അദൃശ്യമായ അടിയൊഴുക്കുകളുണ്ടെന്ന ഫ്രോയ്ഡിന്റെ നീരീക്ഷണം വലിയ തോതിലുള്ള വിമർശനങ്ങൾക്കു വിധേയമായി.

ഒരു ഭൂഗർഭപര്യവേഷകനെപ്പോലെ മനുഷ്യമനസ്സിന്റെ അഗാധതയിലെ വികാരപാരവശ്യങ്ങളിലേക്ക് ഖനനം ചെയ്ത് ഇറങ്ങിച്ചെല്ലുമ്പോൾ അവിടെ മറവിയിൽ മറഞ്ഞ അനുഭവങ്ങളും അനുഭൂതികളും അടിഞ്ഞു കിടക്കുന്നുണ്ടാവും. അത് ചികഞ്ഞെടുക്കുവാൻ മനശാസ്ത്രപടുവായ ഒരു വിദഗ്ദ്ധനു കഴിയും. മനോരോഗചികിത്സയ്ക്ക് സഹായകമാംവണ്ണം അതു പ്രയോജനപ്പെടുത്തുവാനുമാകും. അമർത്തി വയ്ക്കാൻ നിർബന്ധിതമായ ചില അഭിലാഷങ്ങളാണ് മനോവിഭ്രാന്തിയിൽ അഗ്നിപർവ്വതക്ഷോഭംപോലെ ചിലപ്പോൾ പൊട്ടിത്തെറിക്കുന്നത്. ഇന്ന് ഇത്തരം രോഗങ്ങൾക്ക് ചികിത്സയുണ്ട്. അതിന്റെ ശാസ്ത്രീയമായ അന്വേഷണം ആരംഭിക്കുന്നത് ഫ്രോയ്ഡിൽ നിന്നാണ്. പാവ്ലോവ്, യുങ്ങ് തുടങ്ങിയ പ്രതിഭകൾ പിന്നീട് അത് ബഹുദൂരം മുന്നോട്ടു കൊണ്ടുപോയിട്ടുമുണ്ട്.





ലൈംഗികതയെക്കുറിച്ച് പാപബോധത്തോടെ ചിന്തിക്കുവാനാണ് സമൂഹം വ്യക്തിയെ പരിശീലിപ്പിക്കുന്നത്. പക്ഷെ ഇതിന്റെ ചോദനയും നിറവേറലുമെല്ലാം സ്വാഭാവികവും ഒഴിച്ചുകൂടാനാവത്തതുമാണ്. ലൈംഗികതയെക്കുറിച്ചുള്ള പൊതു കാഴ്ചപ്പാട് ഫ്രോയ്ഡിന്റെ കാലശേഷം നന്നായി പരിഷ്കരിക്കപ്പെട്ടു.

സ്വപ്ന വ്യാഖ്യാനം എന്ന ഫ്രോയ്ഡിന്റെ ഗ്രന്ഥം 1900-ാമാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ടു. അബോധ മനസ്സിൽ അമർന്നിരിക്കുന്ന അഭിലാഷങ്ങൾ ബോധമനസ്സുമായി സംവദിക്കുന്ന പ്രക്രിയയാണ് സ്വപ്നങ്ങൾ. സ്വന്തം സ്വപ്നങ്ങളും മറ്റനേകം പേരുടെ സ്വപ്നങ്ങളും അദ്ദേഹം പഠിച്ചു വ്യാഖ്യാനി ക്കുന്നുണ്ട്. കുട്ടികളുടെ സ്വപ്നങ്ങളിൽ വർണ്ണമിഠായികളും രുചി വൈവിധ്യമുള്ള ഐസ്ക്രീമുകളും സാധാരണമാണ്. മുതിർന്നവരുടെ സ്വപ്നങ്ങൾ പലതും സ്വയം സെൻസർ പെട്ടവയുമാകാം. ശൈശവാനുഭവങ്ങൾ വാർദ്ധക്യത്തിലും സ്വപ്നദൃശ്യങ്ങളായി വരുവാനുള്ള സാധ്യതകളുണ്ട്.

കലാകാരന്മാർ അബോധമനസ്സിന്റെ സ്വപ്നസഞ്ചാരങ്ങളിലേക്ക് ഉണർവിലും ഇറങ്ങിച്ചെല്ലാനുള്ള കെല്പുള്ളവരാണ്. സർറിയലിസ്റ്റ് രചനകളിലും അബ്സ്ട്രാക്റ്റ് ആവിഷ്കാരങ്ങളിലും ചിത്രകാരന്റെ അബോധമനസ്സിൽ നിന്ന് സ്വപ്ന ചിത്രങ്ങൾ തെളിച്ചെടുക്കാനുള്ള വൈഭവവുമാണ് തെളിയുന്നത്. സ്വപ്നവും അബോധമായി രചിക്കപ്പെടുന്ന കലാസൃഷ്ടിയാണ്. അവിടെ സംവിധായകനും രചയിതാവും നായകനും അയാൾ തന്നെ.

അബോധ സ്വപ്നങ്ങളെ തഴുകിയുണർത്തുന്ന ഒരു പദ്ധതി തന്നെയാണ് ബോധപൂർവ്വമല്ലാതെ തന്നെ ആൾദൈവങ്ങൾ പ്രയോജനപ്പെടുത്തുന്നത്. അവധൂതന്റെ ആലിംഗനത്തിലൂടെ ഭക്തന്റെ സഫലമാകാത്ത ഒരഭിലാഷത്തിന്റെ സങ്കല്പങ്ങൾ സമർപ്പിക്കപ്പെടുകയാകാം. ആ സാന്ത്വനത്തിൽ ഭക്തൻ വിതുമ്പുകയും ഹൃദയനൊമ്പരത്തോടെ തേങ്ങുകയും ചെയ്തു എന്നു വരാം.

വെളിപാടുകളുണ്ടാകുന്നത് ബോധത്തിലും അർദ്ധബോധത്തിലും അബോധത്തിലുമുള്ള ധാരണകൾ തക്കസന്ദർഭങ്ങളിൽ ബഹിർഗമിക്കുമ്പോഴാണ്. ഒരാൾക്ക് വെളിപാടുകളുണ്ടാകുന്നത് അയാളുടെ ചിന്താവിഷയങ്ങളെ അടിസ്ഥാനമാക്കിയാണ്. രസതന്ത്രജ്ഞന് രാസതത്വങ്ങളേ വെളിപാടായി വരൂ. സാമ്പത്തിക വിദഗ്ദ്ധന് ഊർജ്ജതന്ത്രം വെളിപാടായി വരികയില്ല. ബുദ്ധനും മുഹമ്മദ്നബിക്കുമുണ്ടായ വെളിപാടുകളും അവരവരുടെ അറിവുകളുമായും അന്വേഷണ വിഷയവുമായും ബന്ധപ്പെട്ടതാണ്.

അബോധമായി, എന്നാൽ കൃത്യതയോടെ ചെയ്യുന്ന കാര്യങ്ങളും മനുഷ്യന്റെ നൈസർഗ്ഗിക പ്രവർത്തനങ്ങളിലുണ്ട്. ഒരു നർത്തകൻ താളനിബദ്ധമായി ചുവടുകൾ ചടുലമായി വിന്യസിക്കുന്നത് എണ്ണിതിട്ടപ്പെടുത്തിക്കൊണ്ടല്ല. അതു സ്വാഭാവികമായി ഉണ്ടാകുന്നതാണ്. അതാണ് അയാളുടെ സർഗ്ഗവൈഭവം. ഒരു തബലവാദകൻ വിരലുകൾ കൊണ്ടു പെരുക്കുമ്പോഴും അതു തന്നെയാണ് സംഭവിക്കുന്നത്.

ഭാവനയും സങ്കല്പവും യാഥാർത്ഥ്യവും യുക്തിയും തമ്മിലുള്ള പാരസ്പര്യത്തിലൂടെയാണ് സർഗ്ഗസൃഷ്ടികളുണ്ടാകുന്നത്. കലയ്ക്കും ശാസ്ത്രത്തിനും ഇത് ഒരുപോലെ ബാധകമാണ്. എന്നാൽ ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം അത് യുക്തിബദ്ധവും യാഥാർത്ഥ്യബോധത്തോടെയുള്ളതുമാകണം. ശാസ്ത്രം നിലനില്ക്കുന്നത് വെറും സങ്കല്പത്തിലും ഭാവനയിലുമല്ല.

സൂക്ഷ്മപ്രപഞ്ചത്തിനും സ്ഥൂലപ്രപഞ്ചത്തിനും ജൈവപ്രപഞ്ചത്തിനും പുറമേയുള്ള ബോധപ്രപഞ്ചത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള വിചിന്തനമാണ് ഫ്രോയ്ഡിന്റേത്. ഫ്രോയ്ഡിസം ഇന്ന് വിശാലമായി വികസിച്ചിട്ടുണ്ട്. 1939 – ൽ എൺപത്തിമൂന്നാമത്തെ വയസ്സിൽ ഫ്രോയ്ഡ് അന്തരിച്ചു.


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**93 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com

(തുടർച്ച)

# ജഗദ് ഗുരു ശ്രീ ശങ്കരാചാര്യർ

എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553

*ഗുരുവന്ദനം*

'സദാശിവ സമാരംഭാം,
ശങ്കരാചാര്യ മധ്യമാം
അസ്മദ് ആചാര്യപര്യന്താം
വന്ദേ ഗുരുപരമ്പരാം.'

ഭാരതത്തിലെ ഗുരുപരമ്പരയിൽ അഗ്രിമസ്ഥാനം വഹിക്കുന്നത് ശ്രീശങ്കരാചാര്യ ഭഗവത്പാദരാണെന്നുള്ളതിന് യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ ജീവിതത്തിലേക്കു എത്തിനോക്കുന്ന ഒരാളിന് കാണാൻ സാധിക്കുന്നത്, അസാമാന്യ ധീഷണാശാലിയായ ഒരു മഹദ്വ്യക്തിയുടെ മനസ്സും ശരീരവും ഒരേ പോലെ ഉപയോഗിച്ചുകൊണ്ടുള്ള ആത്മീയ പ്രവർത്തനങ്ങളാണ് വളരെ ഹൃസ്വമായ തന്റെ ജീവിതകാലത്ത് അദ്ദേഹം സഹിച്ച ക്ലേശങ്ങൾ ചിന്തനാതീതമാണ്. ആധുനിക ഭാരതത്തിൽ ഒരു പക്ഷേ ഇദ്ദേഹത്തോട് ഏറ്റവും അടുത്ത് നിൽക്കുന്ന മറ്റൊരു വ്യക്തി 'സ്വാമി വിവേകാനന്ദ'നാവണം. ശങ്കരന്റെ പ്രവർത്തനരംഗം അഖണ്ഡഭാരതമായിരുന്നെങ്കിൽ വിവേകാനന്ദൻ അന്ന് അടുത്തറിഞ്ഞിരുന്ന ലോകം മുഴുവൻ യാതനകൾ നിറഞ്ഞ യാത്രകളിലൂടെയാണ് തന്റെ ധർമ്മം പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ശങ്കരന്റെ കാര്യത്തിൽ ഐതിഹ്യങ്ങളും വിവാദങ്ങളും അതുപോലെ യാഥാർഥ്യങ്ങളും കെട്ടുപിണഞ്ഞു കിടക്കുന്ന സംഭവ പരമ്പരകളാണ് നമ്മുടെ മുൻപിൽ തെളിഞ്ഞു വരുന്നത്. ഏതായാലും യാഥാർഥ്യങ്ങളെന്നു നമുക്ക് അനുഭവപ്പെടുന്ന കാര്യങ്ങളിലേക്കു കടക്കുന്നതിന് മുൻപ് ഐതിഹ്യങ്ങളും വിവാദങ്ങളും നിറഞ്ഞ സംഭവങ്ങളെപ്പറ്റി ഒരു അവലോകനം നടത്തുന്നത് അഭികാമ്യമെന്ന് കരുതുന്നു.

ശങ്കര വിജയം എന്ന പേരിൽ പലരാൽ രചിക്കപ്പെട്ട പല കൃതികൾ നിലവിലുണ്ട്. അവയിലാണ് ഐതിഹ്യങ്ങളും അതിശയങ്ങളും, വിവാദങ്ങളും തലപൊക്കുന്നത്.

ആനന്ദഗിരിയുടെ ശങ്കര വിജയത്തിൽ ശങ്കരാചാര്യർ ജനിച്ചത് തമിഴ് നാട്ടിലെ ചിദംബരത്താണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ പണ്ഡിതന്മാർ ആരും ഈ പ്രസ്താവനയോട് യോജിക്കുന്നില്ലെന്നു മാത്രമല്ല, സ്വാമികൾ പൂർണ്ണമായും ഒരു കേരളീയനാണെന്ന് തെളിവുകൾ നിരത്തി സമർദ്ധിക്കുകയും ചെയ്യുന്നു.

ഒരു ഐതിഹ്യമനുസരിച്ച് ആചാര്യസ്വാമികൾ ഭഗവാൻ ശ്രീപരമേശ്വരന്റെ അവതാരമാണെന്നു അവകാശപ്പെടുന്നു. ഇതിന് ഉപോത്ബലകമായി പറയുന്ന കഥ ഇപ്രകാരമാണ്.

ഒരിക്കൽ ദേവന്മാർ ഒത്തുചേർന്ന് ഹിമാലയത്തിലുള്ള കൈലാസത്തിലെത്തി ശിവനെ സ്തുതിച്ച് പ്രത്യക്ഷ്യപ്പെടുത്തി തങ്ങളുടെ ദുരവസ്ഥ ഇങ്ങനെ ഉണർത്തിച്ചു. അല്ലയോ ഭഗവാനെ, വൈകുണ്ഡത്തിൽ വസിക്കുന്ന മഹാവിഷ്ണു ശ്രീബുദ്ധനായി ഭൂമിയിൽ അവതരിച്ച് വേദവിരുദ്ധങ്ങളായ നിരീശ്വരവാദ തത്വങ്ങൾ പ്രചരിപ്പിക്കുന്നു. വൈദീകാടിസ്ഥാനത്തിൽ നിലനിൽക്കുന്ന സനാതന ധർമ്മം ക്ഷയിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ ദുഷ്ടന്മാരെ നിഗ്രഹിച്ച് ജനങ്ങളെ വീണ്ടും വൈദീകമാർഗ്ഗത്തിലേക്കു നയിച്ച് ലോകരക്ഷ നടത്താൻ സഹായിക്കണം. ശിവഭഗവാൻ പ്രസാദിച്ച് ദേവന്മാരോട് അരുൾ ചെയ്ത പ്രകാരം അദ്ദേഹം തന്നെ ശങ്കരാചാര്യരായി അവതാരമെടുത്തു.... നാലു ശിഷ്യന്മാരായി, സ്കന്ദൻ, (സുബ്രഹ്മണ്യൻ) കുമാരീല ഭട്ടനായും ബ്രഹ്മാവ് മണ്ഡനമിശ്രൻ എന്ന പേരിലും ഇന്ദ്രൻ സുധന്വാവ് എന്ന രാജാവായും അവതാരമെടുത്തു. പല പുരാണങ്ങളിലും ഈ അവതാരകഥ വിവരിക്കുന്നുണ്ട്. (കൂർമപുരാണം, ഭവിഷ്യോത്തര പുരാണം, ലിംഗപുരാണം, ശിവരഹസ്യം, മാർക്കണ്ഡേയ സംഹിത) ശങ്കരന്റെ മാഹാത്മ്യം മൂലം ഇത്തരം കഥകൾ അദ്ദേഹത്തിന്റെ കാലശേഷം ഭക്തജനങ്ങൾ എഴുതിചേർത്തതാകാമെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ആചാര്യന്റെ ജന്മദേശം കേരളമാണെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. പക്ഷേ ജനിച്ചത് പിതാവായ ശിവഗുരുവിന്റെ വീടിരിക്കുന്ന കാലടിയിലെ കൈപ്പള്ളി ഇല്ലത്താണോ? അതോ മാതാവായ ആര്യാംബ അന്തർജനത്തിന്റെ മനയിരിക്കുന്ന മേൽപാഴൂരാണോ (മൂവാറ്റുപുഴ താലൂക്ക്) എന്നതിന് നിശ്ചയമില്ല. ഏതായാലും ശങ്കരൻ തന്റെ ബാല്യകാലം ചിലവഴിച്ചത് ചൂർണ്ണിയെന്നും, പൂർണ്ണാ നദിയെന്നും അറിയപ്പെടുന്ന പെരിയാറിന്റെ തീരത്തുള്ള കാലടി എന്ന ഗ്രാമത്തിലാണെന്നതിന് ഒരു സംശയവുമില്ല.

കേരളത്തിൽ നിന്ന് ആരും ശിഷ്യന്മാരായി ഉണ്ടായിരുന്നില്ല എന്ന് വാദിക്കുമ്പോൾ തന്നെ പദ്മ പാദർ എന്ന ശിഷ്യൻ കേരളീയനാണെന്നും അദ്ദേഹം ആലത്തൂർകാരനായ ഒരു നമ്പൂതിരിയാണെന്നും പദ്മപാദചരിത്രം എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരു ഐതിഹ്യ പ്രകാരം ഇദ്ദേഹം തൃക്കണ്ടിയൂർ കാരനായ സോമശർമൻ എന്ന ബ്രാഹ്മണന്റെ പുത്രനും, നരസിംഹത്തിന്റെ അംശ അവതാരമാണെന്നും അവകാശപ്പെടുന്നു, മാധവീയ ശങ്കരവിജയത്തിൽ പറയുന്നത് പദ്മപാദർ ചോളദേശക്കാരനെന്നാണ്. ധനികനും കച്ചവടക്കാരനുമായിരുന്ന ഇദ്ദേഹം കള്ളന്മാരാൽ കൊള്ളയടിക്കപ്പെട്ട് ദരിദ്രനായി എന്നും, ജീവിതത്തോട് വിരക്തി തോന്നിയതു മൂലം ആചാര്യ സ്വാമികളെ സമീപിച്ച് ശിഷ്യത്വം നേടിയെന്നുമാണ്. 'സനന്ദനൻ' എന്ന പേരാണ് സന്യാസിയായപ്പോൾ ശിഷ്യന് നൽകിയത്. പിൽക്കാലത്ത് സനന്ദൻ പദ്മപാദർ എന്ന പേരിലാണ് അറിയപ്പെട്ടത്. തൃശൂരിലുള്ള വടക്കേ മഠം സ്ഥാപിച്ചത് പദ്മപാദരാണെന്നൊരു വാദഗതിയുണ്ട്. മാത്രമല്ല ബദര്യാശ്രമത്തിൽ (ബദരീനാഥം) ഒരു ക്ഷേത്രം നിർമ്മിച്ച് അവിടെ പ്രതിഷ്ഠ നടത്തുകയും കേരളീയനായ ഒരു നമ്പൂതിരി ശ്രേഷ്ഠൻ തന്നെ അവിടെ ശാന്തി നടത്തണമെന്ന് നിഷ്കർഷിക്കുകയും ചെയ്തത് പദ്മപാദരാണത്രെ. എന്നാൽ കേരളത്തിൽ പ്രചാരത്തിലുള്ള വിശ്വാസപ്രകാരം ശ്രീശങ്കരനാണ് തൃശ്ശിവപേരൂരിൽ 4 സന്യാസി മഠങ്ങൾ സ്ഥാപിച്ചത്. തെക്കേമഠത്തിൽ പദ്മപാദാചാര്യരും നടുവിൽ മഠത്തിൽ തോടകാചാര്യനും അദ്ധ്യക്ഷന്മാരായി നിശ്ചയിക്കപ്പെട്ടു. ഇതിൽ വടക്കേമഠം ഇപ്പോൾ അറിയപ്പെടുന്നത് ബ്രഹ്മസം മഠം എന്ന പേരിലാണ്. ഇടയിൽ മഠം തെക്കേ മഠത്തിൽ ലയിച്ചതിനാൽ മൂന്നു മഠങ്ങളായി ഇന്നും നില നിന്നു വരുന്നുണ്ട്.

കൊല്ലവർഷം എന്നകാല ഗണന ആരംഭിച്ചത് ശങ്കരാചാര്യരുടെ ബഹുമാനാർത്ഥമാണെന്നും, അദ്ദേഹമാണ് 64 അനാചാരങ്ങൾ കേരളത്തിൽ നടപ്പിലാക്കിയതെന്നും ഒരു വിശ്വാസമുണ്ട്. കാലടി ഗ്രാമത്തിലെ മുഴുവൻ ബ്രാഹ്മണരേയും ആചാര്യൻ ശപിച്ചുവെന്നും, ശാപം നടപ്പിലാക്കാൻ അവിടെ ഭരണം നടത്തിയിരുന്ന രാജാവായ രാജശേഖരനോട് ആവശ്യപ്പെട്ടതായും പറയപ്പെടുന്നു. എന്നാൽ ഈ കാര്യങ്ങളൊന്നും സത്യസന്ധമല്ലെന്നും പണ്ഡിതന്മാർ പറയുന്നു.

മാധവൻ എന്നൊരാൾ രചിച്ച ശങ്കരവിജയത്തിൽ (മാധവീയ ശങ്കരവിജയം) പറയുന്നത് തൃശൂർ തെക്കേ മഠത്തിൽ വസിച്ചിരുന്ന ഒരു സ്വാമിയാർ അറിയപ്പെട്ടിരുന്നത് വില്വമംഗലം എന്ന പേരിൽ ആയിരുന്നുവെന്നാണ്. (വില്വമംഗലം സ്വാമിയാർ) കേരളത്തിൽ അനേകം ക്ഷേത്രങ്ങളിൽ പ്രതിഷ്ഠ നടത്തിയ ഒരു വില്വമംഗലം സ്വാമിയാരെപ്പറ്റി പരക്കെ പരാമർശങ്ങളുണ്ട്.

ആചാര്യ സ്വാമികളുടെ മഹാസമാധിയെപ്പറ്റി പരാമർശിക്കുന്ന കഥകൾ കേൾവിക്കാരിൽ അല്പം അമ്പരപ്പുളവാക്കുമെന്നതിൽ സംശയമില്ല. പ്രധാനമായും മൂന്നു സ്ഥലങ്ങളാണ് ഇതുമായി ബന്ധപ്പെടുത്തി പറയപ്പെടുന്നത്.

1) കേദാർനാഥം - കേദാരത്തിൽ വച്ചാണ് മഹാസമാധിയെന്ന് രണ്ട് ശങ്കരവിജയങ്ങളിൽ പറയുന്നു.

2) കാഞ്ചീപുരം - തമിഴ്നാട്ടിലെ കാഞ്ചിയിൽ വച്ചാണ് എന്ന് 'ശങ്കരാഭ്യുദയം' എന്ന കൃതിയിൽ അവകാശപ്പെടുന്നു.

3) തൃശിവപേരൂർ - കേരളത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള വിശ്വാസ പ്രകാരം അദ്ദേഹം സമാധിയായത് വടക്കുംനാഥക്ഷേത്രത്തിൽ വച്ചാണ്. ആചാര്യ സ്വാമികൾ സ്രഗ്ധരാ വൃത്തത്തിലുള്ള 'വിഷ്ണു പാദാദികേശസ്തവം' രചിച്ചുകൊണ്ടിരിക്കുന്നതിനിടയിലാണ് ക്ഷേത്രത്തിൽ വച്ച് സമാധി ആയത് എന്നാണ്.

ഇവിടെ നാം ചിന്തിക്കേണ്ട ഒരു പ്രധാനകാര്യം, എന്തുകൊണ്ടാണ് ഇത്രമാത്രം ഐതിഹ്യങ്ങളും അസംഭാവികങ്ങളും അതിശയോക്തികളും മാത്രമല്ല വിവാദങ്ങൾ വരെ യഥാർത്ഥത്തിൽ ജീവിച്ചു മരിച്ച, സങ്കൽപ്പസൃഷ്ടികളല്ലാത്ത, മഹാത്മാക്കളുടെ ജീവചരിത്രത്തിൽ കടന്നു കൂടുന്നത്. പുരാണങ്ങളിൽ ഇത് സർവ്വസാധാരണമാണ്, കാരണം ഇവിടെ വ്യക്തികൾക്കുപരി സംഭവങ്ങൾക്കാണ് പ്രാധാന്യം കൊടുത്തിട്ടുള്ളത്. പുരാണങ്ങൾ സത്യവേദഗ്രന്ഥങ്ങളല്ല. മറിച്ച്, സത്യ - ധർമ്മ സന്ദേശവാഹകങ്ങളാണ് പുരാണങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്ന അറിവുകൾ സ്വജീവിതത്തിൽ, സ്വന്തം സമൂഹത്തിൽ എത്ര മാത്രം പ്രാവർത്തികമാക്കാം എന്നാണ് പഠിപ്പിക്കുന്നത്. ഉദാഹരണത്തിന് പഞ്ചതന്ത്രകഥകളും സോമവേദഭട്ടനാൽ രചിക്കപ്പെട്ട കഥാസരിത് സാഗരവും എന്താണെന്നും എന്തിനാണെന്നും നമുക്കറിയാം.

ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും വിവരിക്കുന്നത് സംഭവപരമ്പരകളാണെങ്കിലും അവയെല്ലാം ചുറ്റിപ്പറ്റിനിൽക്കുന്നത് ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്ന ചരിത്ര പുരുഷന്മാരിലാണ്. അവർ ഭാരതത്തിൽ ജീവിച്ച് മരണമടഞ്ഞ ചരിത്ര പുരുഷന്മാരാണെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ടല്ലോ.

ഗുരുകുല വിദ്യാഭ്യാസം നിലനിന്നിരുന്ന ഭാരതത്തിൽ ജീവിചരിതങ്ങൾ രേഖപ്പെടുത്തി വയ്ക്കുന്ന സമ്പ്രദായം നിലവിലില്ലായിരുന്നു. അവ വായ്മൊഴിയിലൂടെയാണ് പകർന്നു നൽകിയിരിക്കുന്നത്. പിൽക്കാലത്താണ് വൃക്ഷപത്രങ്ങളും (വൃക്ഷത്തിന്റെ ഇലകൾ) താളിയോലകളും ഉപയോഗത്തിൽ വന്നത്. വേദാദ്ധ്യായനം തന്നെ സൂക്തങ്ങൾ ഗുരുമുഖത്തു നിന്നും കേട്ട ശേഷം അവ വീണ്ടും വീണ്ടും ഉരുവിട്ട് മനപാഠമാക്കുന്ന രീതിയായിരുന്നു. ജ്ഞാനം നേടിയിരുന്നത് കേൾവിമൂലവും പ്രവൃത്തികൾ മൂലവുമായിരുന്നു. തലമുറകളിലൂടെ ഈ അറിവുകൾ , ജീവിത ചരിതങ്ങൾ, കടന്നുപോകുമ്പോൾ അവ കഥകളാവുകയും അതിൽ അസംഭവ്യതകൾ ഐതിഹ്യങ്ങളായും അതിശയോക്തികളായും വിഷയങ്ങളായി കടന്നുകൂടുകയും അചിരേണ അവയെല്ലാം ചിലപ്പോൾ വിവാദങ്ങളിലേക്കു നയിക്കുകയും ചെയ്യാറുണ്ട്.

(തുടരും)

# മഴമേഘങ്ങൾ

പത്മജ മേനോൻ : ഫോൺ : 8289887472

അമ്മേ............അമ്മേ ഒന്ന് ഉണർന്നേ എന്തൊരു ഉറക്കമായിത്. സമയം എത്രയായി എന്ന വല്ല നിശ്ചയവുമുണ്ടോ........? അമ്മയുടെ പുന്നാരമോൻ ഇന്നലെ വന്നില്ലേ ....... ? ശ്വാസം വിടാതെ ഓരോന്ന് ചോദിച്ചുകൊണ്ട് അവൾ അമ്മയെ തൊട്ടുണർത്തി. അടച്ചിട്ട ജാലകങ്ങൾ എല്ലാം തുറന്നു മഴമേഘങ്ങൾ മൂടിക്കെട്ടിയ അംബരത്തിൽ മേഘച്ചീളുകൾക്കിടയിലൂടെ എത്തി നോക്കുന്ന പാതി മറഞ്ഞ സൂര്യൻ.

അമ്മ തന്നെനോക്കി ചിരിച്ചു കിടന്നുകൊണ്ട് ചോദിച്ചു. നീ എന്താ ഇത്ര രാവിലെ തന്നെ വന്നോ....? പിന്നെ വരാതെ, എന്റെ ജോലി സമയം തുടങ്ങി കഴിഞ്ഞു. ഒരു ഇഞ്ചക്ഷൻ ഉണ്ട്. അത് കഴിഞ്ഞാൽ ഫ്രഷ് ആയതിനുശേഷം അമ്മ വല്ലതും കഴിച്ചുകൊള്ളൂ. മകൻ ഭക്ഷണം വാങ്ങിക്കുവാൻ പോയിരിക്കുകയാണോ......... ? അതെ അവന് ബുദ്ധിമുട്ടായി എന്റെ ഈ അസുഖം. ഒന്നും സാരമില്ല അമ്മേ, എല്ലാം ശരിയാകും. ഞാൻ പിന്നെ വരാം എന്ന് പറഞ്ഞ് അവൾ പോയി.

വർഷങ്ങളായി ഒരു പാട് രോഗികളെ കാണുന്നുണ്ടെങ്കിലും ഈ പാർവ്വതി അമ്മയോട് വല്ലാത്തൊരിഷ്ടം തോന്നുകയാണ്. ഞാനറിയാതെ അമ്മയോട് തന്റെ മനസ്സ് തുറക്കാറുണ്ട്. വാർഡിലെ ജോലികൾ എല്ലാം കഴിഞ്ഞപ്പോൾ അവൾ കണ്ണടച്ച് ഇരുന്നു. അമ്മയ്ക്കുള്ള മരുന്ന് വാങ്ങിക്കണം, മോളെ ഡോക്ടറെ കാണിക്കണം. ഈ മാസം ഒരു പാട് ചിലവുകൾ ഉണ്ട് എല്ലാം നല്ലപോലെ നടത്തിത്തരേണമേ..........മഹാദേവാ...........എന്താ സിസ്റ്ററേ ഉറങ്ങുകയാണോ എന്ന് ചോദിച്ചുകൊണ്ട് സിസ്റ്റർ ശ്യാമള അരികിലേക്ക് വന്നു. വെറുതെ ഓരോന്ന് ആലോചിച്ച് ഇരുന്നതാണ്. കുറച്ചു കഴിഞ്ഞപ്പോൾ മോള് സ്കൂളിൽ നിന്ന് എത്തി. ജോലി സമയം കഴിഞ്ഞപ്പോൾ മോളെയും കൊണ്ട് വീട്ടിലേക്കു തിരിച്ചു. അമ്മ കാത്തിരിപ്പുണ്ട്. ജോലിയെല്ലാം ചെയ്ത് കഴിഞ്ഞിരിക്കുന്നു. പതിവുപോലെ കാര്യങ്ങൾ എല്ലാം ചെയ്ത് ഉറങ്ങാൻ കിടന്നു. നിശബ്ദത തളം കെട്ടിയ വീട്ടിൽ മച്ചിൻപുറത്ത് നിന്ന് നരിച്ചീറുകളുടെ ചിറകടി ശബ്ദം മാത്രം കേൾക്കുന്നുണ്ട്. മോള് ഉറങ്ങി കഴിഞ്ഞു. അവൾക്ക് എല്ലാം ഭയമാണ് . അവളുടെ ജീവിതത്തിൽ എന്തോ പറ്റിയിട്ടുണ്ട്. കൊച്ചു കുട്ടിയല്ലേ അവൾക്ക് അത് പറയാൻ കഴിയുന്നില്ല.

പിറ്റേന്ന് ലീവ് എടുത്ത് മോളെയും കൊണ്ട് ഹോസ്പിറ്റലിൽ പോയി. ഡോക്ടർ പരിശോധിച്ച ശേഷം പറഞ്ഞു. കുട്ടിയെ ഭയപ്പെടുത്തുന്ന ഒരു സംഭവം ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. അതാണ് എല്ലാറ്റിനോടും ഭയം. കുറച്ചു കഴിയുമ്പോൾ മാറ്റം ഉണ്ടാവും. വരുന്ന വഴിയിൽ ജോലി ചെയ്യുന്ന ഹോസ്പിറ്റലിൽ കയറി പാർവ്വതി അമ്മയെ കണ്ടു. മോൾക്കും അമ്മയെ ഇഷ്ടമാണ്. അമ്മ ഒത്തിരി കഥകൾ മോൾക്ക് പറഞ്ഞ് കൊടുക്കാറുണ്ട്. ഞങ്ങൾ സംസാരിച്ച് ഇരിക്കുമ്പോളാണ് വാതിൽ തുറന്നുകൊണ്ട് അയാൾ കടന്നു വന്നത്. തന്നെ കണ്ട അയാൾ ഞെട്ടിപോയി . വാതിലിൽ പിടിച്ച് അനങ്ങാതെ നിന്നു. അമ്മ പറഞ്ഞു മോനെ നീ കണ്ടിട്ടില്ലല്ലോ. ഇതാണ് ഞാൻ പറയാറുള്ള ശ്വേതമോളും അമ്മയും. ഇത് എന്റെ മോനാണ് 'ചന്ദ്രചൂഡൻ' എന്ന് എന്നോട് പറഞ്ഞു. എന്നാൽ ശരി അമ്മയും മോനും സംസാരിക്കൂ. ഞങ്ങൾ ഇറങ്ങട്ടെ എന്ന് പറഞ്ഞ് പെട്ടെന്ന് ഇറങ്ങി അയാൾ തന്നെത്തന്നെ നോക്കുന്നുണ്ടായിരുന്നു. അടുത്ത ദിവസം അമ്മയുടെ അടുത്തേക്ക് പോകുവാൻ ഒരു വിമുഖത തോന്നി. പക്ഷേ പോയല്ലേ പറ്റൂ. തന്റെ ജോലി അല്ലേ........അല്ലെങ്കിലും തന്റെ വികാരങ്ങൾ എല്ലാം എന്നോ നഷ്ടപ്പെട്ട് കഴിഞ്ഞല്ലോ.... പ്രസന്നവതിയായി തന്നെ പാർവ്വതി അമ്മയുടെ അടുത്ത് എത്തി. മോളെ ഒരു കാര്യം ചോദിക്കണം എന്ന് വിചാരിക്കും, പിന്നെ മറന്നു പോകും. ചോദിച്ചോളൂ പെട്ടെന്ന് ഇനിയും മറക്കണ്ട. അതെയ് മോൾക്ക് എന്താ ഇങ്ങനെയൊരു പേര് ഇട്ടത്. അശാന്തി എന്ന്? ആവോ. ഞാൻ പിന്നെ വരാം എന്ന് പറഞ്ഞ് തിരിഞ്ഞപ്പോൾ അയാൾ വീണ്ടും വാതിക്കൽ നില്ക്കുന്നു. നില്ക്കൂ- ആനന്ദം എന്നു മുതലാണ് അശാന്തി ആയത് എന്ന് ചോദിച്ചുകൊണ്ട് അടുത്തേയ്ക്ക് വന്നു. മോനേ നിനക്ക് ഇവളെ അറിയുമോ ? ഉവ്വ്, വിവാഹം മുടങ്ങിപ്പോയ 'ആനന്ദം' – അയ്യോ മോളെ ആനന്ദം നിന്നെ എനിക്ക് മനസ്സിലായില്ലല്ലോ. അച്ഛൻ മരിച്ച് ഒരു വർഷം തികയാത്തത് കാരണം





വിവാഹനിശ്ചയച്ചടങ്ങ് നടത്തിയില്ലല്ലോ... ഫോട്ടോ മാത്രമാണ് കണ്ടിട്ടുള്ളത്. എന്തിനാ മോള് വിവാഹം വേണ്ടാന്ന് പറഞ്ഞത്. നിങ്ങൾക്ക് ഇഷ്ടപ്പെട്ടിട്ടല്ലേ വിവാഹം ഉറപ്പിച്ചത്.... ? എന്നിട്ട് എന്തിനാണ് നീ എന്റെ മകനോട് ഇങ്ങനെ ചെയ്തത്......? ഇപ്പോൾ നിനക്ക് ഭർത്താവും, മോളും ഒക്കെയായി എന്റെ മകൻ ഇപ്പോഴും............

വികാര വിക്ഷോഭത്താൽ അവൾ കിതക്കുന്നുണ്ടായിരുന്നു. വിധി വീണ്ടും എനിക്ക് എതിരായി പ്രവൃത്തിച്ചിരിക്കുന്നു. അവൾ പറഞ്ഞു അമ്മ വിശ്വസിച്ചാലും, ഇല്ലെങ്കിലും ഞാനല്ല നിങ്ങളുടെ മകനെ ഉപേക്ഷിച്ചത്. അമ്മയുടെ മകൻ തന്നെയാണ്. അയാൾ 'അതെ' എന്നർത്ഥത്തിൽ തലയാട്ടുന്നുണ്ടായിരുന്നു. അമ്മയ്ക്ക് അറിയോ.....ജീവിതത്തിന്റെ നിർണ്ണായക ഘട്ടത്തിൽ വിവാഹം ഉറപ്പിച്ച പുരുഷൻ വഴിമാറിപോയപ്പോൾ ഞാൻ അനുഭവിച്ച വ്യഥ. ഞാൻ വിവാഹം കഴിച്ചിട്ടില്ല. ശ്വേതമോൾ എന്റെ മകളുമല്ല. ഒരു സുപ്രഭാതത്തിൽ ന്യൂസിലാന്റിൽ ആയിരുന്ന ചേച്ചി മരിച്ചു. ഒരു ന്യൂസിലാന്റ്ക്കാരനെ തന്നെയായിരുന്നു ചേച്ചി വിവാഹം ചെയ്തിരുന്നത്. കുറച്ചു ദിവസങ്ങൾക്കുള്ളിൽ തന്നെ ചേച്ചിയുടെ ഭർത്താവിന്റെ സുഹൃത്ത് മോളെയും കൂട്ടി ഇവിടെ എത്തി. ആക്സിഡന്റ് ആയിരുന്നു എന്നാണ് പറയുന്നത്. മോളെയും കുറച്ച് പണവും ഏല്പിച്ച് സുഹൃത്ത് യാത്ര പറഞ്ഞു പോയി. ഈ നിമിഷം വരെയും ചേച്ചിയുടെ ഭർത്താവ് മോളെ ഒന്നന്വേഷിച്ചിട്ടില്ല. മാത്രമല്ല ചേച്ചിയുടെയും ഭർത്താവിന്റെയും ഫോട്ടോ കാണിക്കുമ്പോൾ മോൾ ഭയന്ന് വിറയ്ക്കും. എന്തൊക്കെയോ ദുരൂഹതകൾ ഉണ്ട് മരണത്തിൽ. ജീവിച്ചിരിക്കുന്നവരെ നോക്കുവാൻ ഞാൻ പാട് പെടുകയാണ്. പിന്നെ മരിച്ചവരുടെ പിന്നാലെ മരണം അന്വേഷിച്ച് പോകാൻ എനിക്ക് കഴിയില്ലല്ലോ............

എന്നെ ഏറെ വേദനിപ്പിച്ചത് ഇയാളുടെ അവഗണനയാണ്. ഫോൺ ചെയ്യുമ്പോൾ കട്ട് ചെയ്യുമായിരുന്നു. പിന്നെ നമ്പർ മാറ്റി. പ്രതീക്ഷാനിർഭരയായി ഞാൻ ഓരോ ദിനവും തള്ളി നീക്കും ഇന്ന് വരും, നാളെ വരും എന്ന് വിശ്വസിച്ച് ഉറങ്ങാത്ത രാവിൽ എന്റെ കണ്ണുനീർ കാളിന്ദിയായത് ഒന്നും നിങ്ങൾ അറിഞ്ഞില്ല. ഉത്കണ്ഠ ഉണ്ടായിരുന്നു. എന്തിന് എന്നെ ഉപേക്ഷിച്ചത് എന്ന് അറിയാൻ – ഒടുവിൽ ഞാൻ തന്നെ ഉത്തരം കണ്ടെത്തി. പ്രശ്നങ്ങളുടെ നടുവിലുള്ള ഈ പെണ്ണിനെ അയാൾക്ക് വേണ്ടായിരിക്കുമെന്ന്. അമ്മ ചോദിച്ചില്ലേ എന്തിനാ അശാന്തി എന്ന് പേരിട്ടത് എന്ന്. എന്റെ അമ്മയും ഞാൻ സന്തോഷവതിയായിരിക്കണം എന്ന് വിശ്വസിച്ച് ആനന്ദം എന്നു തന്നെയാണ് പേരിട്ടത്. വേദനകൾ മാത്രം നിറഞ്ഞ എന്റെ ജീവിതത്തിൽ മറ്റുള്ളവർ എന്നെ ആനന്ദം എന്ന് വിളിക്കുന്നത് എന്നെ നോക്കി കൊഞ്ഞനം കുത്തുന്നതുപോലെ എനിക്ക് തോന്നി. ആനന്ദം എന്ന പേരിനോട് ഞാൻ ഒട്ടും നീതി പുലർത്തുന്നില്ല. അതുകൊണ്ട് തന്നെയാണ് എനിക്ക് യോജിച്ച 'അശാന്തി' എന്ന പേര് ഞാൻ ഗസറ്റിൽ കൊടുത്തത്. അമ്മ പറഞ്ഞു- എന്തിനാ മോനെ നീ ഇവളോട് ഇങ്ങനെ പെരുമാറിയത്. ആരെയും മോഹിപ്പിക്കരുത് , മോഹിപ്പിച്ചാൽ അവരെ ഉപേക്ഷിക്കരുത് എന്നല്ലേ ഞാൻ നിന്നെ പഠിപ്പിച്ചിട്ടുള്ളത്. തെറ്റ് പറ്റിപോയി ആനന്ദത്തിന് എന്നോട് ക്ഷമിച്ചുകൂടെ........ എനിക്ക് പറയാൻ ഒരവസരം തന്നുകൂടെ. എനിക്ക് ഒന്നും കേൾക്കണ്ട . എന്തൊക്കെ ന്യായീകരണങ്ങൾ നിരത്തിയാലും തെറ്റ് ശരിയാവില്ല ഒരിക്കലും.....തെറ്റ് പറ്റി പോയത്രെ......എത്ര ലാഘവത്തെടെയാണ് നിങ്ങൾ അത് പറഞ്ഞത്. സ്വപ്നം കാണാൻ പഠിപ്പിച്ച നിങ്ങളെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല, പക്ഷേ ഒരിക്കൽ പോലും ഞാൻ നിങ്ങളെ ഓർക്കാറില്ല. അമ്മ പറഞ്ഞു – എല്ലാം മറക്കാൻ കഴിയുക ഒരനുഗ്രഹമാണ്, മോള് അത് ചെയ്യണം. ഇല്ല, അമ്മേ– വിഷാദരോഗത്തിന് അടിമപ്പെട്ട ഒരമ്മയും, ഭയന്ന് വിറക്കുന്ന ഒരു മകളും എനിക്ക് ഉണ്ട് .അവർക്ക് ഞാനല്ലാതെ മറ്റാരും ഇല്ല. ഒരുപാട് ചപലതകളും ചഞ്ചല ചിത്തനുമായ ഈ ചന്ദ്രചൂഡനെ എനിക്ക് വിശ്വാസമില്ല. ബന്ധങ്ങൾ നമ്മൾക്ക് സമ്മാനിക്കുന്നത് ഓരോ പാഠങ്ങൾ ആണ്. ഇനിയും എനിക്ക് തെറ്റ് പറ്റിക്കൂടാ.....ഇനി ഒരിക്കൽ കൂടി ഒരു പരീക്ഷണത്തിന് ഞാൻ തയ്യാറുമല്ല മനസ്സിൽ ഒരല്പം മനുഷ്യത്വം ഉണ്ടെങ്കിൽ നിങ്ങൾ ഇനി എന്നെ കാണാൻ ശ്രമിക്കരുത് എന്ന് പറഞ്ഞ് അവൾ ശരം കണക്കെ അവിടെ നിന്ന് ഇറങ്ങി പോയി.

നിറഞ്ഞ കണ്ണുകളോടെ വിങ്ങിപ്പൊട്ടി നില്ക്കുന്ന മകന്റെ തോളിൽ കൈവെച്ച് കൊണ്ട് അമ്മ പറഞ്ഞു ഞാൻ ഒന്നു കൂടെ പറഞ്ഞാൽ അവൾ അനുസരിക്കും . അവൾ നല്ല പെണ്ണാ..... വേണ്ട അമ്മേ....അവൾ ചെയ്തതാണ് ശരി. അമ്മയുടെ മകൻ അത്ര വിശുദ്ധനൊന്നുമല്ല. പല പെണ്ണുങ്ങളും എന്റെ ജീവിതത്തിലൂടെ കടന്നു പോയിട്ടുണ്ടെങ്കിലും ഇവളാണ് പെണ്ണ്. മറ്റേതെല്ലാം വെറും ശവങ്ങളായിരുന്നു. ആ സ്ത്രീത്വത്തിനു മുന്നിൽ പിടിച്ച് നില്ക്കുവാനുള്ള പൗരുഷം ഈ അമ്മയുടെ മകന് ഇല്ല. അന്ന് ഒരു ആക്സിഡന്റ് എനിക്ക് ഉണ്ടായില്ലേ.

അതിൽ എനിക്ക് നഷ്ടപ്പെട്ടത് എന്റെ പൗരുഷമായിരുന്നു. അവൾക്ക് നല്ലൊരു ജീവിതം ഉണ്ടാകട്ടെ എന്ന് കരുതിയാ ഞാൻ.........നമ്മൾക്ക് നമ്മൾ മാത്രം മതി എന്ന് പറഞ്ഞ് അമ്മയെ കെട്ടിപ്പിടിച്ച് അവർ പൊട്ടിക്കരഞ്ഞു.

എല്ലാം മറന്നതായിരുന്നു. വീണ്ടും ഓർമ്മപ്പെടുത്താനായി ഒരു കണ്ടുമുട്ടൽ വേണ്ടായിരുന്നു. മോളുടെ അസുഖത്തിന് കാര്യമായ കുറവുകൾ ഒന്നും ഉണ്ടായില്ല. തന്റേതായ ലോകത്ത് ഒതുങ്ങി നാളുകൾ കടന്നുപോയി. ഒരു ദിവസം മോളുടെ പിറന്നാളിന് അവളെയും, അമ്മയെയും കൂട്ടി ക്ഷേത്രത്തിൽ പോയപ്പോഴാണ് വീണ്ടും ഒരു കൂടിക്കാഴ്ചയ്ക്ക് അവസരമുണ്ടായത്. ചന്ദ്രചൂഢന്റെ അമ്മ അവിടെ വന്നിരിക്കുന്നു. അമ്മയെ കണ്ടപ്പോൾ എന്തെന്നില്ലാത്ത സന്തോഷം തോന്നി. മോള് കഥ മുത്തശ്ശി എന്ന് പറഞ്ഞ് മടിയിൽ കയറിയിരുന്നു.

അമ്മ ചന്ദ്രചൂഢന്റെ ജീവിതത്തിൽ ഉണ്ടായ കാര്യങ്ങളെല്ലാം പറഞ്ഞപ്പോൾ നാളുകൾക്കുശേഷം അറിയാതെ പോയ വിവരങ്ങൾ എല്ലാം അറിഞ്ഞപ്പോൾ ഉള്ളിലുണ്ടായ വിദ്വേഷങ്ങൾ എല്ലാം മഞ്ഞുപോലെ ഉരുകി പോയി. മഴമേഘങ്ങൾ പെയ്തൊഴിഞ്ഞ ജീവിതത്തിൽ ....... അശാന്തിയുടെയും ചന്ദ്രചൂഢന്റെയും വിവാഹമാണിന്ന്. രണ്ട് അമ്മയും ഒരു മകളുമായി അവർ പുതിയൊരു ജീവിതത്തിലേക്ക് കാല് കുത്തുകയാണ്. മോളെ ..... ഇനി ആനന്ദം എന്ന പേരിലേക്ക് തിരിച്ച് വരാമല്ലോ..... എന്ന് അമ്മ വിളിച്ച് പറയുന്നുണ്ടായിരുന്നു. സന്ധ്യാംബരത്തിലെ ചുവന്ന രാശിയെക്കാൾ അവളുടെ വദനം ചുവന്നിരുന്നു. വിധുവദനയായ അവളുടെ കൈയ്യും പിടിച്ച് നടക്കുമ്പോൾ നന്മയുടെ നിലവിളക്കുകൾ ചുറ്റും പ്രകാശപൂരിതമായിരുന്നു.

## ക്ഷേത്രവും തന്ത്രിയും

**(ശേഷം 43-ാം പേജിൽ നിന്ന് തുടർച്ച)**

നമസ്കാരമണ്ഡപം സ്ഥിതിചെയ്യുന്നു. പുരോഹിതന്മാർക്കും ബ്രാഹ്മണർക്കും നമസ്കാരത്തിനും മന്ത്രജപത്തിനും ഉത്സവത്തോടനു ബന്ധിച്ചുള്ള കലശങ്ങൾക്കും മറ്റുമായാണ് ഈ മണ്ഡപം. അന്തർമണ്ഡപത്തിലെ പ്രദക്ഷിണപഥത്തിനു പുറത്താണ് നാലമ്പലം അഥവാ ചുറ്റമ്പലം സ്ഥിതിചെയ്യുന്നത്. തിടപ്പള്ളി, കലവറ എന്നിവ ഇതിന്റെ ഭാഗങ്ങളാണ്. കൂത്ത്, പാഠകം തുടങ്ങിയ ക്ഷേത്രകലകൾ അവതരിപ്പിക്കുന്നതിനുള്ള മണ്ഡപങ്ങൾ ചുറ്റമ്പലത്തിന്റെ ഭാഗമായി പ്രവേശനദ്വാരത്തിന് ഇരുവശവും സജ്ജീകരിച്ചിരിക്കും. പുറത്തെ ബലിവട്ടത്തിന്റെ ഭാഗങ്ങളാണ് വലിയ ബലിക്കൽപ്പുര, ധ്വജസ്തംഭം, പുറത്തെ പ്രദക്ഷിണവീഥി, ക്ഷേത്രപാലകൻ, കൂത്തമ്പലം, ഉപദേവതകൾ തുടങ്ങിയവ. വലിയ ബലിക്കല്ലും പുറത്തെ ബലിവട്ടവും ദേവന്റെ അരക്കെട്ടായി കരുതി വരുന്നു. ഗർഭഗൃഹം ശിരസ്സായും, ബലിവട്ടം മുഖമായും, നമസ്കാരമണ്ഡപം ഗളമായും, നാലമ്പലം കൈകാലുകളായും, പ്രദക്ഷിണവഴി കുക്ഷിസ്ഥാനമായും, പുറംമതിൽ മുട്ടുകളായും, ഗോപുരം ദേവപാദങ്ങളായും, ഭാരതം സങ്കൽപിച്ചിരിക്കുന്നു. ഷഡാധാര ബിംബകല്പനകളായ ആധാരശില, നിധികുംഭം , അഷ്ടദളപത്മം, കൂർമ്മം, യോഗനാളം, നപുംസകശില എന്നിവ സൂക്ഷ്മശരീരത്തിലെ മൂലാധാരം, സ്വാധിഷ്ഠാനചക്രം, മണിപൂരകം, അനാഹതചക്രം, വിശുദ്ധിചക്രം, ആജ്ഞാചക്രം ഇവയെ പ്രതിനിധീകരിക്കുന്നു.

ബലിക്കൽപ്പുരയ്ക്കും ആനക്കൊട്ടിലിനുമിടയ്ക്കാണ് കൊടിമരം സ്ഥിതി ചെയ്യുന്നത്. ഇത് ദേവന്റെ സൂക്ഷ്മശരീരത്തിലെ കുണ്ഡലിനീശക്തിയുടെ പ്രതീകമാണ്. ധ്വജത്തിന്റെ ആധാരശില മൂലാധാരത്തെയും അഗ്രം സഹസ്രാരപത്മത്തെയും പ്രതിനിധാനം ചെയ്യുന്നു. ചെമ്പ്, ഓട് തുടങ്ങിയ ലോഹങ്ങൾകൊണ്ടും സ്വർണം, വെള്ളി തുടങ്ങിയവ പൂശിയും ധ്വജം നിർമ്മിക്കാറുണ്ട്. കൊടിമരത്തിന്റെ ലംബാകാരഭാഗം 'പറ' എന്നും, ഇടയ്ക്കിടെയുള്ള അരഞ്ഞാണക്കെട്ടുകൾ 'വെങ്ങയം' എന്നും അറിയപ്പെടുന്നു. ഒരു കൊടിമരത്തിന് കണക്കുപ്രകാരം ഒമ്പത് അംഗങ്ങളാണുള്ളത്. അവ കൃഷ്ണശിലയിൽ തീർത്ത പഞ്ചവർഗ്ഗത്തറയായ വേദിക, അഷ്ടദിക്പാലകരെ പ്രതിഷ്ഠിക്കുന്ന മൂലപത്മം, പറയും വെങ്ങയവുമടങ്ങിയ സ്തൂപം, ദണ്ഡുപറ അഥവാ മാലസ്ഥാനം, ലശുനം മണിക്കുടം അഥവാ കുംഭം, മലർത്തു പത്മം, ചതുർമണികൾ തൂക്കുന്ന മണിപ്പലക, ഭഗവത് വാഹന പ്രതിഷ്ഠകൾക്കായുള്ള വീരകാണ്ഡം എന്നിവയാണ്. ശിവന് കാള, ഭഗവതിക്ക് സിംഹം, വിഷ്ണുവിന് ഗരുഡൻ, ഗണപതിക്ക് മൂഷികൻ, സുബ്രഹ്മമണ്യന് മയിൽ, അയ്യപ്പന് കുതിര, ഭദ്രകാളിക്ക് വേതാളം എന്നിവയാണ് വാഹനങ്ങൾ.

(തുടരും)





# നമ്മുടെ ഗതാഗതം

**വി.കെ. വേണുഗോപാൽ. ഫോൺ : 9287349876**

